Reg: No: M. 2689—32. പേജ് 12 ഒററപ്രതി വില 2 ണ. License No: 427 Dated 14-8—1943

# മലയാളരാജ്യം

പുസ്തകം ൧൭ { കൊല്ലം, ൧൯൪൪ ഡിസംബർ ൧൧-ാംനു-യ്ക്കു ൧൧൨൦ വൃശ്ചികം ൨൬-ാംനു തിങ്കളാഴ്ച } ലക്കം ൧൪൯

## സത്യമോ വ്യാജമോ?

—o—

പാരിസ്, ഡിസം: ൯—മുൻപു സ്പാനിഷ് റിപ്പബ്ളിക്കൻ മന്ത്രിയായിരുന്ന മി: ഗെൽമാറ ഇന്നു റായിട്ടരോടിപ്രകാരം പ്രസ്താവിച്ചു - ജനറൽ ഫ്രാങ്കോ രാജിവച്ചെന്നു് എനിക്കു മുൻപു ലഭിച്ചവാർത്തയെ സ്ഥിരീകരിച്ചുകൊണ്ടു് മാഡ്രിഡിൽനിന്നു എനിയ്ക്കു ഇന്നു വാർത്ത ലഭിക്കയുണ്ടായി. സ്പെയിനിൽ ഇതു സംബന്ധിച്ചുള്ള വാർത്തകൾ നിരോധിച്ചിരിക്കയാണു്. എന്നാൽ സ്പാനിഷ് ജനത ഈ വാർത്ത അൾജിയേഴ്സ് റേഡിയോയിൽനിന്നു ഗ്രഹിച്ചു. ജനങ്ങളുടെയിടയിൽ വലുതായ ക്ഷോഭമുണ്ടു് രാജ്യത്തു ശാന്തത നിലവിലിരിക്കുന്നു. തന്റെ സുഹൃത്തുമായി ടെലഫോൺവഴി സമ്പർക്കം പുലർത്താൻ മുന്നറിയിപ്പു ലഭിക്കുന്ന ഏതൊരവസരത്തിലും സ്പാനിഷ് അതിർത്തിയിലേയ്ക്കു നീങ്ങാമെന്നു മാറ പ്രതിക്ഷിയ്ക്കുന്നു. തന്റെ മന്ത്രിമാരിൽ 4 പേർ രാജിവച്ചശേഷം ഒരു സൈനികഗവമെന്റു് രൂപീകരിയ്ക്കാൻ ജന. ഫ്രാങ്കോ ശ്രമിച്ചെന്നും എന്നാൽ അദ്ദേഹത്തിന്റെ ജനറലന്മാർ പിൻതുണ നൽകിയില്ലെന്നും അതേതുടർന്നു് അദ്ദേഹം രാജിസമർപ്പിച്ചുഎന്നുമാറമാണു് മാറ പ്രസ്താവിക്കുന്നതു്. (റായിട്ടർ)

—o—

## യു.എസ്.വൈസ്കാൺസൽ തിരുവനന്തപുരത്തു്

—o—

തിരുവനന്തപുരം, ഡിസം 10—ഇൻഡ്യയിലെ യുണൈറെഡ്സ്റ്റേറ്റ്സ് വൈസ്കാൺസൽ മി: റ. എൽ. തഴ്സ്ടൺ തന്റെ ദക്ഷിണദേശസഞ്ചാരത്തിനിടയിൽ ഇവിടെ എത്തയിരിക്കുന്നു. ഇവിടെ കാച്ചുനാളത്തെതാമസമുണ്ടായിരിക്കും.

## ആതെൻസിൽ ഉഗ്രയുദ്ധം തുടരുന്നു

ആതെൻസു്, ഡിസം: 10—വിപ്ലവകാരികൾ പല ഡിസ്ട്രിക്ടുകളിലും ചന്ദ്രികയിൽ ആക്രമണങ്ങൾ നടത്തിയവേളയിൽ വീണ്ടും സമരം നടന്നു. 25 റാത്തൽ തൂക്കമുള്ള ഉണ്ടകൾ പായിക്കുന്ന പീരങ്കികൾ വിപ്ലവകാരികളെ ആക്രമിച്ചുകൊണ്ടിരുന്നു ആയുധം വയ്ക്കാനുള്ള ഗ്രീക്ക് ഗവമ്മെന്റിന്റെ പരമശാസനത്തിന്റെ കാലാവധി അവസാനിക്കാൻ 12 മണിക്കൂർ മാത്രമേ ഉള്ളു. എന്നാൽ ഇതിലാസ്ന ഗ്രീക്ക് പ്രധാനമന്ത്രി പാപ്പൻഡ്രോ രാജിവയ്ക്കുംവരെ പോർ തുടരുന്നതാന്നു നിശ്ചയിച്ചിരിക്കുന്നു. —റായിട്ടർ

—o—

# മണിക്കൂറിൽ 3000 മൈൽ പറക്കുന്ന ജർമ്മൻ വി-2

## ഔദ്യോഗികമായ കൂടുതൽവിവരങ്ങൾ

ലണ്ടൻ, ഡി: 8 ദക്ഷിണഇംഗ്ലണ്ടിന്റെനേർക്കു് ഇപ്പോൾ പ്രയോഗിക്കപ്പെടുന്ന ജർമ്മൻ വി-2 രഹസ്യായുധം മണിക്കൂറിൽ 3000 മൈൽവീതം സഞ്ചരിക്കുന്നു 2000 പവണ്ടു സ്ഫോടകദ്രവ്യങ്ങളെ അതു വഹിക്കുന്നു.

ഈ ആയുധത്തെപ്പററിയുള്ള ആദ്യത്തെ ഔദ്യോഗികവിവരണം നൽകിക്കൊണ്ടു വിമാനവകുപ്പു ഇന്നു രാത്രിയിൽ പ്രസ്താവിച്ചതിപ്രകാരമാണു്. വാണത്തിനു ഉദ്ദേശം 12 ടൺ തൂക്കം വരും. ഇപ്പോൾ അതു പ്രയോഗിക്കപ്പെടുന്നതു ഇരുന്നൂറുമൈൽ വ്യാപ്തികളിലാണു്. ഹാളൻഡിൽനിന്നാണു് ഇതിന്റെ പ്രയോഗമെന്നു വിചാരിക്കപ്പെടുന്നു. ഇംഗ്ലണ്ടിലെത്തുവാൻ വേണ്ട സമയം 5 മിനിട്ടാണു്. ഒരു റാക്കററിനു 46 അടി നീളവും അഞ്ചര അടി വ്യാസവും വരും. മുൻവശത്തു കൂർത്ത മൂക്കുപോലെ മുനയും പിൻവശത്തു നാലു ചിറകുകളും ഉണ്ടു്.

റാക്കററുകളുടെ വേഗത ശബ്ദത്തിന്റെ വേഗതയേയും അതിശയിക്കുന്നു. ശബ്ദം സഞ്ചരിക്കുന്നതിലെത്രയോ കൂടുതൽ വേഗത്തിൽ അവ സഞ്ചരിക്കുന്നു. തൽഫലമായി അവ ചെന്നെത്തിപ്പൊട്ടിത്തെറിപ്പു സംഭവിച്ചതിനു ശേഷമാണു് അവയുടെ അന്തരീക്ഷസഞ്ചാരത്തിന്റെ മുഴക്കം ചെവികളിൽ പതിയുന്നതു്. ശബ്ദം എത്തുന്നതിനു മുമ്പു റാക്കററു എത്തുന്നു എന്നു സാരം. ഇടിമുഴക്കം പോലൊരുശബ്ദം പൊട്ടിത്തെറിയ്ക്കലിനുശേഷം കേൾക്കാവുന്നതു് അതു നിർവ്വഹിച്ച സഞ്ചാരത്തിന്റെ ശബ്ദമാണു് അവ വഹിച്ചുകൊണ്ടുപോകുന്ന സ്ഫോടനദ്രവ്യത്തിന്റെ ഭാരം പറക്കും ബാംബു വഹിക്കുന്നതിനു തുല്യമാണു് നാശത്തിന്റെ അളവും ഏറെക്കുറെ തുല്യമാകുന്നു.

വിമാനവകുപ്പിന്റെ പ്രസ്താവന ഇങ്ങനെ തുടരുന്നു: വി-2. പരിണതാവസ്ഥ പ്രാപിക്കുന്നതിനുമുമ്പുതന്നെ അതിനെ വിനിയോഗിച്ചുതുടങ്ങുവാൻ ജർമ്മൻകാർ നിർബന്ധതരായിത്തീർന്നതിനു ധാരാളം തെളിവുണ്ടു്. അതിന്റെ പ്രഹരസൂക്ഷ്മത ഇപ്പോഴും അതു വമ്പിച്ച അളവിൽ എത്തിയിട്ടില്ല എവിടെയാണു വി-2 യഥാർത്ഥത്തിൽ വന്നു വീഴുന്നതെന്നു വസ്തുത ജർമ്മൻകാർ അറിയാനിടവരാത്തവിധത്തിൽ രഹസ്യമായി വച്ചിരിക്കയാണു്. റാക്കററിലെ യന്ത്രങ്ങളിലോ മററുവിധത്തിലോ സംസ്ഥാക്രിയകൾകൊണ്ടു പിശകുകൾ പരിഹരിക്കാനുള്ള അവസരം ജർമ്മൻകാർക്കു ലഭിക്കാതിരിക്കുവാനാണു് ഈവിധത്തിൽ അതു രഹസ്യമാക്കിവച്ചിരിക്കുന്നതു്. വി-2 വന്റെ സംവിധാനവും നിർമ്മാണവും ശാസ്ത്രവിജ്ഞാനപ്രയോഗത്തിന്റെ അവിതർക്കിതമായ ഒരു വമ്പിച്ച നേട്ടംതന്നെയെങ്കിലും ഇപ്പോൾ അതിന്റെ സമരപരമായ പ്രയോജനം അത്യന്തം സംശയഗ്രസ്തമാണു്

പ്രയോഗകേന്ദ്രത്തിലേക്കുള്ള റാക്കററുകളുടെസപ്ലൈ സമ്പ്രദായത്തെ ബ്രിട്ടീഷുവിമാനങ്ങളുടെ റെയിൽവേതരണപരിപാടിനിമിത്തം വളരെ വളരെ കുറഞ്ഞിരിക്കണം റാക്കററിന്റെ നാസാഭാഗമാണു സമരപ്രയോജനകരമായ ദ്രവ്യത്തെ വഹിക്കുന്നതു് അതിന്റെ പിന്നിൽ രണ്ടു വലിയ എണ്ണ അറകളാണു് ഈ ഇന്ധനവസ്തുവിൽനിന്നാണു് റാക്കററിന്റെ സഞ്ചാരശക്തി മുഴുവൻ സമ്പാദിക്കപ്പെടുന്നതു്. അതു കത്തുന്നതിനു ബാഹ്യാന്തരീക്ഷത്തിൽനിന്നുള്ള വായുവിന്റെ സഹായം ആവശ്യമില്ല തൻമൂലം വായുരഹിതമണ്ഡലങ്ങളിലും അതിനു നിഷ്പ്രയാസം പറക്കാൻ സാധിക്കുന്നു

വാണങ്ങൾ അവയുടെ അഭിസന്ധാനപദ്ധതികളിൽ ലംബമാനമായി നിൽക്കുമ്പോൾ കുറെ ദൂരത്തുനിന്നുള്ള വൈദ്യുതപ്രയോഗത്തിൽ ഈ ഇന്ധനവസ്തുവിനു തീകൊളുത്തുന്നതോടുകൂടി പ്രയോഗക്രിയ പൂർണ്ണമാകുന്നു. കുത്തനെ മേല്പോട്ടു പൊങ്ങി അവ സഞ്ചാരം ആരംഭിക്കുന്നു ഒരു യന്ത്രപ്രവർത്തനത്താൽ ഗതിയ്ക്കു ഒരു വളവു നൽകുന്നതോടെ ഒരു [illegible] വൃത്തപഥത്തിൽ അതു പായുകയുംതറയിൽനിന്നു 60-ൽപരംമൈൽ മുകളിൽ എത്തുന്നതോടുകൂടെ വെടിയുണ്ടയുടെ സഞ്ചാരവീഥിയ്ക്കൊപ്പമായ വിഷമരേഖയിൽക്കൂടി ഗതി തുടരുകയും ചെയ്യുന്നു താണിവരുമ്പോൾ അവയുടെ വേഗതയ്ക്കു വായുവിന്റെ തടസ്സം നിമിത്തം ഒരു തന്മ്യേന കുറവു സംഭവിക്കയും ഉരസൽകൊണ്ടു 'ചുട്ടുപഴുത്തു്' അവയ്ക്കു ഒരു ഇളംചുവപ്പുനിറം വന്നുകൂടുകയും ചെയ്യുന്നു

## വി-ബാംബുകൾ തെക്കേഇംഗ്ലണ്ടിൽ

ലണ്ടൻ, ഡിസംബർ 10—ഇന്നു കാലത്തു അവസാനിച്ച 24 മണിക്കൂറിനകത്തു ജർമ്മൻകർ കൂടുതൽ വി-ബാംബുകൾ തെക്കേഇംഗ്ലണ്ടിന്റെ നേർക്കു പ്രയോഗിച്ചു [illegible] ളും അളപാരവും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടു്. (റായിട്ടർ)

—o—

# ഒപ്പുവച്ചു

—o—

## റഷ്യയും ഫ്രാൻസും തമ്മിൽ കരാർ

മാസ്കോ, ഡിസം: 10 സഖ്യവും പരസ്പരസഹായവും കരാർ ചെയ്തുകൊണ്ടുള്ള ഒരുടമ്പടി ഇന്നലെ റഷ്യയും ഫ്രാൻസും ഒപ്പുവച്ചിരിക്കുന്നു. പൂർണ്ണരൂപത്തിൽ ഈ ഉടമ്പടി താമസിയാതെ പ്രസിദ്ധംചെയ്യുന്നതാണു്. ജനറൽ ഡിഗാളും മാർഷൽ സ്റ്റാലിനും നടത്തിയ സംഭാഷണങ്ങളെ തുടന്നാണു് ഈ കരാർ ഉണ്ടായിട്ടുള്ളതു്. ഇന്നലെ രാത്രി മാസ്കോ റേഡിയോ പ്രസ്തുത സംഭാഷണങ്ങളുടെ ഒരു അവലോകനം നടത്തുകയുണ്ടായി. സംഭാഷണങ്ങളിൽ ചർച്ച ചെയ്യപ്പെട്ട പ്രശ്നങ്ങളിൽ തുടൻറുള്ള സമരനിർവ്വഹണം, സമാധാനസ്ഥാപനകാര്യം എന്നിവയും പ്രത്യേകിച്ചും ജർമ്മൻ പ്രശ്നവും ഉൾപ്പെട്ടിരുന്നു. രണ്ടു ഗവമ്മെന്റുകളുടെയും വീക്ഷണഗതി യോജിച്ചിരുന്നു. ഗാഢസഹകരണത്തിനു രണ്ടു ഗവമ്മെന്റിനും ആത്മാർത്ഥമോഹമുണ്ടു് പുതിയ ആക്രമണങ്ങളിൽനിന്നു യൂറോപ്പിനെ സുരക്ഷിതമാക്കാനുള്ള സകല നടപടികളും ഒരുമിച്ചുചേർന്നു നിർവ്വഹിക്കുവാനുള്ള തങ്ങളുടെ [illegible] രണ്ടു ഗവമ്മെന്റുകളും ആവർത്തിച്ചുറപ്പിച്ചു

## സർ സി.പി.രാമസ്വാമി അയ്യർ അധ്യക്ഷതവഹിക്കുന്നില്ല

—o—

### കാൺപൂരിലെ വിദ്യാഭ്യാസ കാൺഫറൻസിൽ

(എ.പി.ഐ)

തിരുവനന്തപുരം ഡിസം. 10—ചില പത്രങ്ങൾ പ്രസിദ്ധംചെയ്തുകാണുന്നതുപോലെ ഡിസംബർ ഒടുവിൽ കാൺപൂർ വിദ്യാഭ്യാസകാൺഫറൻസിൽ ദിവാൻ സചിവോത്തമ സർ സി. പി. രാമസ്വാമി അയ്യർ അവർകൾ അധ്യക്ഷതവഹിക്കുന്നില്ലെന്നു അധികൃതമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

## ലെയിററിയൽ

ലണ്ടൻ ഡിസം. 10—ലെയിററിയുടെ പടിഞ്ഞാറെക്കരയിലുള്ള ഓർമാക്കിന്റെ പ്രാന്തങ്ങളിൽ 77-ാമതു അമേരിക്കൻവിഭാഗത്തിലെ സേനകൾ പ്രവേശിച്ചതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു (റായിട്ടർ)

## ചെമ്പട ബുഡപ്പെസ്റ്റിനു ൧൧ മൈലടുത്തു

ലണ്ടൻ, ഡിസം. 10 റഷ്യൻസേന ബുഡപ്പെസ്റ്റിനു രണ്ടുവശത്തുമുള്ള ജർമ്മൻ നിരപിളർന്നു ചെമ്പട ഇപ്പോൾ പ്രസ്തുത നഗരത്തിനു 11 മൈൽ സമീപമെത്തിയിരിക്കുന്നു. —റായിട്ടർ

# സ്തംഭാഗ്രങ്ങളിൽ വാണ സന്ന്യാസിമാർ

(എ. ഷാഹുൽഹമീദ് വക്കം)

മതത്തിനുവേണ്ടി മനുഷ്യർ മഹാസങ്കടങ്ങൾ സഹിച്ചിട്ടുണ്ടു്. അളവില്ലാത്ത കഷ്ടനഷ്ടങ്ങൾ അനുഭവിച്ചിട്ടുണ്ടു്. വലിയ ത്യാഗങ്ങളും വമ്പിച്ച ഔദാര്യങ്ങളും ചെയ്തിട്ടുണ്ടു്. നാടും വീടും വിട്ടു കാടുകേറീട്ടും ഉണ്ടു്. ഇതെല്ലാം ഭാരതീയരായ നമ്മളെ സംബന്ധിച്ചിടത്തോളം വലിയ വിശേഷങ്ങളല്ല. എന്നാൽ ഉന്നതങ്ങളായ സ്തംഭങ്ങളുടെ മേൽ വാണരുളിയിരുന്ന ഒരുവക സന്ന്യാസിമാരുണ്ടായിരുന്നതു നമ്മിൽ അധികംപേരും അറിഞ്ഞിരിക്കാനിടയില്ലെന്നാണു തോന്നുന്നതു്.

സ്തംഭാഗ്രങ്ങളിൽ തപസ്സുചെയ്ത എല്ലാസന്ന്യാസിമാരും ക്രിസ്തുമതക്കാരാണു്. സെയിൻറ്സൈമൺ എന്ന പരമഭക്തനാണു ഇവരിൽ പ്രഥമഗണനീയൻ. ഇദ്ദേഹത്തിൻെറ ദിവ്യശക്തികളേയും മോക്ഷത്തിനുവേണ്ടി ഇദ്ദേഹമനുഭവിച്ച ഘോരദുരിതങ്ങളേയും പരാമർശിച്ചു ആംഗ്ലേയമഹാകവിയായ ടെനിസൻ ഒരു ലഘുകാവ്യം എഴുതിയിട്ടുണ്ടു്.

ക്രിസ്ത്വാബ്ദം നാലാംശതകത്തിൻെറ അന്ത്യഘട്ടത്തിൽ സിറിയായിൽ സെയിൻറ്സൈമൺ ജാതനായി. ബാല്യത്തിൽതന്നെ അദ്ദേഹത്തിൻെറ മനസ്സു ഭക്തിമാർഗ്ഗത്തിലേക്കു തിരിഞ്ഞു. അതുകൊണ്ടു പ്രായപൂർത്തി എത്തുന്നതിനുമുമ്പേ അദ്ദേഹം അന്തോക്യായിലെ ക്രിസ്തീയസന്ന്യാസിമാരുടെ ആശ്രമത്തിൽ ഒരംഗമായിച്ചേർന്നു. ആശ്രമത്തിലെ കുടുസ്സായ ഒരു മുറിയിൽ പത്തുവത്സരക്കാലം അദ്ദേഹം ഒരേ ഇരിപ്പിൽ ധ്യാനനിരതനായി കഴിഞ്ഞുകൂടിയെന്നു പറയപ്പെട്ടിരിക്കുന്നു.

അദ്ദേഹത്തിൻെറ നിഷ്കളങ്കമായ ത്യാഗശീലവും നിസ്തുലമായ സന്മാർഗ്ഗനിഷ്ഠയും ധീരമായ മതവൈരാഗ്യവും കൂട്ടുസന്ന്യാസിമാരുടെ അസൂയയ്ക്കും അസുഖത്തിനും കാരണങ്ങളായി. തൻമൂലം മുപ്പതാമത്തെ വയസ്സിൽ അവർ അദ്ദേഹത്തെ ആശ്രമത്തിൽ നിന്നും പുറന്തള്ളി.

ഇതുകൊണ്ടദ്ദേഹം അധൈര്യപ്പെട്ടില്ല. മതവിശ്വാസത്താൽ പാറപോലെ ഉറച്ച അദ്ദേഹത്തിൻെറ ഹൃദയം ഒന്നുകൊണ്ടും കുലുങ്ങുന്ന തരത്തിലുള്ളതല്ലായിരുന്നു. മോക്ഷത്തിനുവേണ്ടി എന്തുത്യാഗവുംചെയ്യാനും ഏതു കഷ്ടവും സഹിക്കാനും ഒരുങ്ങിയിറങ്ങിയ ഈ സന്ന്യാസിവര്യൻ സ്തംഭാഗ്രത്തിൽ തപസ്സുചെയ്യുകയെന്ന ഒരു പുതിയ സമ്പ്രദായം തുടങ്ങി.

ഈ ആവശ്യത്തിനു ഒന്നാമതു നിർമ്മിച്ച സ്തംഭത്തിനു ആറടിപൊക്കവും മൂന്നടി വ്യാസവും മാത്രമേ ഉണ്ടായിരുന്നുള്ളു. അതിന്മേൽ അദ്ദേഹം കാററും വെയിലുംകൊണ്ടും മഞ്ഞും മഴയുമേററും സദാ ധ്യാനനിരതനായി ഒരു വത്സരം കഴിച്ചു. അടുത്ത ആണ്ടിൽ കുറച്ചുകൂടി ഉയരമുള്ള മറെറാരു സ്തംഭത്തിലേയ്ക്കു അദ്ദേഹം തൻെറ ആസ്ഥാനംമാററി. പിന്നീടു കൂടുതൽ കൂടുതൽ ഉയരമുള്ള സ്തംഭങ്ങളിലേയ്ക്കു അനുവത്സരം മാറിക്കൊണ്ടിരുന്നു. അങ്ങനെ അവസാനം അറുപതടി പൊക്കമുള്ള ഒരു മഹാസ്തംഭത്തിന്മേലായി അദ്ദേഹത്തിൻെറ ആവാസം. പിന്നീടദ്ദേഹം ജീവിച്ചിരുന്ന മുപ്പതു ദീർഘവത്സരങ്ങൾ അതിൻെറമുകളിൽതന്നെ കഴിച്ചുകൂട്ടി; ഒരു പ്രാവശ്യം പോലും നിലത്തു ചവുട്ടുകയുണ്ടായിട്ടില്ല. ഭക്ഷണപാനീയങ്ങൾ ശിഷ്യന്മാർ കയറുമാർഗ്ഗേണയാണു അയച്ചുകൊടുത്തുകൊണ്ടിരുന്നതു്.

ഈ അത്യുന്നതസ്ഥാനത്തിരുന്നുകൊണ്ടു സൈമൺ ചുററുംകൂടാറുള്ള തീർത്ഥയാത്രക്കാരോടു് പ്രസംഗിക്കയും ശിഷ്യഗണങ്ങൾക്കു് ഉപദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും അദ്ദേഹത്തെ സന്ദർശിക്കാൻ വന്നുകൊണ്ടിരുന്ന ജനങ്ങൾക്കു് ഒരു കയ്യുംകണക്കുമുണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ ദിവ്യശക്തികളെ സംബന്ധിച്ച കഥകൾ നാനാരാജ്യങ്ങളിലും പരന്നു. എന്തത്ഭുതവും പ്രവർത്തിയ്ക്കാനുള്ള ദിവ്യശക്തി അദ്ദേഹത്തിനുണ്ടെന്നു് ജാതിമതഭേദമെന്യേ സകലരും വിശ്വസിച്ചു. ആകാശത്തിനും ഭൂമിയ്ക്കും മദ്ധ്യേയുള്ള അദ്ദേഹത്തിൻെറ ഗംഭീരമായ ഇരിപ്പുകാണുമ്പോൾതന്നെ സകലരും ഭയഭക്തിബഹുമാനാദരങ്ങൾക്കു വിധേയരായിപ്പോകയായിരുന്നു പതിവു്. അവിടെയിരുന്നുകൊണ്ടു അദ്ദേഹംചെയ്തിരുന്ന ദിവ്യോപദേശങ്ങൾ ഏതു ശിലാഹൃദയനെയും മാനസാന്തരപ്പെടുത്തുവാൻ പര്യാപ്തങ്ങളായിരുന്നുവത്രേ. തീയോടറററു് എന്ന ചരിത്രകാരനു് അദ്ദേഹത്തെ നേരിട്ടു പരിചയിയ്ക്കാനും അദ്ദേഹത്തെ സംബന്ധിച്ച അനേകം അത്ഭുതകഥകൾ രേഖപ്പെടുത്താനും കഴിഞ്ഞിട്ടുണ്ടു്.

സൈമണോടുകൂടി ഈ സ്തംഭാഗ്രസന്ന്യാസവൃത്തി പല ഭക്തന്മാരും സ്വീകരിച്ചു. സ്തംഭാഗ്രങ്ങളിലെ ഇവരുടെ ഇരിപ്പു ലോകജീവിതത്തിൽ ഇവർക്കുവന്ന വിരക്തിയുടെ അടയാളമായി വ്യാഖ്യാനിയ്ക്കപ്പെട്ടു. ശീതോഷ്ണാവസ്ഥയെ ലേശവും കൂസാതെ ആകാശത്തിനും ഭൂമിക്കുംമദ്ധ്യേ ഇരുന്നുകൊണ്ടു ലോകജീവിതത്തിൻെറ നിസ്സാരതയെക്കുറിച്ചു ചുററും കൂടിയവരെ ഒക്കെ അവർ ഉൽബോധിപ്പിച്ചു. അറേബ്യായിലെ രാജ്ഞിയും അബ്സീനിയായിലെ രാജാവും റോമാചക്രവർത്തിയും പാരസികസമ്രാട്ടും എല്ലാം ഇവരുടെ ദിവ്യശക്തിയെ വകവച്ചുകൊടുത്തതായി സുപ്രസിദ്ധചരിത്രകാരനായ ഗിബ്ബൺ റോമാസാമ്രാജ്യത്തിൻെറ അധഃപതനവും നാശവും എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

സൈമൻെറ ശിഷ്യന്മാരിൽ പ്രധാനി കാൺസ്റ്റാൻറിനോപ്പിളിലെ ഡാനിയലായിരുന്നു. ഗുരുവിൻേറതിൽനിന്നും കൂടുതൽ ദുരിതപൂരിതമായിരുന്നു ശിഷ്യൻെറ ജീവിതം. ബാസ്ഫറസ്സ്തീരത്തെ അത്യസഹ്യമായ ശീതോഷ്ണസ്ഥിതിയാണിതിനു പ്രധാന കാരണം. അവിടെ പണിചെയ്തിരുന്ന ഒരു മഹോന്നതസ്തംഭത്തിൻെറ മുകളിൽനിന്നും ഒരിക്കൽപോലും താഴത്തിറങ്ങാതെ മുപ്പത്തിമൂന്നുവത്സരം ഡാനിയൽ തപോവൃത്തി അനുഷ്ഠിച്ചു.

ഡാനിയലിനുശേഷം അനേകായിരം സ്തംഭാഗ്രസന്ന്യാസിമാരുണ്ടായിട്ടുണ്ടു്. അക്കാലത്തു ഏഷ്യയിൽ ഇവരെ ഏററവും ബഹുമാന്യന്മാരായിട്ടാണു എല്ലാവരും കരുതിപ്പോന്നതു്. എന്നാൽ യൂറോപ്പിൽ ഇവരുടെ സമ്പ്രദായത്തിനു അത്ര പ്രചാരമുണ്ടായില്ല. യൂറോപ്യനായ ഒരൊററ സ്തംഭാഗ്രസിദ്ധൻ വൂൾഫ്ളാഷ്യസ്സായിരുന്നു. ക്രിസ്ത്വാബ്ദം അഞ്ഞൂററിഎൺപത്തഞ്ചിൽ അദ്ദേഹം ട്രീവസിനു സമീപം ഒരു സ്തംഭം നിർമ്മിച്ചു അതിന്മേൽ കയറി തപസ്സു തുടങ്ങി. ഇതു അവിടത്തെ ക്രിസ്തീയ പുരോഹിതന്മാരെ ക്ഷോഭിപ്പിച്ചു. ഈ സമ്പ്രദായം യഥാർത്ഥ ക്രിസ്തീയസിദ്ധാന്തങ്ങൾക്കു വിരുദ്ധമാണെന്നു പറഞ്ഞു അവർ വൂൾഫ്ളാഷ്യസിൻെറ തപസ്സ് ബലംപ്രയോഗിച്ചു മുടക്കുകയും സ്തംഭം തകർത്തുകളകയും ചെയ്തു.

പതിനാറാംനൂററാണ്ടിൻെറ അവസാനംവരെ ഈ സ്തംഭാഗ്രസന്ന്യാസിമാരുണ്ടായിരുന്നു എന്നുള്ളതിനു ലക്ഷ്യങ്ങളുണ്ടു്. അതിൽപിന്നേ എന്തോ സംഗതിവശാൽ അവരുടെ സിദ്ധാന്തത്തിനുടവുതട്ടുകയും അതുമൂലം അവർ ലോകരംഗത്തുനിന്നു അപ്രത്യക്ഷരാകാൻ ഇടവരുകയും ചെയ്തിരിക്കണമെന്നാണു ഊഹിക്കപ്പെടുന്നതു്.

—o—




ശിശുവിനു് സ്വാഭാവികമായിത്തന്നെ അവൻെറ ചങ്ങാതിയെ അറിയാം.

വുഡ്‌വേർഡ്സ് ഗ്രൈപ്പ്‌വാട്ടർ.

WOODWARD'S
GRIPE WATER
*keeps baby well*

"പാമ്പുകളോടു ശിശുവിൻെറ സമരം" ഇതാണു് യഥാർത്ഥ വുഡ്‌വേർഡ്സ് ഗ്രൈപ്പ്‌വാട്ടറിനുള്ള അടയാളം. അതുകൊണ്ടു്; അമ്മേ! നിങ്ങളുടെ കുട്ടിയുടെ രക്ഷയ്ക്കുവേണ്ടി ഈ അടയാളം പ്രത്യേകം നോക്കുക. നിങ്ങളുടെ വ്യാപാരിയോടു് ആവശ്യപ്പെടുക.

I-WW. 110—117 ML. W. WOODWARD LTD., LONDON, ENGLAND

മഹത്തായ 3-ാംവാരം

കൊല്ലം ബേബിടാക്കീസിൽ

എം. കെ. ത്യാഗരാജഭാഗവതർ, നംഗയ്യം കണ്ണാംബ, കൃഷ്ണൻ, മധുരം മുതലായവർ

അഭിനയിച്ച

അശോകകുമാർ

എന്ന ചിത്രം പ്രദർശിപ്പിക്കുന്നു.

## പരസ്യം

നാഗരുകോവിൽ ജില്ലാകോടതിയിൽ 1104-സി 11-ാംനമ്പരിൽ റിസീവർ തിരുവനന്തപുരം ശ്രീവരാഹത്തു് തലക്കുളത്തമ്മവീട്ടിൽ കണക്കുതമ്പി ചെമ്പകരാമൻ ശ്രീകൃഷ്ണൻതമ്പി പരമേശ്വരൻതമ്പി ടി കേസ്സിലെ തറവാട്ടംഗങ്ങളായ പ്രതികളേയും പൊതുജനങ്ങളേയും അറിയിക്കുന്നതു്.

ടി നമ്പർ അന്യായപ്പട്ടികയിലുൾപ്പെട്ടതും എൻെറ കൈവശഭരണത്തിലിരിക്കുന്നതുമായ നെയ്യാററിൻകരതാലൂക്കിൽ നേമംപകുതിയിൽ വെള്ളായണിയിൽ തുച്ഛക്രവട്ടത്തു സർവേ [illegible]64/1-ൽ 33-ഏക്കർ 56 സെൻറുള്ള കുളങ്ങരക്കരി പുഞ്ചനിലം ഇക്കൊല്ലത്തെ (1120-ാമാണ്ടത്തെ) പുഞ്ചകൃഷിക്കു് 1120 ധനു 4-ാംതീയതി പകൽ 3-മണിക്കു ടി നിലത്തിൻെറകരയ്ക്കുവച്ചു പാട്ടം ലേലം ചെയ്തുകൊടുക്കുന്നതാണു്. പാട്ടത്തിനു് ലേലത്തിൽ വിളികേൾക്കുന്നവർ മുൻപതിവും വ്യവസ്ഥകളനുസരിച്ചു പാട്ടച്ചീട്ടു എഴുതിത്തരേണ്ടതും പാട്ടംകൊടുക്കുന്നവിഷയത്തിൽ പാട്ടത്തിനു് ഏൽക്കുന്ന ആളിൻെറ യോഗ്യതകൂടി പരിഗണിക്കുന്നതും പാട്ടം സ്ഥിരപ്പെടുത്തുന്നതു് കോർട്ടനുവാദത്തോടുകൂടിയും ആണെന്നുള്ള വിവരവുംകൂടെ തെര്യപ്പെടുത്തിക്കൊള്ളുന്നു.

എന്നു് റിസീവർ
ശ്രീകൃഷ്ണൻതമ്പി പരമേശ്വരൻതമ്പി
(ഒപ്പു്)
തിരുവനന്തപുരം 24-4-1120

# * സോവിയററുസാഹിത്യം

(കെ. പി. ജി. നമ്പൂതിരി)

1917-ലെ വിപ്ലവത്തിനുശേഷം റഷ്യയിലെ ജനങ്ങൾ വളർത്തിക്കൊണ്ടുവന്ന സാഹിത്യമാണു സോവിയററുസാഹിത്യം. പഴയ റഷ്യൻസാഹിത്യത്തിൽനിന്നും മററു രാജ്യങ്ങളിൽ കാണുന്ന സാഹിത്യങ്ങളിൽനിന്നും അതു വ്യത്യസ്തമായും വേർതിരിഞ്ഞും നിൽക്കുന്നു. സോഷ്യലിസത്തിനുവേണ്ടിയുള്ള ദേശീയസമരത്തിൽനിന്നു പുതിയ ജീവൻ കൈക്കൊണ്ടിട്ടുള്ള ഈ സാഹിത്യം, ആ സമരത്തിലെ ധീരയോദ്ധാക്കളേയും അവരുടെ ആവേശങ്ങളേയും വിശാലാവലോകനത്തേയും ചിത്രീകരിക്കുന്നു.

നമ്മുടെ നൂററാണ്ടിന്റെ ആരംഭത്തിൽ റഷ്യൻജനങ്ങൾക്കിടയിലുണ്ടായ ഈ വിപ്ലവപരമായ ആവേശത്തിന്റേയും പരിവർത്തനശക്തിയുടേയും പുരോഗമനത്തിന്നു പ്രകടനം നൽകിയ ഒന്നാമത്തെസാഹിത്യകാരൻ മാക്സിം ഗോർക്കി (1868 1936) ആണു്.

ക്ലാസിക്ക് റഷ്യൻസാഹിത്യവും സോവിയററുകാലഘട്ടത്തിലുണ്ടായ പുതിയ സാഹിത്യവുംതമ്മിലുള്ള സജീവമായ കണ്ണിയാണു് ഗോർക്കി. തന്റെ നിരവധി നോവലുകളിൽ അദ്ദേഹം, പഴയ സാറിസ്റ്റ്റഷ്യയിലെ സമുദായഘടനയുടെ താഴ്ന്ന പടിയിൽ ജീവിക്കുന്നവരുടേയും, കച്ചവടക്കാർ, ബുദ്ധിജീവികൾ (Intellectual) തുടങ്ങിയവരുടേയും യഥാർത്ഥജീവിതത്തിന്റെ ഒരു വിശാലമായ ചിത്രം വായനക്കാരന്നു നൽകുന്നു. "അമ്മ" എന്ന അദ്ദേഹത്തിന്റെ സുപ്രസിദ്ധ നോവലിൽ, പുരോഗമനപരമായ പൊതുപ്രവർത്തനം എങ്ങിനെ ഒരു വ്യക്തിയെ ആത്മീയമായി ഉയർത്തുന്നുവെന്നു കാണിച്ചിരിക്കുന്നു. നേരേമറിച്ചു പുരോഗമനപരമായ ജനാധിപത്യപ്രസ്ഥാനത്തിന്റെനേർക്കു കാപട്യം കൈക്കൊള്ളുന്ന ഒരു വ്യക്തി ധാർമ്മികമായി എത്രമാത്രം അധഃപതിക്കുമെന്നു് 'ക്ലിം സാംജിൻ' എന്ന അദ്ദേഹത്തിന്റെ മറെറാരു നോവൽ ചിത്രീകരിക്കുന്നു.

അചിരേണ ഗോർക്കിയുടെ ക്രിയാത്മകമായ ആശയങ്ങൾ ഒരു പടികൂടി ഉയർന്നു് സോവിയററുസാഹിത്യത്തിലെത്തിച്ചേർന്നു. ഈ സാഹിത്യം ആഭ്യന്തരയുദ്ധകാലഘട്ടത്തിന്റെ (1918 20) പല വശങ്ങളേയും പരാമർശിക്കുന്നു; പട്ടണവാസികളും ഗ്രാമീണരുമായ അനേകകോടി ജനങ്ങളുടെ അദ്ധ്വാനഫലമായി വളർന്നുവന്ന വമ്പിച്ച വ്യാവസായികനിർമ്മാണകാലഘട്ടത്തെ മുഴുവനുമുൾക്കൊള്ളുന്നു. കഴിഞ്ഞ 25 കൊല്ലങ്ങൾക്കിടയിൽ വമ്പിച്ച വേഗതയോടുകൂടി വളർന്നുവന്ന ഈ സംഭവങ്ങളെല്ലാമാണു് നിരവധി സോവിയററുസാഹിത്യകാരന്മാരുടെ കഥാവിഷയം. ഈ കഥാവസ്തുക്കളും ആശയങ്ങളും സാഹിത്യകാരന്മാരുടെ ഒരു വലിയ തലമുറയ്ക്കു ആവേശം നൽകിയിട്ടുണ്ടു്. വി. മയക്കോബ്സ്കി, എ. ടോൾസ്റ്റോയി, എം. ഷൊളക്കോവ്, എ. ഫദയേവ്, എം. സോഷെങ്കോ, വി. ഇവാനോവ്, എൻ. ലിയോണോവ്, എൻ. ഒസ്ട്രോവ്സ്കി, എൽ. സൊബലേവ്, ഐ. എഹ്റൻബർഗ്ഗ്, എൻ. പൊഗോഡിൻ എന്നിവരും മററനേകംപേരും ഈ തലമുറയിൽ ഉൾപ്പെടുന്നു.

വ്ളാഡിമർ മയക്കോവ്സ്കി (1893—1930) സോഷ്യലിസത്തിനുവേണ്ടിയുള്ള ദൈനംദിനസമരത്തിൽ പങ്കെടുക്കുന്ന ഒരാളുടെ ആവേശങ്ങളെ ഉൾക്കൊള്ളുന്ന ഒരു പുതിയതരം ഗാനരീതിയുടെ ഉപജ്ഞാതാവാണു്.

മയക്കോവ്സ്കിക്കു പുറമേ സോവിയററു കവിതാശാഖയ്ക്കു അഭിമാനിക്കാവുന്ന മററനേകം കവികളുണ്ടു്. ആഭ്യന്തരയുദ്ധകാലത്തെ സംബന്ധിക്കുന്ന ഒരു പ്രശസ്തകവിതയുടെ കർത്താവാണു് ഇ. ബഗ്രിററ്സ്കി. ഇദ്ദേഹം 1934-ൽ മൃതിയടഞ്ഞു. മാഞ്ഞുകൊണ്ടിരിക്കുന്ന റഷ്യൻ ഗ്രാമീണസംസ്കാരത്തെ മനോഹരമായ ഗാനങ്ങളിൽ പകർത്തിയ മറെറാരു കവിയാണു് എസ്സ്. യെസനിൻ. ലളിതഗാനങ്ങളെഴുതുന്നതിൽ വിദഗ്ദ്ധനായ ബി. പാസ്റ്റർനാക്കു, മഹാകാവ്യങ്ങളും കാവ്യനാടകങ്ങളും രചിക്കുന്നതിൽ പേരെടുത്ത ഐ. സെൽവിൻസ്കി, "കിറോവ് നമ്മുടെകൂടെയുണ്ടു്" എന്ന കവിതയുടെ കർത്താവും ശക്തിമത്തായ ഒരു തൂലികയുടെ ഉടമസ്ഥനുമായ എൻ. ടിക്കനോവ്, മയക്കോവ്സ്കിയുടെ സ്നേഹിതനും "മയക്കോവ്സ്കി ആരംഭിക്കുന്നു" എന്ന കവിതയുടെ കർത്താവുമായ എൻ. അസിയേവ് എന്നിവരെല്ലാം ഇക്കൂട്ടത്തിൽ പെടുന്നു.

അലക്സി ടാൾസ്റ്റോയി (ജനനം 1883-ൽ) ഇന്നത്തെ സോവിയററു സാഹിത്യകാരന്മാരിൽ ഏററവുമധികം റഷ്യൻ പ്രാതിനിധ്യമുള്ള ആളും ഏററവും നല്ല കലാപുഷ്ടിയുള്ള എഴുത്തുകാരനുമാണു്. അദ്ദേഹത്തിന്റെ "പീററർ ഒന്നാമൻ" എന്ന രണ്ടു വാല്യങ്ങളുള്ള നോവൽ 17-ാംനൂററാണ്ടിന്റെ അവസാനഘട്ടത്തിലുള്ള റഷ്യയുടെ ഒരു യഥാർത്ഥചിത്രം നൽകുന്നു. ഒരനുഗൃഹീത ഭരണപരിഷ്കർത്താവായ പീററർ ഒന്നാമന്റെ ഒരൊന്നാംതരം ചിത്രമാണു് ഈ നോവലിൽനിന്നു വായനക്കാരന്നു കിട്ടുന്നതു്. "ദ്രോഹങ്ങളിൽക്കൂടിയുള്ള തീർത്ഥയാത്ര" എന്ന മൂന്നു വാല്യങ്ങളുള്ള നോവൽ ആഭ്യന്തരയുദ്ധകാലത്തെ റഷ്യൻ ജീവിതത്തിന്റെ വിശാലമായ ഒരു ചിത്രം നൽകുന്നു. ബുദ്ധിജീവികൾ ജനങ്ങളുമായി ഇണങ്ങിയതെങ്ങനെയെന്നു അതിൽ കാണിച്ചിരിക്കുന്നു.

അലെക്സി ടാൾസ്റ്റോയിയുടെ ചരിത്രനോവലുകൾ വളരെവേഗം രൂപമെടുത്തു് സോവിയററുസാഹിത്യത്തിൽ ഉയർന്ന സ്ഥാനമാർജ്ജിച്ചു. ഈ കാലത്തെ ഏററവും മികച്ചുനിൽക്കുന്ന എഴുത്തുകാരിലൊരാളായ എസ്സ്. സെർജയേവ്-ട്സെൻസ്കി (ജനനം 1876-ൽ) 1854-55-ലെ സെവാസ്ററപ്പോൾ യുദ്ധത്തെ വിവരിക്കുന്ന "സെവാസ്ററപ്പോളിന്റെ അഗ്നിപരീക്ഷ" എന്ന മൂന്നു വാല്യങ്ങളുള്ള ഒരു നോവലും "ബ്രൂസിലോവ്വിടവ്," എന്ന മറെറാരു നോവലുംകൊണ്ടു് പ്രശസ്തിനേടി.

മൈക്കൽഷൊളക്കോവ് (ജനനം 1905-ൽ) യുവതലമുറയിലെ ഏററവും മികച്ചുനിൽക്കുന്ന നോവലെഴുത്തുകാരനാണു്. "ഡോൺ ശാന്തമായൊഴുകുന്നു" എന്ന അദ്ദേഹത്തിന്റെ നാലുവാല്യങ്ങളുള്ള നോവലിലെ വർണ്ണനാരീതി ലിയോ ടോൾസ്റ്റോയിയെ അനുസ്മരിപ്പിക്കുന്നു.

ചരിത്രത്തിന്റെ വഴിതിരിയലെന്നു പറയാവുന്ന 1915-20-ലെ യുദ്ധകാലഘട്ടത്തിൽ കൊസാക്കുകാരുടെ ജീവിതത്തെ മനുഷ്യത്വപൂർണ്ണവും മനശ്ശാസ്ത്രപരവുമായ ഒരു ദൃഷ്ടിയോടുകൂടി പഠിച്ചു് അദ്ദേഹം വർണ്ണിച്ചിരിക്കുന്നു.

റഷ്യൻസാഹിത്യം ആധുനികസോവിയററു സാഹിത്യത്തിന്റെ നടുനായകസ്ഥാനമാണു അലങ്കരിക്കുന്നതു്. സോവിയററുഭരണത്തിനുകീഴിൽ നാല്പതിലധികം ദേശീയഭാഷകളിൽ സാഹിത്യം വളർന്നിട്ടുണ്ടു്. ഇവയിൽ മിക്കതും രീതി, കാലം, ഗുണം എന്നിവകൊണ്ടു റഷ്യൻസാഹിത്യത്തിനോടടുത്തുവരുന്ന ഉക്രേനിയൻ, ബൈലോറഷ്യൻ, ജോർജിയൻ, അർമീനിയൻ, അസർബൈജാൻ, ഉസ്ബെക്കു്, കസാക്കു് എന്നീ ജനതകളുടേയും സോവിയററുബാൾട്ടിക്കു റിപ്പബ്ളിക്കുകളിലെ ജനതകളുടേയും സാഹിത്യങ്ങളാണു ഈ പടിയിൽ എത്തിയിട്ടുള്ളതു്.

മററു ജനതകളുടെ സാഹിത്യങ്ങളും അവരുടെ പൊതുവളർച്ചയ്ക്കനുസരിച്ചു ത്വരിതമായി വളർന്നുവരുന്നു. സോവിയററുഭരണത്തിൻകീഴിൽ പല രാഷ്ട്രങ്ങൾക്കും അവയുടെ സ്വന്തം എഴുത്തുഭാഷയും വ്യാകരണവും സിദ്ധിച്ചിട്ടുള്ളതാണു ഇതിന്നു കാരണം. ഉത്തരപ്രദേശങ്ങളിലെ ജനതകളേയും മദ്ധ്യേഷ്യയിലെ നോമാഡിക്കുജനതകളേയും ഇതിന്നു ഉദാഹരണമായെടുക്കാം. വിപ്ലവത്തിനുശേഷം വാങ്മൂലമുള്ള നാടൻസാഹിത്യരീതികളും വളർന്നിട്ടുണ്ടു്. ജംബുൾ എന്ന 95 വയസ്സായ കസാക്കു് ഗായകകവി (bard) ഇന്നു നാടാകെ പ്രശസ്തി നേടിക്കഴിഞ്ഞു.

ജനാധിപത്യപരമായ അടിയൊഴുക്കും ഫാസിസ്റ്റുവിരോധപരമായ ആവേശവുമുൾക്കൊള്ളുന്ന സോവിയററു സാഹിത്യം ജർമ്മനിയുടെ ആക്രമണം വന്നപ്പോൾ അതിനെ നേരിടുവാൻ തികച്ചും സന്നദ്ധമായിരുന്നു. യുദ്ധത്തിന്റെ ആദ്യഘട്ടങ്ങളിൽതന്നെ സാഹിത്യം സോവിററുജനങ്ങളുടെ സഹായിയായിത്തീർന്നു. സ്വാതന്ത്ര്യത്തിന്നും ദേശരക്ഷയ്ക്കുംവേണ്ടിയുള്ള സോവിയററുജനങ്ങളുടെ ധീരസമരത്തെ അതു കീർത്തിച്ചു. ആ സമരത്തിൽ സോവിയററുഭടന്മാർ കാണിക്കുന്ന അന്യാദൃശമായ ധൈര്യത്തേയും ത്യാഗത്തേയും അതു വാഴ്ത്തി. അങ്ങനെ അതു കോടിക്കണക്കിനു ജനങ്ങളെ ആവേശംകൊള്ളിച്ചു.

3000 അംഗങ്ങളുള്ള സോവിയററു സാഹിത്യകാരന്മാരുടെ സംഘത്തിൽനിന്നു തൊള്ളായിരംപേർ മുന്നണിയിലേയ്ക്കു പോയി. ചെമ്പടയിൽ ആഫിസ്സറന്മാരായും യോദ്ധാക്കളായും പട്ടാളപത്രങ്ങളുടെ പ്രവർത്തകന്മാരായും യുദ്ധലേഖകന്മാരായും ചേർന്നു. ഇവരിൽ പലരും പടക്കളത്തിൽ വീരമരണം വരിച്ചു. യുജിൻ പെട്രോവ് എന്ന സുപ്രസിദ്ധസോവിയററുഹാസ്യസാഹിത്യകാരൻ സമരരംഗത്തു ഒരു യുദ്ധലേഖകന്റെ പ്രവൃത്തിക്കിടയിൽ മരണമടഞ്ഞു.

യുദ്ധംതുടങ്ങിയതിനുശേഷം സാഹിത്യജീവിതം കൂടുതൽ വിപുലമായിത്തീർന്നു. ദിനപത്രങ്ങളിൽ ഇതു പ്രതിഫലിക്കാൻതുടങ്ങി. യുവകവിയായ കെ. സിമനോവിന്റെ "റഷ്യൻ ജനങ്ങൾ" എന്ന നാടകം, വാസിലി ഗ്രോസ്മാന്റെ "അനശ്വരജനങ്ങൾ" എന്ന മികച്ച നോവൽ, സ്റ്റാലിൻഗ്രാഡ് യുദ്ധത്തെ സംബന്ധിച്ച ലേഖനങ്ങൾ, എ. കൊർണെയ്ച്ചുക്കിന്റെ 'മുന്നണി' എന്ന നാടകം, വാൻഡാ വസിലെവ്സ്കയുടെ 'മഴവില്ല്', അലക്സി ടാൾസ്റ്റോയിയുടെ ആവേശകരമായ ലേഖനങ്ങൾ, ഇലിയാ എഹ്റൻബർഗ്ഗിന്റെ തൊലിയുരിക്കുന്ന ലഘുപത്രികകൾ—ഇവയെല്ലാം ഏററവും പ്രസിദ്ധപ്പെട്ട വൃത്താന്തപത്രങ്ങളുടെ പേജുകളിൽ പ്രത്യക്ഷപ്പെട്ടു. ഇവയെല്ലാം ജനങ്ങളുടെ സ്വന്തമായിത്തീർന്നു; അവരുടെ സ്വന്തംവിചാരങ്ങളും വികാരങ്ങളുമായിത്തീർന്നു.

ആശയങ്ങളിലും ഭാഷയിലും അടിസ്ഥാനവിഷയങ്ങളിലും സാഹിത്യവും ജനങ്ങളുംതമ്മിലുള്ള തന്മയീഭാവം—ഇതാണു സോവിയററുസാഹിത്യത്തിന്റെ വളർച്ചയ്ക്കടിസ്ഥാനമിട്ടതു്; ഇതിലാണതിന്റെ ഭാവി അന്തർല്ലീനമായിരിക്കുന്നതും.

വഞ്ചിനാട് മാച്ചസ് & ഇൻഡസ്ട്രീസ് ലിമിററഡ്
മുടിക്കൽ, പെരുമ്പാവൂർ.

ഞങ്ങളുടെ എയർ മെയിൽ & ഷാക്ക് തീപ്പെട്ടികൾ അവയുടെ നിസ്തുല്യമായ ഗുണംകൊണ്ടും മിതമായ വിലകൊണ്ടും തിരുവിതാംകൂറിലെന്നു മാത്രമല്ലാ ദക്ഷിണ ഇൻഡ്യയിലെ എല്ലാ പ്രധാനപ്പെട്ട മാർക്കററുകളിലും പ്രശസ്തി സമ്പാദിച്ചിരിക്കുന്ന തിരുവിതാംകൂറിലെ ഏക സ്ഥാപനം

മാനേജിംഗ്ഡയറക്ടർ,
റാവുസാഹിബ് എ. നടേശ അയ്യർ,
സെയിൽസ് മാനേജർ, എം. വി. പത്മനാഭൻ.

ഏജൻസികൾ:
മെസ്സേഴ്സ് 1) എ. കുഞ്ഞുമൈതീൻകുഞ്ഞ്, കൊല്ലം.
2) എം. സെയ്യിദു മുഹമ്മദുകണ്ണ & Sons, തിരുവനന്തപുരം
3) പ്രഭ & Co. ആലപ്പുഴ
4) എം. ഐ. ജോസഫ്, ആലുവാ.
ഡിപ്പോ—കോട്ടയം.

ബാങ്കർചന്ദ്രശേഖരൻ
(ഒരു ഡിറെക്ടീവുനോവൽ)
വില്പനയ്ക്കു തയാറായിരിക്കുന്നു
മാനേജർ,
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

വാഴകുന്നം കൃതികൾ
ഭാഗവതം ഓരോ അദ്ധ്യായവും ഓരോ ഭാഷാശ്ലോകമാക്കി സംഗ്രഹിച്ചതായ
"ലഘുഭാഗവതം ഭാഷ"
വില 1 രൂ. 4 ണ.
വാല്മീകിരാമായണം
ഓരോ സർഗ്ഗവും ഓരോ ഈരടിയാക്കി സംഗ്രഹിച്ചതായ
"രാമകഥാസുധ" വില 1 രൂ.
മാനേജർ, മംഗളോദയം, തൃശ്ശൂർ

ഗ്രന്ഥനിരൂപണം

# അന്തരീക്ഷം

(സി. ജി. മാധവൻപിള്ള)

മി. ജോസഫ് മുണ്ടശ്ശേരി എം. ഏ.-യുടെ ഒരു നല്ല നിരൂപണഗ്രന്ഥമാണിതു് മഹാകവികളായ ഉള്ളൂർ, ആശാൻ, വള്ളത്തോൾ ഇവരുടെ 'കർണ്ണഭൂഷണം', 'ചിന്താവിഷ്ടയായ സീത', 'അച്ഛനും മകളും' എന്ന മൂന്നു കൃതികളെ അധികരിച്ചു എഴുതിയിട്ടുള്ളതു്. ഗ്രന്ഥകർത്താവു് ഇന്നുള്ള കാവ്യാസ്വാദകന്മാരായ നിരൂപകവര്യന്മാരിൽ ഒരുന്നതസ്ഥാനത്തെ അർഹിക്കുന്നുവെന്നു് ഇതു നിസ്സംശയം തെളിയിക്കും. കാവ്യങ്ങളുടെ ഉത്തമനായ ഒരു വിധികർത്താവുകൂടി ആകാൻ, അദ്ദേഹത്തെപ്പോലെ ആ വഴിക്കു വളർന്നിട്ടുള്ളവർ, അഥവാ വളർന്നുവരുന്നവർ നന്നേ ചുരുക്കംപേരേയുള്ളു. വേണ്ട പഠിപ്പും കുശാഗ്രബുദ്ധിയും സഹൃദയത്വവും അദ്ദേഹത്തിനുണ്ടു്. ഇംഗ്ലീഷിലെന്നപോലെ സംസ്കൃതസാഹിത്യത്തിലും മർമ്മജ്ഞനാണു്. പുരാണേതിഹാസങ്ങളിലും ഒരു അപടുവാണെന്നു പുച്ഛിച്ചുതള്ളാൻ ആർക്കും സാധിക്കയില്ല. കണ്ടേടത്തോളം ഹൈന്ദവസംസ്കാരമാണു അധികമുള്ളതു്. നിരൂപണധർമ്മം അതിപാവനമെന്നും ഉത്തരവാദിത്വമുള്ളതെന്നും ബോധമുള്ള ആളാകകൊണ്ടു് അതിനെ വ്യഭിചരിക്കാൻ ഒരിക്കലും അദ്ദേഹം ഒരുങ്ങുമെന്നു വിചാരിക്കാൻ ന്യായമില്ല. എന്നാൽ താൻതന്നെ എങ്ങനെയോ മുമ്പുണ്ടാക്കിയിട്ടുള്ള ചില അഭിപ്രായങ്ങളേയും വിശ്വാസങ്ങളേയും ഒന്നു പുനഃപരിശോധനചെയ്തു നോക്കാൻ സ്വയം പ്രചോദിപ്പിക്കുന്ന ഒരു വിശാലഹൃദയവും സന്നദ്ധതയും ഒരുപക്ഷേ അദ്ദേഹത്തിനില്ലായിരിക്കുമെന്നു സംശയിപ്പിക്കാനും തൻമൂലം ദുഃഖിപ്പിക്കാനും ഇടവരുത്തിയ ചില അഭിപ്രായശകലങ്ങൾ ഈ ഗ്രന്ഥത്തിൽ കണ്ടുമുട്ടാൻ ഇടയായി. അകാരണമായും അയഥാർത്ഥമായും അത്തരം ചില വിശ്വാസവും അഭിപ്രായങ്ങളും സകലമനുഷ്യരിലും ഏറെക്കുറെ കടന്നുകൂടി വേരൂന്നിപ്പോകാറുണ്ടു്. കൂടെക്കൂടെയുള്ള സനിഷ്കർഷങ്ങളായ പുനഃപരിശോധനകൾകൊണ്ടുമാത്രമേ നാം അവയുടെ അടിമത്വത്തിൽനിന്നും വിമോചിതരാകയുള്ളു. മി. മുണ്ടശ്ശേരിയെപ്പോലെ ശേഷിമാനായ ഒരു സാഹിത്യനിരൂപകൻ അങ്ങനെയുള്ള ഒരടിമത്വത്തിൽ പെട്ടുപോയാൽ കൊഴുത്തു വളർന്നുകൊണ്ടിരിക്കുന്ന നമ്മുടെ ഭാഷയ്ക്കും പല ഗ്രന്ഥകാരന്മാർക്കും അതു ഒരു ശനിദശയായിപ്പരിണമിക്കും.

ഉപാർജ്ജിതയശസ്സനായ മി. ഉള്ളൂരിന്റെ കവിയശസ്സിൽ ഒരു നല്ലഭാഗം, മലയാളകവിത ഇന്നത്തെ നിലയിൽ എത്തുന്നതിനുമുമ്പ്, എന്നുവച്ചാൽ, കവിതയിലെ സൂക്ഷ്മാംശത്തെക്കാൾ സ്ഥൂലത്തിനു പ്രാമാണ്യം കുറച്ചു കടന്ന അളവിൽ വകവച്ചുകൊടുത്തിരുന്ന കാലത്തു്— സമ്പാദിച്ചിരുന്നതാണെന്നുള്ളതു ശരിതന്നെ. ഇപ്പോഴും കവിയുടെ നിഷ്കർഷ ഒന്നു കുറഞ്ഞാൽ ആ രീതിയിൽ പരിചയിച്ച കൈയ് ചിലപ്പോഴൊക്കെ പഴയമട്ടിൽതന്നെ പ്രവർത്തിച്ചുപോയെന്നും വരാം. പക്ഷേ 'അന്നുമുണ്ടുകുളമോ' എന്നൊക്കെ ഒരുകാലത്തു് എഴുതിയ ഉള്ളൂരല്ല ഇന്നത്തെ ഉള്ളൂർ. ഇന്നു് അദ്ദേഹത്തിന്റെ കവിതയിലധികവും ഹൃദയാവർജ്ജകങ്ങളാകാറുണ്ടു്. പക്ഷേ ശൈലി മാററത്തക്കതല്ലല്ലോ. ഒരു വ്യാഴവട്ടത്തിൽ അധികമായിരിക്കണം അദ്ദേഹത്തിന്റെ കവിത തികച്ചും നൂതനപന്ഥാവിൽ പ്രവേശിച്ചിട്ടു്. അതിൽപ്പിന്നീടു് അദ്ദേഹം പല നല്ല ഖണ്ഡകാവ്യങ്ങളും രചിച്ചിട്ടുണ്ടു് മുമ്പുള്ളവയിലും ശ്ലാഘാർഹങ്ങളായവ, വിദ്വാന്മാർ മാനിക്കുന്നവ, പലതുമുണ്ടു്. ആശാനേക്കാളും വള്ളത്തോളിനേക്കാളും ചില ചില കാര്യങ്ങളിൽ അദ്ദേഹത്തിനു കുറവുകളുണ്ടെങ്കിൽ മററു ചില കാര്യങ്ങളിൽ അവരിരുവരും അദ്ദേഹത്തിനു വളരെ പുറകിലാണു നിൽക്കുന്നതു്. ഹിരസ്സുകൂടി കുറവുകാണുന്ന മി: മുണ്ടശ്ശേരിയെ ഇതുകൊണ്ടൊക്കെ ഉടനടി വിശ്വസിപ്പിക്കാൻ സാധിക്കുമെന്നു വിചാരിച്ചല്ല ഇത്രയും പ്രകൃതംവിട്ടു് പറഞ്ഞുപോയതു്. എങ്കിലും ഒരു സംഗതി തീർത്തുതന്നെ അഭിപ്രായപ്പെടാൻകഴിയും. മി: മുണ്ടശ്ശേരി മി. ഉള്ളൂരിന്റെ മുമ്പാർത്തമെച്ചങ്ങൾ — പ്രത്യേകതകൾ കണ്ടറിഞ്ഞു ബഹുമാനിക്കയും അവയെച്ചാരിക്കൊണ്ടു അദ്ദേഹത്തിന്റെ നിരൂപണസരിണി നീങ്ങുകയും ചെയ്തിരുന്നെങ്കിൽ അദ്ദേഹം ഇന്നു കാണുന്ന ദോഷങ്ങളിൽ ഒരു നല്ലഭാഗമെങ്കിലും അങ്ങനെയല്ലെന്നു അഭിപ്രായപ്പെടുമായിരുന്നു. മി: എം. ആർ നായർ എം. ഏ. (സഞ്ജയൻ) അങ്ങനെയല്ലേ ഈ കർണ്ണഭൂഷണത്തെത്തന്നെ നിരൂപണംചെയ്തു് ഉൽകൃഷ്ടമെന്നു വിധിയെഴുതിയിട്ടുള്ളതു? അപ്പോൾ മാനദണ്ഡം മാറുമ്പോൾ മുൻപുകിട്ടിയിരുന്ന ഉത്തരം അല്ലെങ്കിൽ വിധിയും മാററി എഴുതേണ്ടിവരും. എന്നാൽ സനാതനങ്ങളായ ചില കാവ്യപരമാർത്ഥങ്ങളുണ്ടു്. മാനദണ്ഡങ്ങളൊന്നുംകൊണ്ടു് അളക്കാൻപാടില്ലാത്തവ. അല്ലെങ്കിൽ അളക്കേണ്ടാത്തവ. സ്വയം പ്രകാശങ്ങളാണവ. ആവകപരമാർത്ഥ, പ്രത്യക്ഷത്തിൽ ധരിക്കാൻകഴിയും. മി. മുണ്ടശ്ശേരിയുടെ നിരൂപണം അങ്ങനെയുള്ളവയിൽ ചിലതെടുത്തുകാണിക്കാൻ പര്യാപ്തമായിട്ടുണ്ടു്. അനവധാനതകൊണ്ടായിരിക്കണം രചനാശില്പത്തിലും അതുപോലെതന്നെ ശൈലിയിലും ചില ദോഷങ്ങളൊക്കെ സംഭവിക്കാൻ ഇടവന്നതു്. ചുഴിഞ്ഞുനോക്കിയാൽ ആരുടെകൃതിയിലും അത്തരംചിലതൊക്കെ കാണാതെ വരുകയില്ല. എന്നാൽ അതൊരു സമാധാനമല്ല. ശ്ലക്ഷ്ണശലാദികൾ അധികമുപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിലും ശില്പോത്കർഷത്തിനു അവ നിദാനങ്ങളായിട്ടില്ലെങ്കിൽ തീർച്ചയായും കവിയ്ക്കു് അതൊരു അപകർഷംതന്നെയാണു്. എന്നാൽ കർണ്ണഭൂഷണംതൽകർത്താവിനു അത്തരമൊരു അപകർഷം വരുത്തുന്നില്ലെന്നാണു ശില്പശാസ്ത്രത്തിൽ അസാധാരണ പ്രാവീണ്യമൊന്നുമില്ലാത്ത അസ്മാദൃശന്മാരുടെ അഭിപ്രായം.

കർണ്ണഭൂഷണത്തിലെ ഇതിവൃത്തം മഹാഭാരതത്തിൽ കൊടുത്തിട്ടുള്ളതിൽനിന്നു ചില വ്യതിയാനങ്ങൾ വരുത്തിയാണു കവി തന്റെ കാവ്യത്തിൽ സ്വീകരിച്ചിരിക്കുന്നതു് അവ മി. മുണ്ടശ്ശേരി ചൂണ്ടിക്കാണിക്കുംപോലെ കവിക്കുതന്നെ പല ദുർഘടങ്ങളും വരുത്തുകയും കർണ്ണനെ തരംതാഴ്ത്തുകയുംചെയ്യാൻ പര്യാപ്തമായി. മൂലത്തിൽ കർണ്ണനു സൂര്യൻ പ്രത്യക്ഷപ്പെടുന്നതു സ്വപ്നത്തിലാണു്. കവചകുണ്ഡലങ്ങൾ അർത്ഥിക്കാൻവരുന്ന ദേവേന്ദ്രനു അവ ദാനംചെയ്തുപോയാൽ ആത്മനാശത്തിനുതന്നെ കാരണമായേക്കുമെന്നു ഉപദേശിക്കുമ്പോഴും അദ്ദേഹം തന്റെ പിതൃത്വം വെളിപ്പെടുത്തുന്നില്ല. സ്വഭാവസ്ഥിരതയുള്ള കർണ്ണന്റെ യുക്തിവാദത്തിൽ സൂര്യൻ മടങ്ങുന്നു. മി. ഉള്ളൂർ ആ സമാഗമം ജാഗ്രദവസ്ഥയിലാക്കി സൂര്യനെക്കൊണ്ടു പിതൃത്വം വെളിപ്പെടുത്തിച്ചു കർണ്ണന്റെ അതിഭാഷണത്തിനു അവസരംകൊടുക്കുന്നു. തൻമൂലം യുക്തിവാദത്തിൽ സൂര്യൻ ഉന്നയിച്ച ഒരു വാദമുഖത്തിനു ശരിയായ മറുപടി പറയാനില്ലാതെ വാഗ്ജാലംകൊണ്ടു അതൊപ്പിക്കാൻ പണിപ്പെടുന്നു. സൂര്യൻ ദർശനംകൊടുക്കുന്നതു സ്വപ്നത്തിലായിരിക്കുകതന്നെയായിരുന്നു സ്വാഭാവികം. പക്ഷേ യുക്തിവാദങ്ങൾ ചെയ്യിക്കാൻ ജാഗ്രത്തിലായാലേ പററൂ. ജാഗ്രത്തിലായതുകൊണ്ടു ഒരു ദുർഘടം കവിക്കു നേരിടുന്നു. സമയം ഉഷസ്സിനു കുറച്ചുമുമ്പെന്നാണു കല്പിച്ചിട്ടുള്ളതു്. ബ്രാഹ്മണവേഷത്തിലും സൂര്യന്റെ തേജസ്സു ബഹിർഗമിക്കാതിരിക്കയില്ലല്ലോ. അതിന്റെ പ്രസ്താവവും സമാഗമംകഴിഞ്ഞു് ഉടനെയുണ്ടാകുന്ന പ്രഭാതവർണ്ണനയും ചിലരെയൊക്കെ സമാഗമം പ്രഭാതത്തിലാണു നടന്നതെന്നു തെററിദ്ധരിപ്പിക്കാൻ ഇടയാക്കിയിട്ടുണ്ടു്. മി. മുണ്ടശ്ശേരിയും ആ കൂട്ടത്തിൽ ഉൾപ്പെടുന്നുവെന്നു തോന്നുന്നു. അതിനിടം ഉണ്ടായതല്ല കാരണം? പിതൃത്വം വെളിപ്പെടുത്തിയതു് അച്ഛന്റെ അപേക്ഷയ്ക്കു ഗൌരവം കൂട്ടുമെന്നും പുത്രൻ അനുസരിക്കാൻ നിർബന്ധിതനായേക്കുമെന്നുമുള്ള ന്യായത്തിന്മേലായിരിക്കണം. ഈ ഒരു ചെറിയ ഉദ്ദേശസാദ്ധ്യത്തിനുവേണ്ടി മാത്രം. കാര്യസാദ്ധ്യം ഉണ്ടാകയില്ലെന്നു അറിയാമായിട്ടും—വ്യാസനെ കവച്ചുകടന്നു് സൂര്യനു അത്ര അഭിമാനകരമല്ലാത്ത ഒരു രഹസ്യം, ഒരു സ്ത്രീയുടെ ചാരിത്രനാശനകഥ, അവളുടെ സമ്മതത്തോടുകൂടിയല്ലാതെ നാൽ പാലത്തിൽക്കൂടി നടക്കുന്ന മട്ടിൽ പറയേണ്ടിയിരുന്നിട്ടും അങ്ങനെ ചെയ്തതു ശരിയായെന്നോ കാവ്യത്തിനു് അതു ആവശ്യമായിരുന്നെന്നോ അഭിപ്രായമുണ്ടാകുന്നില്ല. പോരെങ്കിൽ തക്കതായ സന്ദർഭത്തിൽമാത്രം ആ രഹസ്യം വ്യാസൻ കുന്തിയെക്കൊണ്ടുതന്നെ കർണ്ണനോടു പറയിപ്പിക്കുന്നതിന്റെ അർത്ഥഗൗരവം കവി ആലോചിച്ചിട്ടേയില്ലെന്നും വെളിപ്പെടുന്നു. ദുര്യോധനനോടുള്ള സൗഹൃദം ആ യുക്തിവാദത്തിൽ കുത്തിച്ചെലുത്തി തന്നെത്തന്നെ താഴ്ത്തിട്ടും പ്രയോജനം ഉണ്ടായിരുന്നെന്നോ അതിനാവശ്യമുണ്ടായിരുന്നെന്നോ കാണുന്നില്ല അതുകൊണ്ടുണ്ടായ ദോഷമൊ? കർണ്ണന്റെ ആ ഉററ മിത്രത്തിന്റെ രക്ഷയെ ഉദ്ദേശിച്ചെങ്കിലും അപാത്രദാനംചെയ്തു വീരസ്വർഗ്ഗം പ്രാപിക്കാൻ ഇടവരുത്താതെജീവിച്ചിരുന്നു ആ ഉററ മിത്രത്തെ യുദ്ധത്തിൽ സഹായിക്കുന്നതിനു് ഇന്ദ്രന്റെ അർത്ഥനയെ നിഷേധിക്കണമെന്നു പറഞ്ഞ യുക്തിക്കു് ഉത്തരംമുട്ടി അതുമിതും പറയേണ്ടിവന്നതു് കഥാഘടനയിൽ ഭൂഷണമല്ലെന്നു വ്യക്തമാണു്. ചുരുക്കത്തിൽ "സൂര്യന്റെ യുക്തി കുടുക്കിട്ടു; വലിക്കവെ കർണ്ണന്റെ ന്യായം കുതറി കാലൊടിക്കേണ്ടിവന്നു" എന്നു മി: മുണ്ടശ്ശേരി പറഞ്ഞിട്ടുള്ളതു വളരെ പരമാർത്ഥമാണു്.

ഉല്ലേഖഗായകൻഎന്ന പ്രശസ്തി മി. ഉള്ളൂരിനുള്ളതു വെറും പൊള്ളയാണെന്നും ലോകാവേക്ഷണംകൊണ്ടു ഉററിക്കൂടിയ ഭാവനയുടെ തനിപ്പൊന്നല്ല, പലതിൽനിന്നും എടുത്തുകൂട്ടിയ ഒരുതരം തമ്പാക്കാണു പ്രസ്തുതാലങ്കാരങ്ങളുടെ നിർമ്മിതിയ്ക്കു ഉപയോഗപ്പെടുത്തിയിട്ടുള്ളതെന്നും കടൽപോലെ പരന്ന അദ്ദേഹത്തിന്റെ വിദ്വത്വമാണു അതിനുകാരണമെന്നും മി മുണ്ടശ്ശേരി പറഞ്ഞിരിക്കുന്നതു കുറച്ചു കടുംകയ്യായിപ്പോയി വിദ്വത്വത്തിനും ഒരു ശിക്ഷയോ? എത്രയെത്ര പണ്ഡിതന്മാർ മുമ്പുണ്ടായിട്ടുണ്ടു് ഇപ്പോഴുമുണ്ടു്: അവരിൽ ആരുടെയെങ്കിലും വകയായി ഇത്തരം ഒരു തമ്പാക്കുരുപ്പടി മി മുണ്ടശ്ശേരിയ്ക്കു കാണിച്ചുതരാൻ സാധിക്കുമോ? മി. മുണ്ടശ്ശേരിയ്ക്കുതന്നെ നിഷേധിക്കാൻ സാധിക്കാത്തവിധം ലോകാവേക്ഷണ തനിപ്പൊന്നല്ല തനിത്തങ്കംതന്നെയായ അദ്ദേഹത്തിന്റെ വക പല വരികളും ഉല്ലേഖദൃഷ്ടാന്തങ്ങളായി ഉള്ളവയിൽ ഒന്നുപോലും സ്മരിക്കാൻ സാധിക്കാതെപോയതു മുമ്പുതന്നെ സൂചിപ്പിച്ചിട്ടുള്ള ഒരുതരം അഭിപ്രായങ്ങളുടെ അടിമത്തംമൂലമായിരിക്കണമെന്നു സമാധാനപ്പെടുന്നു.

'ഗ്രാഹത്തിൽ കോളാമ്പി'യേയും 'കുണ്ഡലഭാവക'ത്തേയും സാധൂകരിക്കത്തക്ക ന്യായമൊന്നും ഉണ്ടെന്നു തോന്നുന്നില്ല

ഭിന്നരുചികളാണു ലോകംഎന്ന ആപ്തവാക്യത്തിൽ സഹൃദയന്മാരും ഉൾപ്പെടുമെന്നാണു വിചാരിക്കേണ്ടതു്. അവരിൽ ഒരാൾക്കു രുചിയായിതോന്നുന്ന കാവ്യാംശങ്ങളോ അലങ്കാരങ്ങളോ മറെറാരു സഹൃദയനു ഇഷ്ടമായി വരുമെന്നു നിശ്ചയമില്ല. വരണമെന്നു നിർബ്ബന്ധവുമില്ല എങ്കിലും സഹൃദയന്മാർക്കു പൊതുവായി ചില ഗുണങ്ങൾ ഉണ്ടുതാനും. മി. മുണ്ടശ്ശേരി ആക്ഷേപിച്ചു ദൂരത്തെറിഞ്ഞ ചില വരികളെ നന്ദിച്ചു തലയലോറാൻ തുടങ്ങുന്നവർ അദ്ദേഹം ഉൾപ്പെട്ടിരിക്കുന്ന സഹൃദയസംഘത്തിൽനിന്നു ബഹിഷ്കൃതന്മാരാകണമെന്നില്ലെന്നു കാണിക്കാനാണു അതിനൊരു പ്രമാണം ആദ്യംതന്നെ ചൂണ്ടിക്കാണിച്ചിരിക്കുന്നതു്.

"ഇത്തരം വാക്കോതിപ്പത്മാക്ഷൻ നോക്കിനാൻ" എന്നുതുടങ്ങി തുടർന്നിട്ടുള്ള അഞ്ചീരടികളെസംബന്ധിച്ചു മി. മുണ്ടശ്ശേരി പറയുന്നതിങ്ങനെയാണു്. "ഇവിടെ ആ മുഖവും, മുകുരവും, ഇന്ദുവും, അങ്കവും, വിധുന്തുദരൂപവും, മിത്രനും, അന്ധകാരവും, പ്രഭാതപ്രദോഷങ്ങളും, ശരദ്വർഷങ്ങളുംകൂടിക്കൂടി ഒരു കലാപം. മുഖത്തിൽനിന്നു പുറപ്പെട്ടു വർഷാരാത്രത്തിലാണെത്തിയതു്. ഇതൊരു വെറുംവളച്ചുകെട്ടല്ലേ? അലങ്കാരങ്ങൾ സാവയവങ്ങളാക്കിക്കൊണ്ടുപോയി മേൽക്കുമേൽ ഓരോന്നങ്ങനെ വലിച്ചിട്ടാൽ ഇങ്ങനെയൊക്കെപ്പററും."

ഇതു കേട്ടാൽ ഏതാണ്ടു വളരെയൊക്കെ കവിക്കു പററിപ്പോയി എന്നു തോന്നും. വലിയ ആടിക്ഷായക്കുറിപ്പടിയിലെ മരുന്നുകളുടെ നീണ്ടുനീണ്ട എണ്ണംകണ്ടു രോഗികൾ സംഭ്രമിക്കുംപോലെ സഹൃദയന്മാർമേലെഴുതിയിരിക്കുന്ന പട്ടികയിലെ എണ്ണംകൊണ്ടു പ്രഥമക്ഷണത്തിൽ നിരൂപകന്റെ അഭിപ്രായത്തെ അപ്പാടെയങ്ങു വിഴുങ്ങുകയില്ല. ഹൃദയക്കോട്ടയിൽ സരസ്വതിയെ കുടിയിരുത്തിയിട്ടുള്ളവർക്കുമാത്രമേ ഇങ്ങനെ അലങ്കാരക്കോട്ട കെട്ടിഉയർത്താൻ സാധിക്കൂ. ഒരുവശത്തു സാക്ഷാൽ മിത്രനും അപ്പോഴത്തെ പ്രഭാതവും ശരൽക്കാലവും. മറുവശത്തു് അടിക്കടി മാറിമാറിക്കൊണ്ടിരിക്കുന്ന കർണ്ണമുഖത്തി

(ശേഷം അഞ്ചാംപേജിൽ)

# അന്തരിക്ഷം

(നാലാംപേജിൽനിന്നും തുടർച്ച)

ന്റെ ഭാവവ്യത്യാസങ്ങൾ അനുസരിച്ചു കവി, ഭാവനചെയ്യുന്ന ഇരുട്ടും, അങ്കവും, വിധുന്തുദഗ്രസ്തവും അന്ധകാരവും അന്തിയും വർഷാരംഭവും. മുനിയുടെ അപേക്ഷ സാധിക്കാൻ ഇടയില്ലാത്തതിൽ ഉണ്ടാവാൻപോകുന്ന ആശാഭംഗം അദ്ദേഹം കണ്വന്റെ മുഖമുകുരത്തിൽ വ്യക്തമായി കണ്ടുവെന്നു രണ്ടാം ഖണ്ഡികയിൽ പ്രസ്താവിച്ചതിനുശേഷമാണ് അടിയിലെ ഭാവനകൾ ആരംഭിക്കുന്നതുതന്നെ. ഒരുവശത്തുള്ള പരമാർത്ഥവസ്തുക്കളെ അടിസ്ഥാനപ്പെടുത്തി ഓരോന്നിന്റേയും എതിരവസ്ഥ കണ്വമുഖത്തെ ഭാവവ്യത്യാസങ്ങളിൽക്കണ്ട് അവ എതിരെ ഇരിക്കുന്ന ആ പരമാർത്ഥവസ്തുക്കളുടെ മുമ്പിൽ എങ്ങിനെ സംഭവിക്കുമെന്നു ആലോചിച്ചുപ്പെടുകയാണ്. ഇതിനോടുകൂടി കണ്വന്റെ ഉള്ളിൽ നടന്നുകൊണ്ടിരുന്ന വികാരവിചാരങ്ങളെല്ലാം വർണ്ണിതങ്ങളുമായി. ഇതാണോ വളച്ചുകെട്ട്? വെറും വളച്ചുകെട്ട്?

അതുപോലെ "സവ്യഥം, സത്രപം, സാനുക്രോശം" "ഇന്ധനം-ഇംഗാലം ഭസ്മം മേലിൽ" ഇത്യാദി അശാപ്ലുതങ്ങൾ കതകൾ പാഴ്ചിലവുകളാണെന്നു വിധിച്ചിരിക്കുന്നതിലെ ന്യായം എന്തെന്നു മനസ്സിലാകുന്നില്ല. ഇത്തരം പ്രയോഗങ്ങൾ അവേണ്ടിക്ലേശിക്കുന്നെങ്കിൽ, അവ കൂടക്കൂടെ ചെയ്യാറുണ്ടെങ്കിൽ. അതു് ഒരു ദോഷമായിത്തീരും. അപൂർവമായി ചെയ്യപ്പെടുന്ന ഇത്തരം പ്രയോഗങ്ങൾ വൈവിധ്യനിദാനകമായും ഉള്ള സ്വാരസ്യത്തിന്റെ വിവിധാവസ്ഥ പ്രകാശകങ്ങളായും ഒരു അനാവശ്യമാണെന്നു തോന്നുന്നില്ല. "ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം" എന്ന പഴഞ്ചൊല്ലിന്റെ സ്വാരസ്യമുളവാക്കത്തക്ക നിരൂപണം നിസ്സാരകാര്യങ്ങളിലും ഇറങ്ങിച്ചെല്ലുന്നതു് ആശാസ്യമാണെന്നു തോന്നുന്നില്ല.

## ചിന്താവിഷ്ടയായ സീത

"പുരാണപാത്രങ്ങളിൽ സംസ്കാരങ്ങൾ ചെയ്വാൻ കവിക്കു അധികാരമുണ്ട്, ശരിതന്നെ പക്ഷെ ആ സംസ്കാരങ്ങൾ ഔസ്തർവെൽഡു പറയുമ്പോലെ മഹത്തിൽനിന്നു മഹത്തരത്തിലേക്കു ആയിരിക്കണം. ഉള്ളൂരിന്റെ നവകല്പനകൾ കണ്വനെ താഴ്ത്തുന്നവയായിട്ടാണ് അനുഭവം." മി മുണ്ടശ്ശേരിയുടെമേൽ എഴുതിയ നിഗമപ്രകാരം ആശാനും സീതയെ അല്പമൊന്നു താഴ്ത്തീട്ടില്ലേ? പക്ഷെ അതുകൊണ്ടു മഹത്തായ ഒരു പ്രയോജനം ഉണ്ടാവുകയാണു ചെയ്തതു്. തനിത്തങ്കം കൊണ്ടു് ആഭരണങ്ങൾ പണിയാൻ സാധിക്കയില്ലല്ലോ. ആദർശത്തിന്റെ മകുടത്തിൽ എത്തിച്ചേർന്ന സ്ത്രീപുരുഷന്മാരെ കൊണ്ടു വാല്മീകിമുതൽ ഇങ്ങോട്ടുള്ള സകല മഹാകവികളും ആശാനുൾപ്പെടെ പ്രവർത്തിച്ചിട്ടുള്ളതു എന്താണ്? എങ്ങിനെയെന്നും സൂക്ഷിച്ചുനോക്കിക്കാണാതെ ഉള്ളതു് ഇല്ലാതാക്കാൻ കുതറി കാലൊടിക്കയും അമ്മിയുംപാറയെത്തോല്പിക്കാൻ വെറുതെ ജിഹ്വാപ്രയത്നം ചെയ്കയുമാണ് ഉണ്ടായിട്ടുള്ളതു്. സ്നേഹം ദിവ്യവും അതേസമയം തന്നെ ഐഹികവുമായ ഒന്നാകകൊണ്ടു് അതു വൈചിത്ര്യംപോലെവേണ്ടിടത്തിൽ വേണ്ട അളവിൽ പകർന്നുവെയ്ക്കപ്പെട്ടതുകൊണ്ടു് അങ്ങിനെയുള്ള പാത്രങ്ങളിൽ കവി കർമ്മം ചെയ്യുകയാണു മുൻപറഞ്ഞ മഹാകവികളെല്ലാം ചെയ്തിട്ടുള്ളതു്. അല്ലാതെ ആദർശത്തിൽനിന്നു് അവരെ യഥാർത്ഥത്തിൽ വലിച്ചുതാഴ്ത്തിയിട്ടില്ല. ആശാൻ വിജയിച്ചിരിക്കുന്നതു അങ്ങിനെയാണു്. ആദ്യം ചില വേണ്ടാത്ത ആശങ്കകൾ സ്ഫുരിപ്പിച്ചിരിക്കുന്നതു് പൂർവപക്ഷമായിട്ടേയുള്ളുവെന്നു പിന്നീടു വരുന്ന ഭാഗങ്ങളെക്കൊണ്ടു നല്ലവണ്ണം വ്യക്തമാകുന്നുണ്ടു്. അടിയിൽ കാണിക്കുന്ന ശ്ലോകങ്ങൾ നോക്കുക.

അതിവ സത്യകാലദേശജ
സ്ഥിതിയാൽ നീതിവിഭിന്നമാകിലും
ക്ഷിതിനാഥ! പരാർത്ഥജീവികൾ
ക്കെതിരല്ലാത്ത നിദർശനം ഭവാൻ
ക്ഷുഭിതേന്ദ്രിയ ഞാൻ ഭവാനിലി-
ന്നുപദർശിച്ച കളങ്കരേഖകൾ
അഭിമാനിനിയാം സകാന്തയിൽ
കൃപയാൽ ദേവ ഭവാൻ ക്ഷമിക്കുക

ആദർശം വലിച്ചുതാഴ്ത്തിയിട്ടുണ്ടോ? പരാർത്ഥജീവികൾക്കു് എക്കാലത്തും ഏതു ദിക്കിലും എതിരില്ലാത്ത നിദർശനമാണു് അവളുടെ ഭർത്താവായ ശ്രീരാമചന്ദ്രൻ എന്നു് ആ ദേവി എത്ര ആഴത്തിൽനിന്നു വന്നവനു സമ്മതിക്കുന്നുവെന്നു നോക്കുക. അഭിമാനിനിയും ക്ഷുഭിതേന്ദ്രിയയും ആണെങ്കിലും സ്നേഹസ്വരൂപിണിയായ അവൾ സ്വഭർത്താവിൽ കളങ്കരേഖകൾ ഉപദർശിച്ചുപോയതിനു മാപ്പു് അപേക്ഷിക്കയും ചെയ്യുന്നു. സ്വാർത്ഥജീവികൾ പരാർത്ഥജീവികളെ ഉള്ളാലെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നതുകൊണ്ടു് അവരും ആദർശമായി എന്തോ ഒന്നു ഗണിച്ചിരിക്കുന്നുവെന്നു വ്യക്തമാകുന്നുണ്ടല്ലോ.

ആദർശത്തെ വല്ലപാടും പിഴയ്ക്കാൻ വിട്ടിട്ടു് നിരൂപകൻ, പരാർത്ഥജീവികൾക്കെതിരല്ലാത്ത നിദർശനമായ ശ്രീരാമചന്ദ്രനിൽ കളങ്കരേഖകൾ ഉപദർശിക്കുന്ന തല്ലാന്തയായ സീതയുടെപക്ഷം ചേർന്നു സ്ത്രീത്വം സമാധാനമായി കൊണ്ടുവരുന്നുണ്ടു്. അതുപോലെതന്നെ ആശാന്റെ ആകാശംപോലെ പരപ്പാർന്ന ഒരു വരിയെ അതിന്റെ സങ്കുചിതാർത്ഥത്തിലും "കൃതികൾ മനുഷ്യകഥാനുഗായികൾ" എന്നുള്ളതു്, ആദർശത്തിന്റെ അപ്രകാരമുള്ള വലിച്ചുതാഴ്ത്തൽ സമ്മതിച്ചുകൊടുത്താൽ വല്ല 'അധോമുഖ' സാഹിത്യകാരനും അനന്യശരണയായിത്തീർന്ന സീത തന്റെ കൊച്ചുങ്ങളെ വളർത്താൻ ഒരു മാർഗ്ഗവും കാണാതെ ഹൃദയം പൊട്ടിക്കരയുന്നതുകൊണ്ടു് ശാന്തം പാപം — വ്യഭിചാരജീവിതം നയിക്കുന്നതായി ഒരു കാവ്യം എഴുതിയാൽ അതും സമ്മതിക്കേണ്ടിവരുകയില്ലേ?

തനിക്കു വേണ്ടുന്ന ഭാഗം വാത്മീകിയുടേതാണെന്നും വേണ്ടാത്തതു് ആശാന്റേതുമാണെന്നും. ഒക്കെ മി: മുണ്ടശ്ശേരിയെപ്പോലെയുള്ള ഒരു സാഹിത്യനിരൂപകൻ ആദർശത്തെ വലിച്ചുതാഴ്ത്തി ഇടാനുള്ള സംരംഭത്തിൽ ഏർപ്പെട്ടു പറയേണ്ടിവരുന്ന അവസ്ഥ പരിതാപകരംതന്നെ. ആശാന്റെ കൃതികൾ എല്ലാംതന്നെ ശ്രേഷ്ഠങ്ങളാണു്. അവയിൽവെച്ചു ചിന്താവിഷ്ടയായ സീത പ്രഥമസ്ഥാനം വഹിക്കുന്നു എന്നു് ഉദ്ഘോഷമായി വാദിക്കുന്ന ഒരു അല്പപക്ഷക്കാരുണ്ടു്. അവരിൽ ഉൾപ്പെടുന്നവരാണു് ചിന്തകന്മാരെല്ലാമെന്നു പറയാം.

വേണ്ടാ ഖേദമെടോ സുതേ വരികയെ-
ന്നോതും മുനീന്ദ്രന്റെ കാൽ
തണ്ടാർനോക്കിനടന്നധോവദനയായ്-
ച്ചെന്നാസ്സഭാവേദിയിൽ
മിണ്ടാതന്തികമെത്തിയൊന്നനുശയക്ലാ-
ന്താസ്യനാം കാന്തനെ
കണ്ടാൾ പൗരസമക്ഷമന്നവയിലീ-
ലോകം വെടിഞ്ഞാൾ സതി

അഹോ, മഹാകവി! മഹാകവി! ഈ അനുശാസ്ലേകത്തിൽ സീതയുടെ ബാഹ്യവും ആഭ്യന്തരവുമായ ചിത്രങ്ങൾ ഒരു സൂചിമുനയിൽ അത്ര വ്യക്തമായി വരച്ചുകെട്ടു് സാക്ഷാൽ വാല്മീകയുടേതല്ലെന്നു ആരു പറയും? ഒടുവിലെ സതീശബ്ദവും നോക്കുക. ലോകം വെടിഞ്ഞപ്പോൾ സീതയിലെ 'ഈ'കാരം മാത്രമെന്നറിഞ്ഞു അതിലെ രണ്ടാം അക്ഷരത്തോടു ചേർന്നതേയുള്ളുവെന്നും അപ്പോൾ സാക്ഷാൽ സതീദേവതന്നെ ആയിത്തീർന്നുവെന്നും ദക്ഷയാഗത്തിൽ വെന്തുനശിച്ച അഭിമാനിനിയായ സതീദേവിയുടെ അവതാരമാകകൊണ്ടാണു് താൻ സീതയെ അഭിമാനിനിയായി വർണ്ണിച്ചിട്ടുള്ളതെന്നും മരണം വെറും ഒരു രൂപംമാററം മാത്രമാണെന്നും മററുമുള്ള സന്ദേശങ്ങൾ ആശാൻ ആ ഒടുവിലത്തെ പദത്തിൽ ഉപഗൂഹനം ചെയ്തിരിക്കയല്ലെന്നു ആർക്കു പറയാം?

## അപ്പനും മകളും

വള്ളത്തോളിന്റെ ഈ കവിതപോലെ തന്നെ നിരൂപകന്റെ ആസ്വാദനവും നന്നായിട്ടുണ്ടു്. "ഏകദേശഘടിതമായ കഥാസന്ദർഭങ്ങളും ഐതിഹാസികമായും അല്ലാതെയും കല്പിച്ചു് ഒരു തികഞ്ഞ ചെറുകഥാകൃത്തിന്റെ കലാമർമ്മജ്ഞതയോടുകൂടി ഏററവും കുറഞ്ഞ വാക്കുകളെക്കൊണ്ടു നാടകീയരീതിയിൽ ചിത്രീകരിച്ചു സഹൃദയനിൽ ഭാവോല്ലീപനം ചെയ്യുവാൻ വള്ളത്തോളിനുള്ള അഭ്യസ്യാർഹങ്ങളായ കഴിവിനെ ഈ കൊച്ചുകവിത സജാതീയങ്ങളായ മററു കവിതകളോടൊപ്പംതന്നെ വിളംബരം ചെയ്യുന്നുണ്ടു്" എന്നു മി. മുണ്ടശ്ശേരിയുടെ മർമ്മജ്ഞമായ പതിച്ച അഭിപ്രായത്തിന്റെ അടിയിൽ കയ്യൊപ്പിടാൻ മടിക്കുന്ന ഒരു സഹൃദയനും ഉണ്ടാവുകയില്ല. അദ്ദേഹം ഈ നിരൂപണത്തിൽ തന്റെ രണ്ടു സന്ദേഹങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടു് സവിനയമാണെ അങ്ങിനെ ചെയ്യുന്നതും, മാത്രാലാഭഃ പുത്രലാഭഃ എന്നഭിമാനിച്ച പാണിനിയെപ്പോലെ, രചനാശില്പത്തിൽ ത്യാജ്യഗ്രാഹ്യങ്ങൾ രണ്ടിലും നിഷ്കർഷിക്കുന്ന ഒരു കവിയായതുകൊണ്ടുതന്നെ അവ നിരൂപകന്റെ സന്ദേഹങ്ങളായിത്തീർന്നതു്.

ആ രണ്ടു സന്ദേഹങ്ങൾക്കും കഴിവുള്ളവർ സംശയനിവൃത്തി വരുത്തിക്കൊടുക്കണമല്ലോ.

ഒന്നാമത്തെ സന്ദേഹം:—

"പകർന്നു ഭാവം പെട്ടെന്നക്കാലരുദ്രാകാര
ന്നതിർന്നു മിഴിയിൽനിന്നൊരിതീപ്പൊരി-
മേന്മേൽ
വളഞ്ഞു പുരികങ്ങൾ ചുളിഞ്ഞു വൻ
നെററിത്ത-
ട്ടിളകീലിലയുമടഞ്ഞീ കാററാലാട്ടം

ചിത്രം നന്നായെങ്കിലും മിഴിയിൽനിന്നു് എരിതീപ്പൊരി വീഴുന്നതുകണ്ടിട്ടു പിന്നെ പുരികം വളയുന്നതും നെററി ചുളിയുന്നതും കാണണമെന്നില്ല"

മഹർഷിയുടെ ഭാവം പകർന്നപ്പോൾ "അദ്ദേഹത്തിന്നു കാലരുദ്രാകാരത്വം വന്നുചേർന്നു. അതിനു്, സ്വശരീരത്തിലെന്നവണ്ണം ബാഹ്യലോകത്തും പെട്ടെന്നു ചില മാററങ്ങൾ വരുത്താൻ സാധിക്കണം നിശ്ചയമായും, കാലരുദ്രാകാരനായതുകൊണ്ടു. ആ സ്ഥിതിക്കു ഭാവത്തിന്റെ ആ പ്രധാനാംശം — ബാഹ്യലോകത്തെ മാററം — കാണിക്കുന്നത നമ്മുടെ നിരൂപകന്റെ അഭിലാഷപ്രകാരം വിരമിച്ചിരുന്നെങ്കിൽ ഭാവപ്പകർച്ച, കാലരുദ്രാകാരത്വം, എരിതീപ്പൊരിചിതറൽ, എന്ന മൂന്നു വാക്കുകൾ ഉളിപ്പിച്ച മനഃചിത്രങ്ങൾ മാത്രംകൊണ്ടു തൃപ്തിപ്പെട്ടു വിരമിച്ചിരുന്നെങ്കിൽ—കാലരുദ്രാകാരന്റെ ശക്തിമഹത്വം ബോധപ്പെടുമായിരുന്നോ? കലാശില്പത്തിൽ ഒരു കുറവു ഉണ്ടാകുമായിരുന്നില്ലേ? അതിനു കവി എന്തുചെയ്തുവെന്നു നോക്കുക. മുനിയുടെ ശരീരത്തിൽത്തന്നെ ഉണ്ടായ മാററങ്ങളിൽ, പിന്നെ പ്രധാനങ്ങളായ പുരികം വളയലും നെററി ചുളിയലും ചേർത്തു്—ശരീരത്തിലും പുറമെയും ഒരേസമയത്തുതന്നെ മാററങ്ങൾ ഉണ്ടാകണമല്ലോ—നാലാംവരിയായി "ഇളകീലിലയുമടഞ്ഞീ കാററാലാട്ടം" എന്നു മുഴക്കിപ്പിച്ചിരിക്കുന്നു. ഇതിൽ "മാത്രാലാഭഃ പുത്രലാഭഃ" എന്നുള്ളതിലെ തത്വംതന്നെ സനിഷ്കർഷം അദ്ദേഹം അനുഷ്ഠിച്ചിട്ടുണ്ടെന്നു കാണാവുന്നതാണു്. മിതവ്യയനല്ലെങ്കിലും ലുബ്ധനല്ല കവി.

രണ്ടാമത്തെ സന്ദേഹം—

"പുത്രിതൻകണ്ണീർകൊണ്ടു കോപാഗ്നി
ശമിച്ചതി-
ലെത്രയും പ്രസന്നനായഭിനന്ദിച്ചാനച്ഛൻ

ഇവിടെ കോപാഗ്നി ശമിച്ചാലുടനെ വിശ്വാമിത്രനായതുകൊണ്ടു മററൊരു ഭാവത്തിന്റെ വരവും പോക്കും കഴിഞ്ഞിട്ടല്ലേ പ്രസന്നതയ്ക്കവകാശമുള്ളു, എന്നൊരു സംശയം."

അവ്യക്തതാദോഷം മേലെഴുതിയ വാക്യത്തിനു പററിപ്പോയിരിക്കുന്നതുകൊണ്ടു സംശയം എന്തെന്നു ശരിയായി വെളിപ്പെടുന്നില്ല. എങ്കിലും ആ പ്രകൃതത്തിൽ വരാവുന്ന സംശയം ഇന്നതായിരിക്കുമെന്നു ഊഹിക്കാൻ കഴിയും. "അച്ഛനമ്മമാർ കാലെവെടിഞ്ഞ നിർഭാഗ്യയെ—സ്വച്ഛന്ദമുപേക്ഷിച്ചാൻ ഭർത്താവുമെന്നോവേണ്ട" എന്നു സ്വപിതാവിന്റെ ശാപത്തിൽനിന്നു ഭർത്താവിനെ രക്ഷിക്കാൻ പറഞ്ഞ സത്യകഥയിലെ മർമ്മോക്തിയേററ ആ പിതാവായ വിശ്വാമിത്രന്നു അത്ര പെട്ടെന്നു പ്രസന്നത, കോപാഗ്നി ശമിച്ചാലുടനെ, യുണ്ടാകുമെന്നു വരുന്നതല്ല. മററൊരു ഭാവത്തിന്റെ വരവും പോക്കും നിശ്ചയമായും കഴിഞ്ഞിരിക്കണം. മനസ്സിന്റെ വേഗം പ്രസിദ്ധമാണല്ലോ. ഒരു ക്ഷണംകൊണ്ടു അതു വരികയും പോകയും ചെയ്യും. സ്നേഹമയം ഏററം മനസ്സുമാണു്. വിശ്വാമിത്രമഹർഷിക്കു പാവയായ ആ ജാമാതൃത നോക്കിക്കാണുന്നതുപോലും വിഹിതമല്ലെന്നിരിക്കെ അതു പരസ്യപ്പെടുത്തുകയോ? When did you come in, my dear? എന്നു സംഭ്രമിച്ചു ചോദിച്ച ഭാര്യയോടു് ലജ്ജയോ ഔചിത്യമോ കൂടാതെ Just in time to catch you at your second relief my darling എന്നു മറുപടി പറഞ്ഞ ഒരു ആംഗ്ലേയകവിയെപ്പോലെ ഭാരതീയസംസ്കാരക്കാതലായ നമ്മുടെ കവി പെരുമാറുകയോ? അതോർക്കാൻകൂടി സാധിക്കയില്ല. ഇനിയുമുണ്ടൊരു കാരണം. ചിരിക്കുന്നതും ചിരിക്കേണ്ടതും നേരമ്പോക്കുകേട്ട ആളുകളാണു്. അല്ലാതെ അതു പറഞ്ഞ ആളല്ല.

അഭിപ്രായവ്യത്യാസങ്ങൾ ചിലതു ചൂണ്ടിക്കാണിച്ചെങ്കിലും മി മുണ്ടശ്ശേരിയുടെ ഈ നിരൂപണഗ്രന്ഥംപോലെ അത്ര നല്ല വേറൊന്നു മലയാളത്തിലിതേവരെ ഉണ്ടായിട്ടില്ലെന്നു തീർത്തു പറയാം. മാത്രവുമല്ല നിരൂപണസാഹിത്യശാഖതന്നെ നമ്മുടെ ഭാഷയിൽ ഇന്നലെപ്പെററിട്ട ഒരു ശിശുവായിട്ടാണിരിക്കുന്നതു്. ആ ശിശുവിനു വേണ്ട സകല സംഗതികളും ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ധാത്രിയും രക്ഷാകർത്താവും ഇല്ലാത്ത ഈ നിസ്സഹായജീവിയെ ദത്തെടുത്തു വേണ്ടപോലെ വളർത്താൻ മനസ്സും പ്രാപ്തിയുമുള്ള ഒരാൾ ഭരമേല്ക്കേണ്ടതായുണ്ടു്. കഴിച്ചിലിനു വകയും അതിനുണ്ടാക്കിക്കൊടുക്കേണ്ടതു് അത്യാവശ്യമാണല്ലോ. മി മുണ്ടശ്ശേരിയുടെ ഗ്രന്ഥം കണ്ടിട്ടുണ്ടായ ബഹുമാനാധിക്യമാണു് ആ ചിന്തകൾക്കു കാരണമാക്കിയതു്. എന്തായാലും ഇനി സമാധാനപ്പെടാം. അദ്ദേഹത്തിൽനിന്നു ഇതുപോലെയുള്ള സൽഗ്രന്ഥങ്ങൾ പലതും പ്രതീക്ഷിക്കുന്നു. നല്ല പുസ്തകങ്ങൾ ശേഖരിക്കണമെന്നു ഇച്ഛിക്കുന്ന സകല വായനശാലകളും, കാര്യമറിഞ്ഞു കാവ്യാസ്വാദനംചെയ്യണമെന്നു വിചാരിക്കുന്ന സകല ഭാഷാഭിമാനികളും നിരൂപണതത്വങ്ങൾ എന്തൊക്കെയെന്നു ധരിച്ചിരിക്കേണ്ടവരായ കവികളും ഗ്രന്ഥകാരന്മാരുമെല്ലാം 'അന്തരീക്ഷം' വാങ്ങി പഠിക്കയും സൂക്ഷിക്കയും ചെയ്യേണ്ടതു അത്യാവശ്യമാണു്.

ഗ്രന്ഥകർത്താവിനും ഗ്രന്ഥത്തിനും സകല ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു.

ആവശ്യമുണ്ട്

ഉദാരമായ നിബന്ധനകളിന്മേൽ മദിരാശി സംസ്ഥാനത്തിലെല്ലായിടത്തും, തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളിലും ഇന്ത്യയിലെ ഏററവും പ്രാചീനവും (1871-ൽ സ്ഥാപിച്ചതു്) ഏററവും വമ്പിച്ചതുമായ മ്യൂച്വൽ ലൈഫ് സൊസൈററിയെ പ്രതിനിധീകരിക്കുന്നതിനു് ഏജൻറുമാരെ ആവശ്യമുണ്ടു്.

അപേക്ഷിക്കുക:—

എസ്സ്. എ. രാമസ്വാമി & ബ്രദേഴ്സ്
ചീഫ് ഏജൻറുമാർ,
ബോംബെ മ്യൂച്വൽ ലൈഫ് അഷ്വറൻസ് സൊസൈററി, ലിമിററഡ്,
സേലം.

ഹരിഹരപുത്രചരിത്രം
വില ണ: ർൽ
മാനേജർ,
"ശ്രീരാമവിലാസം പ്രസ്സ്" കൊല്ലം.

# യുദ്ധാനന്തരയൂറോപ്പിലെ കല

(ഡാ: ആലക്സ് ആറൻസൺ)

**(മലയാളരാജ്യത്തിനു പ്രത്യേകം)**

**“യുദ്ധാനന്തരലോകം, നാം കെട്ടിപ്പടുക്കുവാൻ ഇച്ഛിക്കുന്ന ആ ലോകം, സർവ്വപ്രധാനമായി നമ്മുടെ സൃഷ്ട്യുന്മുഖമായ ബുദ്ധിശക്തിയുടെ നേർക്കുള്ള ഒരു വെല്ലുവിളയാണു്” ഇതാണു് ഡാക്കാ യൂണിവേഴ്സിററി പ്രൊഫസർ ഡാ: ആലക്സ് ആറൻസന്റെ അഭിപ്രായം. സൃഷ്ടിക്കുന്നതിലേയ്ക്കു നിരൂപണബുദ്ധിയോടും സ്വാതന്ത്ര്യമായും ചിന്തിക്കാനുള്ള കഴിവു് ഉണ്ടായിരിക്കണം. ഈ ശീലം യുദ്ധപൂർവ്വകാലത്തെ ചിന്താനിയന്ത്രണത്തിന്റെയും പ്രവർത്തനനിയന്ത്രണത്തിന്റെയും ഞെരുക്കത്തിൽപെട്ട യൂറോപ്പിനു നഷ്ടമായിരിക്കുന്നു. കടന്നുപോന്നിട്ടുള്ള ഈ കഠിനപരീക്ഷണത്തെ യൂറോപ്പു് അതിജീവിക്കുമോ? കല വീണ്ടും പുഷ്ടിപ്രാപിക്കുമോ? ഇതാണു് ഈ ലേഖനത്തിലെ ചർച്ചാവിഷയം**

വിജയവും പരാജയവും, സാമ്പത്തികദാർഢ്യവും സാമ്പത്തികശിഥിലതയും അധികാരഭ്രാന്തരുടെ കൂട്ടുകെട്ടിന്റെ ഏകശാസനവും ജനസാമാന്യത്തിന്റെ ഏകശാസനവും, ഇവ പരസ്പരബന്ധമുള്ള ശബ്ദങ്ങളാണു. ഒന്നു മറെറാന്നിന്റെ കാരണമായിരിക്കാം. അവയുടെ പരസ്പരാപേക്ഷയാ ഉള്ള പ്രാധാന്യം ഏതെങ്കിലും ഒരു നിർദ്ദിഷ്ടമായ പ്രകൃതത്തെ അടിസ്ഥാനമാക്കിമാത്രമേ നിർണ്ണയിക്കാൻ കഴിവുള്ളൂ. യുദ്ധാനന്തരകാലം ഇപ്പോഴും ഒരു ഭാവിവസ്തുമാത്രമാണു്. ചരമഗതിയായ ഒരു കാലത്തിന്റെ അവ്യക്തതയിൽ ഒഴിഞ്ഞുകിടക്കുന്ന ഒരു വിദൂരസാദ്ധ്യതയെന്നതിൽകവിഞ്ഞു് അതിനെപ്പററി ഒരു രൂപകല്പന സാദ്ധ്യമല്ല. 1919-നും 1939-നും ഇടയ്ക്കുള്ള കാലത്തെ ഇപ്പോൾ യുദ്ധപൂർവ്വകാലമെന്നല്ലാതെ യുദ്ധാനന്തരകാലമെന്നു ആരും വിവക്ഷിക്കാറില്ല. തിളയിൽനിന്നു തീയിലേക്കായിരുന്നു തങ്ങളുടെ ഗതിയെന്നു് ഈ ഇരുപതു നീണ്ട വർഷങ്ങളിലായി ജനങ്ങൾക്കു ക്രമേണ ബോദ്ധ്യമായി. അവരുടെ രാഷ്ട്രീയനേതാക്കന്മാർ “യുദ്ധാനന്തര”പ്രസംഗങ്ങൾ നടത്തിക്കൊണ്ടിരുന്നപ്പോഴും അവരുടെ ഫാക്ടറികളും വിദ്യാലയങ്ങളും വൃത്താന്തപത്രങ്ങളും എല്ലാം ഒരു “യുദ്ധപൂർവ്വ”പരിപാടി തയ്യാറാക്കി കൊണ്ടിരിക്കയായിരുന്നു —അത്ഭുതപൂർവ്വമായവിധത്തിൽ അനന്തഭീമമായതോതിലുള്ള ഒരു പരിപാടി. ഓരോ വിജയവും പരാജയത്തിന്റെ, മാനസികവും ധാർമ്മികവും ആത്മീയവുമായ പരാജയത്തിന്റെ, ബീജങ്ങൾ ഉൾക്കൊണ്ടിരുന്നു. ഓരോ ഉറപ്പിച്ചുനിർത്തലും അഴിഞ്ഞുതകരലായി രൂപാന്തരപ്പെട്ടു. യൂറോപ്പാസകലമുള്ള ഏകശാസകരുടെ ചുരുട്ടിയുയർത്തിയ മുഷ്ടികൾ രാഷ്ട്രീയവിപത്തുകളും തടങ്കൽപാളയങ്ങളും ആഭ്യന്തരയുദ്ധങ്ങളും ഘോരമർദ്ദനങ്ങളും നിറഞ്ഞ “യുദ്ധപൂർവ്വ” കാലവിക്ഷോഭാവസ്ഥയെ വിളിച്ചറിയിച്ചുകൊണ്ടിരുന്നു.

സ്വതന്ത്രചിന്ത ഒരു ഭൂതകാലവസ്തുവായിത്തീർന്നു. മദ്ധ്യവർഗ്ഗങ്ങളുടെ സാമ്പത്തികമായും മററുവിധത്തിലുമുള്ള ഭഗ്നാവസ്ഥയിൽനിന്നുത്ഭവിച്ച പുതിയ സാമൂഹ്യഘടനാ ഉദ്ധതചിന്താവ്യാപാരത്തിൽ നിയന്ത്രണം—കൺട്രോളും റേഷനിംഗും—ആവശ്യകമാക്കി. ആയിരംവർഷത്തെ പുരോഗതിയ്ക്കുശേഷം—മറെറല്ലാററിലും കൂടുതലായി ഭൗതികമായിരുന്ന പുരോഗതിയ്ക്കുശേഷം—ഒരിക്കൽകൂടി നാം ക്ഷയോന്മുഖയായിരുന്ന ഒരു നാഗരികതയുടെ പട്ടടകൾകണ്ടു. കഴിഞ്ഞകാലത്തെയും ഇന്നത്തെയും ‘നിയന്ത്രിതമല്ലാത്ത’ സകല ഗ്രന്ഥങ്ങളും കണ്ടമാനം ആ ചിതാഗ്നിയിലേയ്ക്കു എറിയപ്പെട്ടുകഴിഞ്ഞു. ആരെക്കൊണ്ടും അണയ്ക്കുവാൻസാധിക്കാത്തതായി കാണപ്പെട്ട ആ മഹാഗ്നി സ്പിനോസായുടെയും, ഹെയിന്റെയും, ഐൻസ്റ്റീന്റെയും, സിഗ്മഡ് ഫ്രൂയിഡിന്റെയും, തോമസ്മാന്റെയു, എറിക്ക്മേരിയാറിമാവിന്റെയും കൃതികളെല്ലാം ഒററനീക്കിനു ഭക്ഷിച്ചൊടുക്കി. ചിത്രാലയങ്ങളിൽനിന്നു നിയന്ത്രിതങ്ങളല്ലാത്ത ചിത്രങ്ങൾ നിഷ്കാസിതങ്ങളായി. ലാബൊറട്ടറികൾഇടച്ചുനിരത്തപ്പെട്ടു. ലൈബ്രറികൾ കൊള്ളചെയ്യപ്പെട്ടു. സംഗീതജ്ഞരെയും പണ്ഡിതരെയും നാട്ടിൽനിന്നു ആട്ടിപ്പുറത്താക്കി. മദ്ധ്യകാലസ്മരണയുളവാക്കുന്ന ഈ മൃഷ്ടരതമെല്ലാം ജനങ്ങൾ ഉദാസീനരായി നോക്കിനിൽക്കേണ്ടതായും വന്നു. രാജ്യാതിർത്തികൾ അവർ യഥേഷ്ടം കടന്നുകൂടെന്നായി. അടച്ചുപൂട്ടിയ ട്രെയിനുകളിൽ അവരെ അങ്ങുമിങ്ങും അയച്ചുതുടങ്ങി. ചെന്നെത്തുന്ന സ്ഥലത്തു അല്പസമയം വിശ്രമം സാധിച്ചു എന്നുവരാം വല്ല ലഘുഭക്ഷണശാലയിലും മുൻവശത്തു ഒരുപാത്രം കാപ്പിയുമായി അവർ ഇരുന്നു തങ്ങളിൽ വല്ലതും മന്ത്രിക്കുന്നതു കാണ്മാൻ നിങ്ങൾക്കുസാധിച്ചേക്കാം. “അനഭിലഷണീയരായ മറുനാട്ടുകാർ” എന്ന നിലയിൽ പോലീസുസ്റ്റേഷനുകളുടെ മുൻവശത്തു അവരെക്കാണാം. ആഫീസുശിപായിമാരായും, ലോറിഡ്രൈവറന്മാരായും ക്ലാർക്കന്മാരായും ജോലി അന്വേഷിച്ചുകൊണ്ടിരിക്കുന്നതായുംഅവരെ കണ്ടെന്നുവരാം. ഈ സമയമൊക്കെ അവരുടെചിത്രങ്ങളും സംഗീതവും ലാബൊറട്ടറികളുംഎല്ലാം സ്വദേശത്തുവെന്തെരിഞ്ഞുകൊണ്ടിരിക്കയുമാണു്. യുദ്ധാനന്തര (അഥവാ യുദ്ധപൂർവ്വ) യൂറോപ്പിൽ ഇക്കഴിഞ്ഞ ദശവർഷം മുഴുവൻ ബുദ്ധിപൂർവ്വവും സ്വാതന്ത്ര്യവുമായ ചിന്ത നിരോധിക്കപ്പെട്ട ഒരു കാര്യമായിരുന്നു. നിയന്ത്രിതവും കണക്കുവച്ചു അളന്നുകൊടുക്കുന്നതുമായ ഒരു നാഗരികതയുടെ നിശ്ശൂന്യാവസ്ഥയിൽനിന്നു ജീവത്തായ കലയോ സ്വാതന്ത്ര്യാഹ്വാനമോ ഉത്ഭവിക്കുന്നതല്ല. ഹിററ്ലരുടെ സൈന്യങ്ങൾ എവിടെ ചെന്നാലും അവിടത്തെ പ്രതിഭാശാലികളെയും കലാകാരരെയും ആണു് ആദ്യമായി പിടിച്ചു തടങ്കൽക്യാമ്പുകളിലേയ്ക്കയക്കുന്നതു്. അവിടെ അവരെ ദണ്ഡനമനുഭവിപ്പിക്കുന്നു. ഒടുവിൽ ‘ഒളിച്ചോടാൻശ്രമിച്ചു’ എന്ന കാരണം പറഞ്ഞുണ്ടാക്കി വെടിവച്ചുകൊല്ലുന്നു. വിയന്നായിലും പാരീസിലും വാഴ്സായിലും അവരായിരുന്നു ആദ്യമേ ആത്മഹത്യ നടത്തിയതു്. മുൻപറഞ്ഞ ഘോരതകളിൽനിന്നു രക്ഷപ്രാപിക്കാൻ സാധിച്ചവർക്കുപോലും ജീവിതം കാമ്യമായിതോന്നിയിരുന്നില്ല. ഹിററ്ലരുടെ സൈന്യങ്ങൾ പാരിസിൽ പ്രവേശിച്ചപ്പോൾ ആറു പ്രമാണികളായ ജർമ്മൻഎഴുത്തുകാർ സ്വയം ജീവനാശം വരിച്ചു. ഏർനസ്ററ്ടോളർ ന്യൂയാർക്കിൽവച്ചും സ്റ്റെഫൻസ്വീഗ് ദക്ഷിണഅമേരിക്കയിൽവച്ചും ആത്മഹത്യചെയ്തു. യൂറോപ്പിലെ വിദ്യാവിത്തുക്കളുടെ നിശ്ശേഷസംഹാരം യുദ്ധാവസാനത്തിലേ പൂർണ്ണമായി വെളിവാകയുള്ളു.

ഹിററ്ലരുടെ നയതന്ത്രപരമോ രാഷ്ട്രീയമോ ആയ പരാജയം യൂറോപ്പിലെ ജനസാമാന്യങ്ങളിൽ അയാൾ കുത്തിവച്ചിട്ടുള്ള വിഷത്തെ ദൂരീകരിക്കുന്നതല്ല. ഏററവും കരണശുദ്ധിയോടുകൂടിയ പ്രചരണപ്രയത്നംപോലും ധർമ്മബോധത്തിന്റെയും ബുദ്ധിശക്തിയുടെയും പ്രവർത്തനത്തിലുള്ള പരിശീലനത്തോടുകൂടിയതല്ലെങ്കിൽ നിഷ്ഫലമായി തീരുകയേയുള്ളു. ആവിധത്തിലുള്ള ഒരു പരിശ്രമം നടത്തപ്പെടുമോ എന്നു സംശയമാണു്. സ്വയം അതിജീവിച്ചുകഴിഞ്ഞിട്ടുള്ള ഒരു നാഗരികത നാശത്തിൽനിന്നും രക്ഷിക്കപ്പെടുവാൻ യോഗ്യമല്ല. സ്വന്തം ആത്മീയമഹത്വത്തെ നിരന്തരം നിഷേധിക്കയും അതിന്റെസ്ഥാനത്തു ‘മുഷ്ടിയുടെശക്തി’യെ അവരോധിക്കയും ചെയ്തിരിക്കുന്ന ഒരു രാജ്യം സ്വന്തമായ ഒരു പ്രാതിഭജീവിതം അർഹിക്കുന്നില്ല. യൂറോപ്യൻകലയിൽ ‘ക്യൂബിസ’ത്തിനോ ‘സർറിയലിസ’ത്തിനോ ഇംപ്രെഷണിസത്തിനോ ഏതിനായിരിക്കും പ്രാബല്യം എന്നുള്ളതല്ല ഇന്നത്തെ പ്രശ്നം. യൂറോപ്പിനു തിരിച്ചുനൽകപ്പെടുന്ന സ്വാതന്ത്ര്യം ഒരു പുതിയ സൃഷ്ട്യുന്മുഖപ്രചോദനത്തിനുള്ള ഉത്തേജനം നൽകുമോ എന്നുള്ളതാണു് ഇന്നു പ്രശ്നം. ഒരു ഖണ്ഡത്തിലെ ജനങ്ങൾക്കു സ്വാതന്ത്ര്യത്തിനുള്ള കാലം പക്വമായിരുന്നില്ലെങ്കിൽ അവർ അതിനെ പിന്നെയും ദുർവ്വിനിയോഗംചെയ്യും. അതിന്റെ ഫലമാകട്ടെ, മുമ്പിലത്തേക്കാൾ ഘോരമായ സമസ്തഭഗ്നാവസ്ഥയുമായിരിക്കും. സ്വതന്ത്രമായ ബുദ്ധിയ്ക്കും നിരൂപണപരമായ ചിന്താവ്യാപാരത്തിനും യൂറോപ്പുഭൂഖണ്ഡത്തിൽ ഒററ ഒരിടംപോലും അവശേഷിക്കുന്നുണ്ടോ എന്നു സംശയമാണു്. ഒരു തലമുറ യുവാക്കന്മാരും യുവതികളും മൃഗീയമായ ഹൃദയശൂന്യതയുടെയും വിശിഷ്ടഗുണങ്ങളുടെപേരിൽ നടത്തപ്പെടുന്ന നിഷ്ഠുരതയുടെയും അന്തരീക്ഷത്തിലാണു വളർന്നുവന്നിരിക്കുന്നതു്. നിയന്ത്രിതമായ കലയുടെയും സംസ്കാരത്തിന്റെയുംശ്രുതിയിലാണു് അവരുടെ ജീവിതം. സ്വയംകൃതികളെക്കാൾ അനുകരണത്തെയും, പ്രതിഭയെക്കാൾ ജന്തുവാസനയെയും അന്തസ്സത്തയെക്കാൾ ജാഡത്തെയും അറിയാതെ വിലവയ്ക്കത്തക്കവണ്ണമാണു് അവരുടെ പ്രാധാന്യകല്പനകളുടെ സമ്പ്രദായം. ഗ്രന്ഥങ്ങളെ ചുട്ടെരിക്കുന്നതിനെയും പ്രതിഭാശാലികളെ തടങ്കൽപാളയത്തേക്കയയ്ക്കുന്നതിനെയും നിത്തുവാൻ അവർ നിർബ്ബന്ധിതരായി എന്നു വരാം. എന്നാൽ അതിലേറെ വഷളായ ഒരു ദുസ്ഥിതി അവരെ ഗ്രസിക്കുവാനിടയുണ്ടു്—മനുഷ്യന്റെ അന്തർമ്മണ്ഡലം വിരചിച്ചുവച്ചിട്ടുള്ളവയുടെയെല്ലാം നേർക്കുള്ള ഒരു ഉദാസീനതയും, ഹൃദയശൂന്യതയും, സാമാന്യവും സദാ സുലഭവുമല്ലാത്തതിന്റെയെല്ലാംനേർക്കുള്ള വർദ്ധമാനമായ ഒരു അസഹിഷ്ണുത, രാജ്യതന്ത്രത്തിലും, ജർണലിസത്തിലും കലയിലും എല്ലാം ഇടത്തരക്കാരെ ഒരു വിവേചനവും കൂടാതെ അംഗീകരിക്കൽ.

യൂറോപ്യൻനാഗരികതയുടെ ഭാവിഭാസുരമല്ല സാമ്പത്തികമോ രാഷ്ട്രീയമോ ആയ ജീവിതത്തിനു സ്ഥിരത സമ്പാദിച്ചു എന്നിരുന്നാലും സാംസ്കാരികവിഷം എന്നന്നേക്കുമായി വിസർജ്ജിച്ചുതീരണമെങ്കിൽ തലമുറകൾ പലതു കഴിയേണ്ടിവരും. യൂറോപ്പിന്റെ യഥാർത്ഥശത്രു ഹിററ്ലരുടെ പാൻസർസേനാവിഭാഗങ്ങളല്ല, ലോകത്തിന്റെ ഒരററംമുതൽ മറേറഅററംവരെ അയാൾ വ്യാപിപ്പിച്ചിട്ടുള്ള മാനസികദാരിദ്ര്യമാണു്. വിദ്യാവിത്തുക്കൾ വീണ്ടും സുസ്ഥിതിപ്രാപിക്കുമോ എന്ന ചോദ്യംനിഷ്ഫലമാണു് അവർ സുസ്ഥിതിപ്രാപിക്കുമോ ഇല്ലയോ എന്നതു വാസ്തവത്തിൽ അപ്രസക്തമാകുന്നു. നമ്മെ സംബന്ധിക്കുന്ന കാര്യം ഒന്നു മാത്രം യുദ്ധപൂർവ്വയൂറോപ്പിലെ ഭീമഭീമമായ മനോഭാഗാവസ്ഥയാൽ യൗവനം വിഷദൂഷിതമായിത്തീർന്നവർ തങ്ങളെയും തങ്ങളുടെ ഭാവിതലമുറയെയും പ്രതിഭാപരമായ പരാജയത്തിൽനിന്നു വിമുക്തരാക്കുവാൻ പ്രാപ്തരാകുമോ എന്നതാണു് നമ്മെ സംബന്ധിക്കുന്ന കാര്യം. ഒരു രാജ്യത്തെ വിദ്യാകുശലന്മാർ അന്യനാട്ടുകാർക്കു സന്ദേശങ്ങൾ അയയ്ക്കുകയും നാടുതോറും സൗഹാർദ്ദദൗത്യസംഘങ്ങളെ നിയോഗിക്കുകയും ചെയ്യുന്നുണ്ടോ എന്നതല്ല ഇനിമേൽകാര്യം. സാമാന്യജനങ്ങളെ ബുദ്ധിപൂർവ്വവും നിരൂപണപരവുമായ ചിന്താവ്യാപാരത്തിനും, സ്വാതന്ത്ര്യംകൊണ്ടു മാത്രം കൈവരുന്ന പ്രതിഭാപരമായ വിപ്ലവചിത്തതത്ത്വത്തിനും പരിശീലിപ്പിക്കുകയെന്നതാണു് കാര്യം.

നാം നിർമ്മിച്ചെടുക്കുവാനാഗ്രഹിക്കുന്ന യുദ്ധാനന്തരലോകം സർവ്വോപരി നമ്മുടെ സൃഷ്ട്യുന്മുഖധിഷണയോടുള്ള ഒരു സമാഹ്വാനമാണു്. നമ്മുടെ ഈ യുഗത്തിന്റെ ദുസ്ഥിതി ഇവയെല്ലാമാകുന്നു മനുഷ്യചര്യകളുടെ തെററായ മൂല്യനിർണ്ണയം, സാന്മാർഗ്ഗികതത്വങ്ങളെക്കുറിച്ചു സദാപി വർദ്ധിച്ചു വർദ്ധിച്ചുവരുന്ന അനാസ്ഥ, സമൂഹത്തോടെ വേരിളകി വാടിത്തളർന്നുപോയെന്നുള്ള ഒരു വിചാരം. കാര്യങ്ങൾ വീണ്ടും ക്രമപ്പെടുത്തി ശരിയാക്കിയെടുക്കുവാനുള്ള നമ്മുടെ യത്നങ്ങളുടെ ജയപരാജയങ്ങളെയാണു് യൂറോപ്പിലെ കലയുടെ സാഹിത്യത്തിന്റെയും ഭാവി സമാശ്രയിച്ചിരിക്കുന്നതു്. യൂറോപ്പിലെ യുവലോകത്തെ (തൽക്കാലം പ്രാധാന്യം അർഹിക്കുന്നതു യുവലോകം മാത്രമാണു്) ശരിയായ ശ്രുതിയിലേക്കു വീണ്ടും കൊണ്ടുവന്നുറപ്പിക്കുന്ന ജോലി പുതിയ പ്രശ്നങ്ങളെയും പുതിയ വ്യാഖ്യാനങ്ങളെയും ആവിർഭവിപ്പിക്കും. യുദ്ധാനന്തരയൂറോപ്പിലെ സാഹിത്യം ജനലക്ഷങ്ങളുടെ തമസ്കൃതമനോമണ്ഡലങ്ങളെ നൂതനവും സന്തോഷദായകവും ആയ ഒരു സൃഷ്ടിപ്രചോദനമായി രൂപാന്തരപ്പെടുത്തുമോ എന്നു പ്രവചിക്കുക ആർക്കും സാദ്ധ്യമല്ല. എന്നിരുന്നാലും എഴുത്തുകാർക്കു മുമ്പെങ്ങുമുണ്ടായിരുന്നതിൽ എത്രയോ മഹത്തരമായ ഒരു കൃത്യമാണു് നിർവ്വഹിക്കുവാനുള്ളതെന്നതിനു സംശയമില്ല. എന്തെന്നാൽ അവർ

(ശേഷം ൧൧-ാം പേജിൽ)

# ചെറുശ്ശേരിയുടെ ഫലിതം

(സി. കെ. മൂസ്സത്, ബി എസ്സ് സി. ആണേഴ്സ്)

ഫലിതം കേരളബ്രാഹ്മണരുടെ കൂടെപ്പിറപ്പാണെന്നാണ് വെപ്പ്. തന്നോടടുക്കവരുന്ന സുഖദുഃഖങ്ങളെയും ഉല്ക്കർഷാപകർഷങ്ങളെയും കേവലം വസ്തുവാക്കി വെടിപറഞ്ഞു ചിരിക്കാനും ചിരിപ്പിക്കാനുമുള്ള അവരുടെ കഴിവ്, ലോകത്തെ ധനശാസ്ത്രത്തിലൂടെ കച്ചവടക്കണ്ണൂട്ടു നോക്കുന്ന പാശ്ചാത്യർക്ക് ലഭിക്കുക എളുപ്പമല്ല. എലിയെക്കൊല്ലാൻ ഇല്ലം ചുട്ട നമ്പൂരിക്കു മാത്രമേ എലി ഓടിപ്പോകുന്നതു കണ്ടപ്പോൾ "ഇല്ലം വെന്തു; എലിയൊട്ടു ചത്തതുമില്ല; രാമാ, നീയച്ചെല്ലാം ഇരുത്തേക്ക്; ഒന്നു മുറുക്കട്ടെ!" എന്നു താൽക്കാലികവ്യഥ മറന്നു തന്റെ ഭോഷത്വത്തിൽ ചിരിക്കാനുള്ള മനസ്സ് വരികയുള്ളു. പുത്രൻ മരിച്ചു ശവസംസ്കാരത്തിനു ഒരു ചെറിയ മാവു മുറിക്കുന്നതു കണ്ട ഒരു വയസ്സൻനമ്പൂരി, "അതു കൊണ്ടാവ്വോ, രാമാ! അതൊണ്ടെന്റെ ഉണ്ണീടെ കോണം ദഹിക്കില്ലല്ലോ!" എന്നു പറഞ്ഞതായി കേട്ടിട്ടുണ്ട്. ഇത്രയ്ക്കു കടന്ന നിലയിലാണ് നമ്പൂരിമാരുടെ ജീവിതത്തിൽ ഫലിതഭ്രമം കാണുന്നതു. ഈ ജാതി സ്വഭാവം കൃഷ്ണഗാഥാകർത്താവിനും മാറ്റിവയ്ക്കാൻ കഴിഞ്ഞിട്ടില്ല.

നമ്മുടെ കവിക്ക് ഈ സാമാന്യമായ വാസനാവൈഭവംകൂടിയുണ്ടാകയാൽ പ്രായേണ അദ്ദേഹത്തിന്റെ ഫലിതം അലങ്കാരപ്രയോഗത്തിലും ശൃംഗാരപ്രതിപത്തിയിലും അതിശയോക്തികളിലും ആണ് നിഴലിച്ചുകാണുന്നതു. ഫലിതം പറയാനായി ഒരുങ്ങുന്ന സമ്പ്രദായം ഔചിത്യവേദിയായ ചെറുശ്ശേരിക്കില്ല; തരം കിട്ടുമ്പോഴെല്ലാം തട്ടിമൂളിച്ചിട്ടുണ്ടെന്നു മാത്രം.

ശ്രീകൃഷ്ണന്റെ ബാലസഹജമായ ചാപല്യങ്ങളെ വർണ്ണിക്കുന്നിടത്തു കേരളീയബ്രാഹ്മണത്വം ഏറക്കുറെ തെളിഞ്ഞുകാണാം. "അപ്പോട്ടെ വീട്ടിലെയുപ്പു നൽകുവാനപ്പങ്ങൾ" നിർമ്മിച്ച ഒരു സ്ത്രീ തനിക്കു കാർവ്വർണ്ണൻമൂലം നേരിട്ട അമളിയെ യശോദയോടു വിവരിച്ചു കൊടുക്കുകയാണ്. അപ്പപ്പാത്രത്തിലെ അപ്പമെല്ലാം കണ്ണനെടുക്കുകയും തൽസ്ഥാനത്തു ഗോമയപിണ്ഡങ്ങൾ ഉരുട്ടിവയ്ക്കുകയും ചെയ്തുവത്രേ. തന്നിമിത്തം 'ക്രൂരിമാരായ ഉച്ചകംതന്നിലെ പാരംകാച്ചു'കൊണ്ടു [illegible] ചാണകം തീറ്റിയതും ആ സമയത്തുണ്ടാകുന്ന മുഖഭാവഭേദത്തെ വർണ്ണിക്കാനൊരുമ്പെട്ടതും, ഗാഥാകർത്താവിന്റെ രസികത്വമാണെന്നേ പറഞ്ഞുകൂടൂ. നോക്കുക.

"ചാണകംനാമെന്നിതെന്നിതെന്നല്ലാതെ
സന്ദേഹിച്ചിയോടു വായിലാക്കി
വേഗത്തിൽനിന്നുമെതിർത്തോരു നേരത്തു
വേവെന്നായ്‌വന്ന മുഖങ്ങളെല്ലാം
തൂമകലർന്നുള്ള കൈനഖംതന്നിലെ
തൂശിതറച്ചപ്പോഴെന്നപോലെ"

എന്നു മാത്രമല്ല, അവരുടെ മുഖഭാവം കണ്ടമാത്രയിൽ കുരങ്ങന്മാർക്കു തങ്ങളുടെ സാദൃശ്യവും സാധർമ്മ്യവും തോന്നി അവർ അടുത്തുവന്നു കൂടിയത്രേ!

"തങ്ങളിൽ തങ്ങളിൽ നോക്കിത്തുട-
ങ്ങിനാർ
കൊഞ്ഞനംകാട്ടുന്നോരെന്നപോലെ
ആനന്ദം കണ്ടതിൽ തങ്ങളെന്നോർത്തിട്ടു
വാനരൻ ചെന്നങ്ങു പൂണ്ടതും താൻ"

ഇത്രത്തോളം രസികത്വത്തിന്റെ അടിത്തട്ടിലേക്ക് പോകുവാൻ അനുഗൃഹീതഹൃദയന്മാർക്കു മാത്രമേ സാധിക്കയുള്ളു.

അതുപോലെ കണ്ണനാകട്ടെ, അയൽപ്പെണ്ണുങ്ങളിൽ ഒരുവളുടെ കന്നുകുട്ടിയെ മറ്റൊരുവളുടെ ആലയിൽ കെട്ടിക്കാനും, അവരുടെ കലഹങ്ങൾ കണ്ടു രസിക്കാനും മാറുമായി ചെറുശ്ശേരി പ്രയോഗിച്ചിട്ടുള്ള പൊടിക്കൈകൾ അനേകങ്ങളാണ്. ശ്രീകൃഷ്ണൻ വെണ്ണ കക്കാൻ ശ്രമിക്കുമ്പോൾ ഉറി എത്താതെ പരുങ്ങുന്ന രംഗം ഭാവനയിൽ കണ്ട് കവി വർണ്ണിക്കുന്നതു നോക്കുക.

"തൃക്കൺ നല്ലുറിതൻകീഴിൽ ചെന്നിട്ടു
നോക്കിനിന്നീടിനാനൊട്ടുനേരം
ശബ്ദത്തിൽചെന്നുള്ളോരർത്ഥത്തെ കാണ്മാ-
നായ്
ശാബ്ദികന്മാരൊത്തു നില്ക്കുംപോലെ
പാരിച്ചുകെട്ടിച്ചാൻ നീളമില്ലായ്കയാൽ
ഈരേഴുലോകമളന്നോൻ പിന്നെ"

കണ്ണന്റെ ബാല്യകാലത്തുതന്നെയാണല്ലോ [illegible],

"പൂഴിച്ചോറാക്കിക്കളിച്ചുനിന്നീടിനാ-
നാഴപ്പെണ്ണുങ്ങളുമൊത്തുണ്ണി താൻ"

ഇങ്ങനെ വാർത്ത കേട്ടു യശോദ പുത്രനെ ശിക്ഷിപ്പെട്ടതും, നോക്കുക,

"ശീലക്കേടിങ്ങനെ ചാലെനീ കാട്ടുമ്പോൾ
കോലുകൊണ്ടെന്നെ നീ ചൊല്ലേണ്ടുന്നോ"

മണ്ണ് തിന്നോയെന്നു പരീക്ഷിക്കുവാൻ കണ്ണനോടു വാപൊളിക്കാൻ ആജ്ഞാപിച്ച യശോദ കാണുന്ന കാഴ്ചയും അവളുടെ ഭയവും ഫലിതത്തിന്റെ പൊടിവെളക്കലോടെ വിവരിച്ചിട്ടുണ്ട്.

ധന്യന്മാരെല്ലാരും നന്ദനെക്കാണായി
തന്നെയുംകാണായിതവ്വണ്ണമേ
വായുംപിളർന്നുതാൻ ചാരത്തുനിന്നോരു
മാമകൻതന്നെയും കാണായപ്പോൾ

എന്നുമാത്രമല്ല,

"അന്തകൻതന്നുടെയാനനംകണ്ടപ്പോ-
ളന്തമില്ലാതൊരു പേടിയായി
കണ്ണടച്ചുവിറച്ചുനിന്നീടിനാൾ
കണ്ണ കാർവർണ്ണായെന്നോതിയോതി"

നോക്കൂ, ഓമനപ്പുത്രനെ പ്രഹരിപ്പാനൊരുങ്ങ പ്രസാദിപ്പിക്കാൻ തുനിയുന്ന അമ്മയുടെ യുക്തി!

തൈർകടയുന്ന യശോദയുടെ തൂലികാചിത്രം ചെറുശ്ശേരി വരച്ചിട്ടുള്ളത് ഒരു കേരളബ്രാഹ്മണഗൃഹത്തിലെ ഗൃഹനായികയെ മനസ്സിലോർത്താണെന്നു തോന്നുന്നു.

"കണ്ണനെക്കൊണ്ടുള്ള പാട്ടെല്ലാമന്നേരം
തിണ്ണം തെളിഞ്ഞുതൻ പാടിപ്പാടി
അഞ്ചൽച്ചൂന്നുള്ള കൊങ്കകൾതന്നുടെ
[illegible]കൊണ്ടും പിന്നെ
ഗണ്ഡസ്ഥലങ്ങളെ ചുംബിച്ചുമേവുമി-
ക്കുണ്ഡലഖണ്ഡത്തിൻ കാന്തികൊണ്ടും
തൂവിയർപ്പേന്തുമാനനംകൊണ്ടുമ-
പ്പൂമലർതൂകുന്ന ചായൽകൊണ്ടും
പാരം വലഞ്ഞുമപ്പങ്കജലോചന
പാരിച്ച തൈർകടഞ്ഞീടുമപ്പോൾ"

കണ്ണൻ ഓടിച്ചെന്ന്, മടിയിലേറി, ചേവടിതന്നിലെച്ചേറെല്ലാമമ്മതൻ ചേണാറ ചേലയിൽ തേച്ചതും എത്ര ഹൃദയംഗമമായിരിക്കുന്നു! അടുപ്പത്തുള്ള കലത്തിൽനിന്നും പാൽ തിളച്ചുപോകുന്നതു കണ്ട യശോദ ഓടിപ്പോകുമ്പോൾ സരസനായ കവി കണ്ണനെക്കൊണ്ടു ചെയ്യിക്കുന്ന കൃത്യം രസകരമായിട്ടുണ്ട്. അമ്മിക്കല്ലെടുത്തു കലത്തിലിട്ടപ്പോൾ

"[illegible]യുള്ളോരു നൽക്കലമന്നേരം
പഞ്ചത്വമുണ്ടായിതെന്നുകൊണ്ടേ
ഭാജനംപോകയാൽ ഭൂതലം ചെഞ്ചെമ്മേ
ഭാജനമായിട്ടുതീർന്നതന്നാൽ"

അതു കണ്ടു രസിക്കാനും അതു തന്മയത്വത്തോടെ വിവരിക്കാനും ചെറുശ്ശേരിക്കേ കഴിയുകയുള്ളു.

കണ്ണനെ തല്ലാൻ കോലുമെടുത്തു പോകുന്നതു കല്ലൂഴിയിൽ കണ്ടു മതിമറന്ന കവിയുടെ മനോഗതം സഹൃദയരെ മനസ്സിലാക്കുന്നു.

"വാക്യപ്പെരുനീട്ടമശ്ശാസ്ത്രങ്ങളും പൂഴ്മ-
രാപ്പുകൾ തേടുന്ന വേദങ്ങൾക്കും
തൊട്ടുനിന്നീടുവാൻ കിട്ടാതുള്ളോനെ
പെട്ടെന്നു ചെന്നു പിടിച്ചാളമ്മ"

ഹൃദയാകർഷകങ്ങളായ കപടഗോപാലന്റെ കുടിലലീലകൾകണ്ടു നിൽക്കുന്ന ബാലികമാരെ ചിത്രീകരിച്ചതു ഫലിതവും രസികത്വവും ശൃംഗാരത്തിൽ അലിയിച്ചു പുരട്ടിയ വരികളെക്കൊണ്ടാണ്.

"ബാലികമാരായ നാരിമാരോരോരോ
ലീലകൾകണ്ടുമയങ്ങുന്നേരം
പൂവില്ലുകൊണ്ടവൻ മേനിയിൽ മെല്ലവേ
പൂവില്ലവൻ ചെന്നുതൊട്ടുപോന്നാൻ
എന്നപോലെന്നിവർ യൗവനമാളുന്നി-
തെന്നോരു ചിന്തതുടങ്ങിതപ്പോൾ!'

എത്രയും അതിശയോക്തിപ്രിയനായ കവി ഹേമന്തവർണ്ണനയിൽ

"തീയുംതന്നുള്ളിലെ തോന്നിത്തുടങ്ങിതേ
തീകായവേണമെന്നുള്ളമെന്നും"

എന്നുതന്നെ ഫലിതം പൊടിക്കാൻ മുതിർന്നതു നോക്കുക.

പൂഞ്ചായലെല്ലാം മുറുക്കി ജലക്രീഡയ്ക്കിറങ്ങിയ ഗോപികളെപ്പറ്റി

"കാളിന്ദിതന്നിലെ നീരായിനിന്നോരു
നീലമാം ചേലയും പൂണ്ടുചെന്നാർ"

എന്നു പറഞ്ഞതും,

കൃഷ്ണന്റെ നിർദ്ദേശമനുസരിച്ചു ദിഗംബരകളായി കരയിൽ കയറി കൂറചേർക്കുന്ന ബാലികമാർക്ക്

"നാണമില്ലാത്തവർ കൂറയും കൂടാതെ
ദീനമാരാകൊല്ലായെന്നിതുണ്ണി"

'രോമാഞ്ചമാകുന്ന കഞ്ചുകം' കൊടുത്തതും ചെറുശ്ശേരിയുടെ ഫലിതപ്രിയമാണ്. സുന്ദരാംഗികൾ വസനമണിഞ്ഞപ്പോൾ കണ്ണനിൽ കവി ആരോപിക്കുന്ന വികാരഭേദം അദ്ദേഹത്തിന്റെ രസികത്വത്തിനുള്ള മകുടോദാഹരണമാണ്.

'ലാവണ്യംപൂണ്ടുള്ള പൂഞ്ചായൽമാരെല്ലാം
പൂഞ്ചേലപൂണ്ടങ്ങു [illegible]നേരം
വെണ്ണ ലഭിച്ചുണ്ണുമ്പോൾ തണ്ണമക്കാർമു-
(കിൽ
വെൺതിങ്കൾതന്നെ മറച്ചപോലെ
അണ്ണാനിന്ന ചകോരത്തിൻവേലയ-
ക്കണ്ണന്റെ കണ്ണിണപൂണ്ടുനിന്നു"

ഫലിതരസികത്വത്തിന്റെയും നമ്പൂരിത്വത്തിന്റെയും പരമകാഷ്ഠയെയാണ് ഇതെഴുതുമ്പോൾ ഭാവനാസമ്പന്നനായ കവി ആരോഹണംചെയ്തിട്ടുള്ളത്.

ഗോവർദ്ധനോദ്ധാരണവേളയിൽ കണ്ണന്റെ ലീലാവിലാസങ്ങൾ ചിത്രണംചെയ്തതും നമ്പൂരിത്തത്തിനുള്ള തെളിവാണ്.

"കല്ലേന്തുന്നതാനപ്പോൾ കാണുന്നോരെ-
ല്ലാംൽ
കമനീയമായുള്ളതോന്നുംവണ്ണം
വണ്ണംതിരണ്ടോരു രൂപത്തെപ്പൂണ്ടിട്ടു
വന്നങ്ങു ശൈലം താനെന്നുചൊന്നാൻ
കാളമേഘോദകപായസജാലങ്ങൾ
ധാരണംചെയ്യുന്നുനിന്നു കണ്ണൻ"

ആ കൊടുംവിപത്തിൽനിന്നും നാട്ടുകാരെയും കൂട്ടുകാരെയും രക്ഷിച്ച ഗോവിന്ദനോട് അമ്പാടിപ്പിള്ളരുടെ കൃതജ്ഞതാപ്രകടനവും ഫലിതരസം വഴിയുന്നതരത്തിലാണ്.

"കന്നുചുമന്നിട്ടു വെണ്ണചുമന്നുള്ളോ-
രിന്നിക്കൈ നോവുന്നതില്ലയോ ചൊൽ
കന്നുചുമക്കേണമെന്നങ്ങു ചിന്തിച്ചോ
വെണ്ണചുമന്നിട്ടു ശീലിച്ചുനീ
വെണ്ണയെന്നോർത്തിട്ടു കുന്നിനെത്തന്നെയു-
മുണ്ണുവാൻ വായിലാക്കൊല്ലാതെ"

എന്നുവേണ്ട രാസക്രീഡയിൽ ചേണാറ വേണുവിൻ തേനാറനാദത്തെ കേട്ട ഗോപികമാരുടെ പരിഭ്രമകോലാഹലങ്ങൾ വിവരിച്ചിട്ടുള്ളതും പ്രസ്താവ്യമാണ്.

"തൂമഞ്ഞുമാലതൻകാൽച്ചിലമ്പാക്കിനി-
ന്നോമൽച്ചിലമ്പിനെത്തോൾവളയായ്
മെയ്യിലണിഞ്ഞുചമഞ്ഞുതുടങ്ങിനാർ
പയ്യവേ പോവാനായ് മാരാർത്തി"

രാധയൊന്നു [illegible]പോകുന്ന കണ്ണനോട്,

"കല്ലിൽനടന്നിട്ടു കാലെല്ലാം നോവുന്നു
മെല്ലെ നീയെന്നെയെടുക്കവേണം"

എന്നാവശ്യപ്പെടുന്ന രാധയുടെ അഹങ്കാരം ശമിപ്പിക്കാനായ്, അദ്ദേഹം അവളെ ചുമക്കാൻ അനുവദിക്കുന്നതും അവൾ അതിനു തയ്യാറായി,

"കൂറുടുത്തതു ചാലച്ചുരുക്കീട്ടു
കാലുംകവച്ചങ്ങുനിന്നുപിന്നെ
മേളമെഴുന്ന കഴുത്തിൽകരേറുവാൻ
തോളങ്ങുതപ്പീട്ടുകാണാഞ്ഞപ്പോൾ"

നില്ക്കുന്ന നില വിവരിച്ച തൂലികയുടെ ഫലിതഭ്രമത്തെ എത്ര വാഴ്ത്തിയാലും അധികമാകയില്ല.

കംസവധത്തിൽ ആനയെ വധിക്കുന്നിടത്ത്

"നന്മലയൊന്നുപോലുള്ളതൻമാറിലെ
ചെമ്മയടിക്കുന്നകൈകൾകണ്ടപ്പോൾ"

ആനയുടെ മസ്തകത്തിൽ ആഞ്ഞടിക്കുന്നതും അതു അസഹനീയമായ കവീന്ദ്രൻ,

"വാപിളർന്നങ്ങു കരഞ്ഞുതുടങ്ങിനാൻ
കരിവീരനായ്‌വന്നവല്ലമപ്പോൾ"

എന്ന നില അണഞ്ഞതിലും കാണുന്ന കവി ഒരു നമ്പൂരിയാണെന്നു പറഞ്ഞറിയിക്കേണ്ടതില്ല.

രുഗ്മിണിയുടെ സൗന്ദര്യവർണ്ണനയിൽ,

"ശൈശവംപോംമുമ്പേ യൗവ്വ-
(നംതാൻവന്നു
പേശത്തുടങ്ങിതൻമേനിതന്നിൽ
കാമന്താനെന്നതു കണ്ടോരുനേരത്തു
സീമയിട്ടീടിനാനെന്നപോലെ
മംഗലമായൊരു രോമാളികാൻവന്നു
പൊങ്ങിത്തുടങ്ങിതു ഭംഗിയോടെ"

എന്നു വർണ്ണിക്കാൻ ഒരുമ്പെട്ടതും, സൗഭദ്രികകഥയിൽ സുഭദ്രയെക്കൊണ്ടു പഴത്തോൽ വിളമ്പിച്ചതും കവിയുടെ ഫലിതംകൊണ്ടു 'കടുകുവറുക്ക'വാനുള്ള അരി വാങ്ങുകയെന്നല്ലാതെ മറ്റെന്തു പറയേണ്ടു?

അതുമല്ല, രുഗ്മിണീസോദരനായ രുഗ്മി, തന്റെ സോദരിയെ പാൽവെണ്ണക്കള്ളനായ കണ്ണനു കൊടുക്കരുതെന്നു ശഠിക്കുന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

"പാവനമായൊരു വൈദികമന്ത്രത്തെ
പാമരന്മാർക്കിന്നു നൽകുംപോലെ
സോദരിയായൊരു രുഗ്മിണിതന്നെ ഞാ-
നന്ദജനോടു കൊടുക്കുന്നില്ല"

ശ്രീകൃഷ്ണനെ പാമരജന്മാവിനോടുപമിച്ചതിൽനിന്നും, ഉൽബുദ്ധനായ കവി സ്വജാതീയരുടെ ജാതിസ്വഭാവത്തെ പരോക്ഷമായി പരിഹസിക്കയല്ലേ ചെയ്തതു് എന്നും ഞാൻ ബലമായി സംശയിക്കുന്നു.

മാരമാലാലേ ദേഹം മെലിഞ്ഞതിനു കാരണം ചോദിക്കുന്ന തോഴികളോടു രുഗ്മിണിയെക്കൊണ്ട്,

"ഈശ്വരൻതന്നെയാശിച്ചുമന്മാനസേ-
യാശ്രയിച്ചില്ല മറ്റാരെയുംതാൻ"

എന്നിങ്ങനെ ദ്വയാർത്ഥദ്യോതകമാംവിധം ഈശ്വരഭക്തി നടിപ്പിക്കുന്നതും രസകരമാണ്.

ശ്രീകൃഷ്ണലാഭത്തിനായി രുഗ്മിണിയുടെ ദൈനംദിനപ്രാർത്ഥനകേട്ട് അതേറ്റു പാടിയ ശാരികയെപ്പറ്റി,

"പാഴായ്മപൂണ്ടൊരു ശാരികപ്പൈതലെ-
പ്പാരാതെപോക്കേണം ദൂരത്തിപ്പോൾ"

എന്നു ലജ്ജാവിവശയായ രുഗ്മിണി പറയുമ്പോൾ അവളിലങ്കുരിക്കുന്ന രോമാഞ്ചം നോക്കി,

"പാഴ്പനികൊണ്ടല്ലീ കോൾമയിർ-
(കൊള്ളുന്നു
വാഴ്വേറുന്നീടുന്നിമെയ്യിലിപ്പോൾ
രോമങ്ങൾതന്നോടു കോപിക്കവേണ്ടതൻ
ശാരികപ്പൈതലോടെന്നപോലെ"

തോഴികളെക്കൊണ്ടുകൂടി, ചാടൂക്തി പറയിക്കാൻ ചെറുശ്ശേരിയുടെ ഫലിതപ്രതിപത്തി അദ്ദേഹത്തെ പ്രേരിപ്പിച്ചു.

ഉദാഹരണങ്ങൾ ഇനിയും ഉദ്ധരിച്ച് ഈ ലേഖനം നീട്ടുന്നില്ല. ഒരുതവണ പാരായണംചെയ്താൽ തീർച്ചയായും രണ്ടോ നാലോ പ്രാവശ്യം വായിക്കാൻ വേണ്ട ഔൽസുക്യം സംസ്ഥാപിക്കുന്ന ഒരു കൃതിയാണു കൃഷ്ണഗാഥ. ശൃംഗാരരസം അല്പം കടന്നുപോയെന്ന ഒരു ന്യൂനത—അതൊരു ന്യൂനതയാണെങ്കിൽ—മാത്രമേ ഏതൊരു ദോഷൈകദൃക്കിനും അതിൽ ചൂണ്ടിക്കാണിക്കാൻ കഴിയുകയുള്ളു.

— ൦ —

തയാറായി.
"ഹസ്തശാസ്ത്രം" അഥവാ
രേഖാശാസ്ത്രപാഠങ്ങൾ.
By പാമിസ്റ്റ്, ബി. തോമസ്സ്, കോട്ടയം.
വില രൂപാ ഒന്നര.
സുബ്രഹ്മണ്യവിലാസം ബുക്ക്ഡിപ്പോ കോട്ടയം.

# സമരസേവനപ്രദർശനം

തിരുവനന്തപുരം, വൃശ്ചികം 25

ജനുവരി 12-ാംതിയതി മുതൽ ഇവിടെവച്ചു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന സമരസേവനപ്രദർശനം സംബന്ധിച്ചു സജ്ജീകരണങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നതായി പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആധുനികയുദ്ധസാമഗ്രികളെ സംബന്ധിച്ചു ഒരു സാമാന്യജ്ഞാനം ലഭിക്കത്തക്കവണ്ണം പ്രദർശനവസ്തുക്കളുടെ കൂട്ടത്തിൽ ദർശനീയങ്ങളും ആകർഷകങ്ങളുമായ പല നവീനസാമഗ്രികളും ഇവിടെ കൊണ്ടുവരുന്നതാണ്. ഇവയിൽ യുദ്ധരംഗത്തു ഉപയോഗിക്കപ്പെടുന്ന തരത്തിലുള്ള ടാങ്കുകൾ സൈനികവാഹനങ്ങൾ, കവചിതകാറുകൾ മുതലായവ ഉൾപ്പെട്ടിരിക്കും. ദുർവ്വഹമായ ഭാരമുള്ള ടാങ്കുകൾ മുതലായവ കടത്തിക്കൊണ്ടുവരത്തക്കവണ്ണം നമ്മുടെ പാലങ്ങളിൽ ചിലതിനു വേണ്ടത്ര ഉറപ്പില്ലെന്നുള്ളതിനാൽ അപ്രകാരം ഭാരമേറിയ ടാങ്കുകളും മററും ഇവിടെ കൊണ്ടുവരികയെന്നുള്ളതു തികച്ചും ശ്രമസാദ്ധ്യമായിട്ടുള്ളതാണെന്നു പറയപ്പെടുന്നു എങ്കിലും ഏതാനും ടാങ്കുകളും അതുപോലെയുള്ള മററു ചില ഉപകരണങ്ങളും കൊണ്ടുവരുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ അധികൃതർ കൈക്കൊണ്ടിട്ടുള്ളതായറിയുന്നു. മണിമലയാററിലുള്ള തോണ്ടുപാലത്തിന്റെ ബലഹീനതയെ പരിഗണിച്ചു മറെറാരു മാർഗ്ഗമായിട്ടാണ് ഇവ കൊണ്ടുവരുവാനുദ്ദേശിച്ചിരിക്കുന്നതെന്നും ഈ ആവശ്യത്തിലേക്കു ചെങ്ങന്നൂരിനു സമീപം ഓതറ എന്ന സ്ഥലത്തു വരട്ടാററിൽ ഒരു പാലം 12 മണിക്കൂർ കൊണ്ടു ഇതിനകം പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുന്നുവെന്നും അറിയുന്നു. കരയിലും വെള്ളത്തിലും ഒരുപോലെ ഓടിക്കത്തക്ക സൗകര്യത്തോടുകൂടിയ വിചിത്രരീതിയിലുള്ള ഒരു വാഹനം ഇന്നലെ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. ഇന്ത്യാഗവൺമെന്റിന്റെ കാർഷികവകുപ്പിലെ ഒരു വിദഗ്ദ്ധനായ മി. റഷീദും അദ്ദേഹത്തിന്റെ പത്നിയും കൊച്ചിയിൽ നിന്നു ഇന്നലെ ഈ വാഹനത്തിലാണ് ഇവിടെ എത്തിയിരിക്കുന്നതു്. ഇതു തിരിയെ കൊച്ചിയിലേക്കു കൊണ്ടുപോകുന്നതും ഇപ്പോഴത്തെ പ്രദർശനാവസരത്തിൽ വീണ്ടും ഇവിടെ കൊണ്ടുവരുന്നതുമാണ്. വളരെ കൂടുതൽ Tonnage കേവുഭാരമുള്ള ഈ വാഹനം കൊണ്ടുവരുന്നതിനാണ് മേൽപറയപ്പെട്ട പുതിയ പാലം ധൃതഗതിയിൽ നിർമ്മിക്കപ്പെട്ടതെന്നു പറയപ്പെടുന്നു. ഇവിടത്തെ പ്രദർശനത്തോടനുബന്ധിച്ചു ഒരു കാർഷികപ്രദർശനവും വ്യാവസായികപ്രദർശനവും നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. കാർഷികപ്രദർശനം സംബന്ധിച്ച കാര്യങ്ങളെപ്പററി ആലോചിക്കുന്നതിനായി ഇന്നലെ റിസർച്ച് ഡയറക്ടർ ഡാക്ടർ മുഡ്ഗിൽ, കൃഷിഡയറക്ടർ മുതലായ ഇവിടത്തെ ഉദ്യോഗസ്ഥന്മാരും ഇന്നലെ ഇവിടെ എത്തിയ ഇന്ത്യാഗവൺമെന്റിന്റെ കാർഷികവിദഗ്ദ്ധൻ മി: റഷീദും ഉൾപ്പെട്ട ഒരു കാൺഫറൻസ കൂടുകയുണ്ടായി വ്യവസായപ്രദർശനത്തെപ്പററി ആലോചിക്കുവാൻ തിങ്കളാഴ്ച വ്യവസായ സ്ഥാപനക്കാര്യാലയത്തിൽ വച്ച് ഡാക്ടർ ഗോറെ മുതലായവരുൾപ്പെട്ട ഒരു കാൺഫറൻസ് കൂടുന്നതാണ്. പൊതുവെ പ്രദർശനം സംബന്ധിച്ച പ്രാരംഭപ്രവർത്തനങ്ങൾക്കും മററുമായി ഇതിനകം ഇരുനൂറോളം ആളുകളും വിവിധസാധനങ്ങൾ വഹിച്ചുകൊണ്ടുള്ള അനേകം ലോറികളും ഇവിടെ വന്നുചേർന്നിട്ടുണ്ട്. പ്രദർശനസ്ഥലമായ പാങ്ങോട്ടുമൈതാനത്തു് തിയേററുകളും സ്റ്റാളുകളും മററും തയ്യാറാക്കിവരുന്നു. പ്രദർശനം സംബന്ധിച്ചുള്ള പ്രസിദ്ധീകരണവകുപ്പിന്റെ ചുമതല വഹിക്കുന്നവർ താമസിയാതെ ഇവിടെ വന്നുചേരുന്നതും ഇവിടത്തെ പത്രപ്രതിനിധികളുമായി കൂടിയാലോചന നടത്തി പ്രസിദ്ധീകരണം സംബന്ധിച്ച കാര്യങ്ങളിൽ സൗകര്യപ്രദമായ ചില വ്യവസ്ഥകൾ ചെയ്യുന്നതുമാണെന്നറിയുന്നു.

(സ്വ-ലേ)

## ദി ഇൻഡ്യൻ റബ്ബർപ്രൊഡക്ഷൻബോർഡ്

ബ്രിട്ടീഷ്ഇൻഡ്യ, മൈസൂർ, കൊച്ചി ഈ രാജ്യങ്ങളിൽ റബ്ബർകൺട്രോൾ ആൻഡ് പ്രൊഡക്ഷൻ ഓർഡർ, 1942 എന്ന നിയമത്തിലും, തിരുവിതാംകൂറിൽ, തിരുവിതാംകൂർ റബ്ബർകൺട്രോൾ ആൻഡ് പ്രൊഡക്ഷൻ ഓർഡർ 1942 എന്ന നിയമത്തിലും അടങ്ങിയ നിബന്ധനകൾപ്രകാരം താഴെ 1-ാം കാളത്തിൽ കാണിച്ചിട്ടുള്ള ആളുകൾ 2-ാംകാളത്തിൽ കാണിച്ചിട്ടുള്ള ആളുകൾക്കല്ലാതെ റബ്ബർ വിൽക്കുകയോ, കൈമാററം ചെയ്കയോ, വേറെ വ്യാപാരം ചെയ്കയോ അരുതാത്തതാകുന്നു

| (1) | (2) |
|---|---|
| (i) അംഗീകാരം ലഭിച്ച തോട്ടത്തിന്റെയോ ചെറിയ തോട്ടത്തിന്റെയോ (Approved estate or Holding) ഉടമസ്ഥൻ; അംഗീകാരം സിദ്ധിച്ച കച്ചവടക്കാരൻ (Approved Dealer) | റബ്ബർ കൺട്രോളർ. |
| (ii) ലൈസൻസു ലഭിച്ച കച്ചവടക്കാരൻ (Licensed Dealer) | അംഗീകാരം ലഭിച്ച കച്ചവടക്കാരൻ. |
| (iii) വേറെയുള്ളവർ. | അംഗീകാരമോ ലൈസൻസോ ലഭിച്ച കച്ചവടക്കാരൻ. |

ഈ നിബന്ധനകൾ ചില പ്രത്യേക കല്പനകൾ അനുസരിച്ചു നടക്കുന്ന ഇടപാടുകളെ ബാധിക്കുന്നതല്ല

അംഗീകാരം ലഭിച്ചിട്ടുള്ള തോട്ടങ്ങളുടെയും ചെറിയ തോട്ടങ്ങളുടേയും പേരു ,, അംഗീകാരമോ, ലൈസൻസോ ലഭിച്ചിട്ടുള്ള കച്ചവടക്കാരുടെ പേരും കാണിക്കുന്ന ഒരു പട്ടിക ഇവിടെ എഴുതി അപേക്ഷിച്ചാൽ കിട്ടുന്നതാണ്.

കോട്ടയം,
24-11-1944.

സി. ആർ. ബി. മേനോൻ,
സെക്രട്ടറി.




ഷി

സി. രണ്ടാം ശതാബ്ദത്തിൽ സ്നാനം സൗകര്യമായും സാവധാനമായും ചെയ്യു് ആനന്ദിക്കേണ്ട ഒരു മുഖ്യകാര്യമായിരുന്നു. കല്ലിൽ കൊത്തിയുണ്ടാക്കിയ കട്ടിലിന്മേൽ രാജകുമാരിമാർ ഭംഗിയിൽ ചാരിയിരിക്കെ ദാസിമാർ ശുദ്ധമായ പത കിട്ടുവാൻ വെള്ളത്തിൽ കുതിർത്തിവെച്ച ഉറവഞ്ചിക്കായ്കൾ തേച്ചു് അവരെ സ്നാനം ചെയ്യിച്ചിരുന്നു.

ഇന്നു്, അധികം നല്ലതും സൗകര്യമേറിയതുമായ വഴി എല്ലാവർക്കും തന്നെ സുലഭസാദ്ധ്യമാണല്ലോ—അതായതു് ഹമാം സോപ്പ്. ഹമാമിന്റെ സുരഭിലവും സമൃദ്ധവുമായ പത രോമകൂപങ്ങൾക്കുള്ളിൽ പ്രവേശിച്ചു് നല്ലവണ്ണം ശുദ്ധിചെയ്യുന്നതിനു പുറമെ നമുക്കു വിശ്രാന്തിയും സുഖവും നൽകുകയും ചെയ്യുന്നു.

# ഹമാം

നിങ്ങളുടെ സ്നാനത്തിനു പററിയ വലിയ സോപ്പ്.




A TATA PRODUCT

ടോംകോ വില്പനശാല, ബിഗ്ബസാർ,
പാലക്കാട്.

“കല്പക വാഷിങ്ങ് സോപ്പ്”

ഉപയോഗിക്കുമ്പോൾ നിങ്ങളുടെ മുണ്ടിന് നല്ല തെളിച്ചം കിട്ടുകയും അധികകാലം ഈടുനിൽക്കുകയുംചെയ്യുന്നു. ആദ്യപരിശോധനകൊണ്ടു് എപ്പോഴും അതുവാങ്ങുവാൻ നിങ്ങൾ ഉല്ലസിതരാകുന്നു. ഒരിക്കൽ പരിശോധിച്ചുനോക്കരുതോ?

എല്ലായിടത്തും കിട്ടുന്നു

കല്പകാ ഓയിൽമിൽസ് ക്ലിപ്തം
എടകൊച്ചി.

# *സ്മരണകൾ

## (കൃഷ്ണാഹതീസിംഗ്)

"സ്മരണകൾ ഡിസംബർ മാസത്തിലെ റോസാപ്പൂക്കൾപോലെയാണു്" എന്നു ഒരു കവി പറഞ്ഞിട്ടുണ്ടു്. ഏകാന്തതയിൽ മൂകമായ ആത്മാവിൽ ഒട്ടൊരു സുമസൗരഭ്യം പരത്തുവാൻ സാധിക്കുന്നവയെ അങ്ങിനെ വിചാരിക്കാം എന്നാൽ സ്മരണകൾ എല്ലാം ഒന്നുപോലെ ചേതോഹരങ്ങളല്ല. ചിലതു ശോകസ്പർശികളും, മററു ചിലതു എത്രതന്നെ വ്യത്യസ്തങ്ങളായ പരിതഃസ്ഥിതികൾക്കുപോലും, മാററുവാനോ കുറയ്ക്കുവാനോ കഴിയാത്തവിധം വിഷാദാത്മകങ്ങളുമാകുന്നു. സൗഭാഗ്യകാലങ്ങളെക്കുറിച്ചുള്ള സുന്ദരസ്മരണകൾ ഒരാൾക്കുണ്ടാകാം. ജീവിതം ദുഃഖനിർഭരമാക്കുന്ന നിരാശാജനകങ്ങളായ ഇരുളടഞ്ഞ ദിവസങ്ങളും കണ്ടേക്കാം. ചിലതു ഒരിക്കലും മറക്കാത്തവയും, മററു ചിലതു പ്രയാസപ്പെട്ടു ഓർമ്മിക്കാവുന്നവയും ആയി, എല്ലാം നമ്മെ കടന്നുപോകുന്നു.

ഞാൻ, എന്റെ ആ ജന്മഗൃഹത്തിൽ തിരിച്ചെത്തുന്ന ഓരോ തവണയും, ആഹ്ലാദം നിറഞ്ഞ ബാല്യകാലസംഭവങ്ങളുടേയും, ശോകവ്യാകുലമായ അനന്തരകഥകളുടേയും സ്മരണകൾ എന്നെ ചുററിക്കൂടാറുണ്ടു് അവയിൽ ഏററവും ഹൃദയഭേദകമായിട്ടുള്ളവ ആ പ്രിയഭവനത്തിനു വന്നുചേർന്ന പരിവർത്തനങ്ങളാകുന്നു. ഓരോ തവണയും, ഓരോ പുതിയ മാററം അതിനു വന്നിട്ടുണ്ടാകും.

എനിക്കു ചിരപരിചിതമായ ആ ഉദ്യാനത്തിൽ മാറിക്കൊണ്ടിരുന്ന പരിസരങ്ങളുടെ നടുക്കു് നിർവ്വികാരമായി കാണപ്പെട്ട ആ, ഒരേ ഒരു സ്ഥലത്തു ഒരിക്കൽ ഞാൻ ഇരിക്കയായിരുന്നു. മുമ്പിൽ, ഞാൻ ജനിച്ച മഹാഗൃഹം നിലകൊള്ളുന്നു. മനോരാജ്യത്തിൽ ലയിച്ചു്, കൈയിലിരുന്ന പുസ്തകം താഴെ വീണതറിയാതെ പ്രജ്ഞാശൂന്യമായ നയനങ്ങളാൽ ഞാൻ അതിനെ നോക്കിക്കൊണ്ടിരുന്നു. പൂമ്പാററകൾ എനിക്കു ചുററും പറന്നു കളിച്ചു സൗരഭ്യവാഹിയായ ഒരു മന്ദമാരുതൻ സാവധാനം എന്നെ തടവി — അവിടെയെങ്ങും സന്തുഷ്ടിയും സമാധാനവും നടമാടിയിരുന്നു പക്ഷെ എന്നെന്നേക്കുമായി നഷ്ടപ്പെട്ട ഏതോ ഒന്നിനെക്കുറിച്ചുള്ള ഒരു തീവ്രവേദനക്കധീനയായി, ഒരു നെടുവീർപ്പോടുകൂടി ഞാൻ പിന്നോട്ടു ചാഞ്ഞു. ഇപ്പോൾ കേവലം സ്മരണമാത്രമായ ചില ഭൂതകാലസംഭവങ്ങളെ സ്വപ്നം കാണുവാനായി ക്ഷണികമായ ഒരു മയക്കം എന്നെ ബാധിക്കയും ചെയ്തു.

ഐശ്വര്യവും, ആഡംബരവുംകൊണ്ടു് അനുഗ്രഹീതമായിരുന്ന ഒരു വലിയ വീടും, അതിൽ നിറയെ ആളുകളും ഞാൻ കണ്ടു. പണംകൊണ്ടു സാധിക്കാവുന്ന എല്ലാ സമൃദ്ധികളും അതിലുണ്ടായിരുന്നു. കാഴ്ചയിൽ കോമളനും, ഗംഭീരനുമായ അതിന്റെ ഉടമസ്ഥൻ സാന്നിദ്ധ്യമാത്രത്താൽ സ്വമഹിമയെ എങ്ങും അനുഭവപ്പെടുത്തിക്കൊണ്ടു് തന്റെ സ്നേഹവും സന്തോഷവുംകൊണ്ടു്, ആ കുടുംബത്തെ മുഴുവൻ ആവരണംചെയ്തു രക്ഷിക്കുന്നതുപോലെ തോന്നി — അജയ്യമായ ഒരു ശക്തിസ്തംഭമെന്നോണം അദ്ദേഹം ആ ഗൃഹത്തെ കാത്തുപോന്നു. ഗൃഹനായിക; അവർണ്ണ്യമായ രൂപലാവണ്യത്തോടുകൂടിയ ദുർബലയും ഉദാരയും ആയ ഒരു ഹ്രസ്വഗാത്രി അത്ര അശക്തമായ ഒരു ശരീരത്തിൽനിന്നു ഉണ്ടാകുമെന്നു ആരും പ്രതീക്ഷിക്കാത്ത പ്രാഗത്ഭ്യത്തോടുകൂടി അവിടെയെങ്ങും ചുററിനടക്കുന്നു എല്ലായിടവും, ജീവസ്സ്, സന്തുഷ്ടിയും, സുഖവും, സമാധാനവും കളിയാടുന്ന ഒരു രംഗം — അപ്രകാരമുള്ള ഒരു അന്തരീക്ഷത്തിൽ മൂന്നു കുട്ടികൾ വളർന്നു

വർഷങ്ങൾ കുറെ കഴിഞ്ഞു വീടു അതു തന്നെയായിരുന്നു എന്നാൽ ആദ്യം കണ്ട ആഡംബരപ്രൗഢി ഒന്നും ഇപ്പോൾ അതിലില്ല. ഒരു ലഘുത്വം അവിടെയെങ്ങും നടമാടി. ഗൃഹവാസികൾ പഴയ ആളുകൾതന്നെ ഗൃഹനായകന്റെ ഹൃദ്യമായ ചിരിയുടെ മാറെറാലി എങ്ങും അലയടിച്ചു ഭവനവാസികളെ മുമ്പിലത്തെപ്പോലെ സന്തുഷ്ടരാക്കിത്തീർക്കുന്നുമുണ്ടു് അവിടെ കണ്ട മാററങ്ങൾ നൂതനമായ ചില രാഷ്ട്രീയാദർശങ്ങളുടെ ഫലമായി മനഃപൂർവ്വംവരുത്തിക്കൂട്ടിയതായിരുന്നു.

കാലം കുറേക്കൂടി മുന്നോട്ടു പോയി ആ പഴയ ഗൃഹത്തിനടുത്തു പുത്തനായി പണികഴിപ്പിച്ച ഒരു രമ്യഹർമ്മ്യം ഉയർന്നു ഒരു സുന്ദരസ്വപ്നംപോലെ സ്ഥിതിചെയ്തിരുന്ന അതു്, ഒരു പ്രിയപ്പെട്ട മകനു അച്ഛൻ നൽകിയ സമ്മാനമായിരുന്നു പക്ഷേ സുഖത്തിനും സന്തോഷത്തിനും പകരം, സങ്കടവും അസുഖവുമായിരുന്നു അതിലെ താമസക്കാർക്കു ലഭിച്ചതു്. ആ ഗൃഹത്തിലെ വിശാലമായ ഒരു മുറയിൽ ഒരു വൃദ്ധൻ തന്റെ ഹിമധവളമായ ശിരസ്സു ചിന്താഭരത്തിൽ ചാച്ചു ഇരുന്നിരുന്നു അദ്ദേഹം വളരെ ദൂരം യാത്രചെയ്തു തന്റെ പ്രിയപുത്രൻ ചില രാഷ്ട്രീയകാരണങ്ങളാൽ ജയിലിലേക്കു തിരിക്കുന്നതിനുമുമ്പു് അവിടെ എത്തിയതായിരുന്നു. മാസങ്ങൾ പലതു അദ്ദേഹവും ജയിലിൽ കഴച്ചതാണു. വേണ്ടിവന്നാൽ ഇനിയും അതിനു ഒരുക്കവുമാണു്. പുത്രൻ അങ്ങോട്ടു ആനയിക്കപ്പെടുന്നതിനുമുമ്പു് ഒരു തവണ അവനെ ആലിംഗനം ചെയ്യുവാൻ അല്പം മുമ്പു് അവിടെ എത്തിയതേയുള്ളു. അടുത്തുതന്നെ സന്തോഷത്തിലും സന്താപത്തിലും സധൈര്യം പങ്കാളിയായിരുന്ന അദ്ദേഹത്തിന്റെ സഹധർമ്മിണിയും ഇരിക്കുന്നുണ്ടു്. അവർ എന്നത്തേക്കാളും ദുർബലയായിട്ടാണു് അപ്പോൾ കാണപ്പെട്ടിരുന്നതെങ്കിലും, അദ്ദേഹത്തെ സുധീരം മുന്നോട്ടു നയിച്ച മനോദാർഢ്യവും ധീരതയും അവരിൽ തികച്ചും പ്രകടമായിരുന്നു

ആ മുറിയുടെ ഒരു കോണിൽ അവിടത്തെ മൂത്ത മകൾ ഇരുന്നിരുന്നു. അവൾ ഒരു ഗൃഹിണിയും മാതാവുമായിത്തീർന്നിട്ടുണ്ടു്. അച്ഛനും അമ്മയും അനുഭവിക്കുന്ന മനോവേദനയുടെ ആഴം അവൾക്കു് അറിയാം. അവൾ ഇടക്കിടയ്ക്കു് ആശങ്കയോടുകൂടി അവരുടെ മുഖത്തേക്കു നോക്കുകയും, അവർ നിശ്ശബ്ദം അനുഭവിച്ചുകൊണ്ടിരുന്ന ആ കദനഭാരത്തിൽ, അവരെ സഹായിക്കാനുള്ള തന്റെ ശക്തിക്കുറവിനെക്കുറിച്ചു കഠിനമായി വ്യസനിക്കയും ചെയ്യുന്നുണ്ടായിരുന്നു. മറെറാരു കോണിൽ ആരെയും നോക്കാതെ പിന്തിരിഞ്ഞ മുഖത്തോടുകൂടി ചുവരിൽ ചാരി അവിടത്തെ ഇളയ പുത്രി നിൽക്കുന്നു. വിഷാദഭരിതമായ ഹൃദയവും നിറഞ്ഞ കണ്ണുകളുമാണു് അവൾക്കുമുള്ളതു് പക്ഷേ വിപ്ലവകരമായ ചില വിചാരങ്ങൾ അവളുടെ മനസ്സിൽ തിളച്ചു മറിയുന്നുണ്ടു്. വിധിപോലെ വരട്ടെ എന്നാണു മററുള്ളവരുടെ വിചാരമെങ്കിലും അവളുടെ മനഃസ്ഥിതി അതല്ല. മഹത്തായ തങ്ങളുടെ ആദർശപൂർത്തിക്കു്, ആ, യാതനകൾ ആവശ്യമാണെന്നു ചിലപ്പോൾ അവൾക്കു തോന്നും. സംശയങ്ങളും തെററിദ്ധാരണകളും മാറിമറിഞ്ഞു് ഏകാന്തതയിൽ ഖിന്നരായിക്കഴിയുന്ന മാതാപിതാക്കന്മാരെ മററുചിലപ്പോൾ അവൾ നോക്കും. സുഖത്തിന്റെയും സന്തോഷത്തിന്റെയും അഗ്ര്യഭാഗത്തു ജീവിക്കുവാനുള്ള സൗഭാഗ്യം സ്വാധീനമായിരുന്നിട്ടും, രാജ്യത്തിനും സമുദായത്തിനുംവേണ്ടി അവർ അനുഭവിക്കുന്ന ആ കഷ്ടതകളുടെ മഹിമയെ അവൾ അളക്കും. ഏതാദൃശമായ ചിന്തകളിൽ കുഴങ്ങി ക്ഷീണരായ തന്റെ അച്ഛനമ്മമാരുടെ മുഖത്തു നോക്കുവാൻ ശക്തിയില്ലാതെ അവൾ നിൽക്കയാണു്. ആ വീടു മുഴുവനും നിശ്ശബ്ദമായിരുന്നു. ജയിലിൽപോയ വീരപുത്രന്റെ വസതിയായിത്തീർന്ന സൗഭാഗ്യത്തിൽ അതു അഭിമാനിക്കുന്നതുപോലെ തോന്നി സമയംപോകുന്നതറിയാതെ അവർ ഇരുന്നു. അവരുടെ മനസ്സുമുഴുവൻ, അധികം ദൂരത്തല്ലാതെ, ആ തണുത്ത ജയിൽമുറിയിൽ കിടന്നിരുന്ന പുത്രനിലായിരുന്നു.

കുറേനേരം ഈവിധം കഴിച്ചിട്ടു്, ഒരു നൂതനമായ നിശ്ചയദാർഢ്യത്തോടുകൂടി തന്റെ സങ്കടം മുഴുവൻ ഒരു നെടുവീർപ്പിൽ അന്തർഭവിപ്പിച്ചുകൊണ്ടു് അച്ഛൻ എഴുന്നേററു. മകനു മുഴുവനാക്കുവാൻകഴിയാത്ത ജോലികൾ തുടരുകയാണു് അനന്തരകൃത്യമെന്നായിരുന്നു അദ്ദേഹത്തിന്റെ നിശ്ചയം വീരസൂവായ മാതാവു് ഒരു മന്ദഹാസത്താൽ തന്റെ മനോവേദനയെ മറച്ചുകൊണ്ടു്, ദിനകൃത്യങ്ങൾക്കായി എഴുന്നേററു നടന്നു.

പിന്നെയും വർഷങ്ങൾ ചിലതുകഴിഞ്ഞു. ആയിരക്കണക്കിനു ആളുകൾ തിങ്ങിനിന്ന ഒരു വലിയ ജനക്കൂട്ടം റോഡിൽ വളരെദൂരം കാണാമായിരുന്നു. നനയാത്ത നയനമാകട്ടെ, വേദനിക്കാത്ത ഹൃദയമാകട്ടെ, പ്രസ്തുത ജനാവലിയിൽ ഒന്നുപോലും ഉണ്ടായിരുന്നില്ല. അവരെല്ലാം, പരേതനായ ആ മഹാനെക്കുറിച്ചുള്ള ബഹുമാനത്താൽ അദ്ദേഹത്തിന്റെ അന്തിമാവശിഷ്ടത്തെ ആദരിച്ചു് അവിടെ കൂടിയതായിരുന്നു. ജീവിതം ഒരു പോരാട്ടമായിത്തന്നെ കഴിച്ചുകൂട്ടിയ അദ്ദേഹം തന്റെ അവസാനദിവസങ്ങളിലെ ചില രാപകലുകൾ മരണത്തോടും പടവെട്ടി. പക്ഷേ മരണംതന്നെ ജയിച്ചു. അദ്ദേഹം എന്നെന്നേക്കുമായി മറയുകയുംചെയ്തു. ഒരുകാലത്തു ആനന്ദം അലയടിച്ചുകൊണ്ടിരുന്ന ആ ഗൃഹത്തിന്റെ ഒരു മുറിയിൽ കരയാൻകൂടി അശക്തയായി അമ്മ ഇരിക്കുകയാണു്. അവരുടെ കഴുത്തിൽക്കൂടി കൈയിട്ടു പിടിച്ചു്, നിറഞ്ഞ കണ്ണുകളോടുകൂടി, അരികിൽ ഇരുന്നിരുന്ന മകന്റെ മുഖത്തു്, അച്ഛന്റെ ദേഹവിയോഗത്തെക്കുറിച്ചു അഗാധ വ്യഥ തികച്ചും കാണാമായിരുന്നു. അമ്മയെ സാന്ത്വനപ്പെടുത്തുവാൻ മകനു ശക്തിയില്ലായിരുന്നു. നേരേമറിച്ചു ബലിഷ്ഠനും, യുവാവുമായ മകനെ അമ്മയാണു സാന്ത്വനപ്പെടുത്തിയതു്

നിരന്തരമായ കാലചക്രത്തിരിപ്പിൽപ്പെട്ടു്, ആ വീടു മാററങ്ങൾ പലതും കണ്ടു. ഇനി കാണുകയുംചെയ്യും. കാറുകൾ പലതും അതിന്റെ ദ്വാരപ്രദേശത്തു കൂടിക്കിടന്നിരുന്നു പോലീസുകാർ ഗൃഹവളപ്പിൽ നിറയെ ഉണ്ടു്. അവിടത്തെ പുത്രിമാരുടെ അറസ്റ്റിനുള്ള സന്നാഹങ്ങളായിരുന്നു ഇതു്. അവർ തങ്ങളുടെ സ്വരാജ്യസ്നേഹിയായ അച്ഛന്റെ കാലടിപ്പാടുകളെ പിന്തുടരുകയും, തങ്ങളുടെ മഹത്തായ പാരമ്പര്യത്തെ ഉയർത്തിക്കാണിക്കയുംചെയ്തിരുന്നു അച്ഛനേയും, സഹോദരനേയുംപോലെ ജയിലിയിൽ പോകുവാൻ അവരും തയാറുതന്നെ. പോലീസുദ്യോഗസ്ഥന്മാർ കൊണ്ടുവന്നിരുന്ന അറസ്റ്റുവാറണ്ടിനെ ആദരിച്ചു്, അവർ യാത്രയ്ക്കു ഒരുങ്ങുകയായിരുന്നു. ക്ഷീണിച്ചിരുന്ന ശരീരത്തിനു വഹിക്കാൻകഴിയാത്ത വേഗത്തിൽ നടന്നുവന്നു്, അമ്മ ചോദിച്ചു:—"ഇതൊക്കെ എന്തിനാണു? ഇത്രവളരെ പോലീസുകാരും, കാറുകളും?" മൂത്ത മകൾ അമ്മയുടെ കഴുത്തിൽ കൈയിട്ടുകൊണ്ടു സാവധാനം വിവരം പറഞ്ഞു. ക്ഷണനേരം ഒരു പാരവശ്യം അവരിൽ കാണാറായി. അവരുടെ കണ്ണുകൾ പെട്ടെന്നു നിറയുകയുംചെയ്തു. മക്കളെ തന്റെ കൃശമായ ബാഹുക്കളാൽ ചുററിക്കൊണ്ടു് അവർ പറഞ്ഞു. "എന്റെ കുഞ്ഞുങ്ങളെ പിരിഞ്ഞു ഞാൻ എങ്ങിനെ കഴിച്ചുകൂട്ടും?" പക്ഷേ ആ സങ്കടം ക്ഷണികമായിരുന്നു. കുറച്ചുകഴിഞ്ഞു ഒരു സിംഹിയുടെ ശൗര്യത്തോടുകൂടി നിവർന്നുനിന്നിട്ടു്, "എനിക്കു നിങ്ങളെക്കുറിച്ചു് അഭിമാനമുണ്ടു്. നിങ്ങളെ അനുഗമിക്കുവാൻ സാധിക്കാത്തവിധം ഞാൻ അത്ര വൃദ്ധയുമല്ല" അവർ പുത്രിമാരുടെ ശിരസ്സു തൊട്ടു അനുഗ്രഹിച്ചു. ആ ദുർബ്ബലമായ ശരീരം അത്യധികം ക്ലേശങ്ങളെ അനുഭവിച്ചതുതന്നെ. എങ്കിലും കൂടുതൽ അനുഭവിക്കുവാൻ അതിനു തൽക്കാലം ശക്തിയില്ലായിരുന്നു അതുകൊണ്ടു് ഒരു മൂർച്ഛ അടുത്തനിമിഷം അതിനെ ബാധിച്ചു. മക്കളെ വഹിച്ചുകൊണ്ടു കാറു് ഓടിമറഞ്ഞു. ജീവിതം പിന്നെയും മുന്നോട്ടുപോയി.

നീരസകരവും ഇരുളടഞ്ഞതുമായ ജയിൽമുറി. അതിനുള്ളിൽ ആ രണ്ടു സഹോദരികൾ, എന്നത്തേതിലും സുദൃഢമായ പരസ്പരബന്ധത്തോടുകൂടി ഇരുന്നിരുന്നു. അവർ തോളോടുതോൾ ചാരി, മനോഹരമായ ഒരു സായന്തനത്തെ സൂചിപ്പിക്കുന്ന ആകാശത്തിന്റെ അരുണിമയെ, ഇരുമ്പഴികളിൽക്കൂടി നോക്കിക്കൊണ്ടിരുന്നു. രണ്ടുപേരും വിചാരമഗ്നരത്രേ അവരിൽ ഒരാളുടെ മനസ്സു് പിന്നിട്ടുപോന്ന, ഓമനക്കുഞ്ഞുങ്ങൾ, ഭർത്താവു്, ഗൃഹം ഇവയിലും, മറേറവളുടെ മനസ്സു്, തനിക്കു പലപ്പോഴും ധൈര്യവും വിശ്വാസവും പ്രദാനംചെയ്തിരുന്ന സ്വപിതാവിന്റെ പടർന്നുപിടിക്കുന്ന ചിരിയിലും, ആ വലിയ ഗൃഹത്തിൽ ഏകാന്തതയിൽ കഴിയുന്ന അമ്മയിലും ആയിരുന്നു.

ഇരുമ്പുചങ്ങലകളുടെ കിലുക്കത്തോടുകൂടി വാതിൽതുറക്കുന്ന ശബ്ദം! — അവർ അതിന്റെ കാരണമറിയാതെ പകച്ചുനോക്കി ഒരു കമ്പിസന്ദേശവുമായി ജയിൽസൂക്ഷിപ്പുകാരി അവരുടെമുമ്പിലെത്തി. അവർ ആശങ്കയോടുകൂടി അതു നോക്കി. ഒരു പുഞ്ചിരി അവരുടെ അധരങ്ങളിൽ പരന്നു അവരുടെ അമ്മയും, മക്കളുടെ മാർഗ്ഗത്തെ പിന്തുടർന്നു ജയിലിലായി. ഹാ! എന്തൊരു ത്യാഗം! അറുപത്തഞ്ചുവയസ്സായ ആ വൃദ്ധയ്ക്കു്!

കുറച്ചുവർഷങ്ങൾകൂടി പിന്നെയും

(ശേഷം പത്താംപേജിൽ)

# നിപ്പൺ

## ഉദയസൂര്യന്റെ നാട്

(വേണാട്ടു് കെ. കരുണാകരൻ)

ഇന്നു പാശ്ചാത്യരാജ്യക്കാരും അവരോടു ഏതെങ്കിലുംതരത്തിൽ ബന്ധമുള്ള ഏഷ്യാററിക്കുരാജ്യക്കാരും ജപ്പാൻ എന്നുവിളിച്ചുവരുന്ന വിദൂരപൂർവ്വദേശദ്വീപസമൂഹത്തെ തദ്ദേശീയർ "നിപ്പൺ" ഉദയസൂര്യന്റെ നാടു എന്നാണു് വിളിക്കുന്നതു്. അമേരിക്കയും ഇംഗ്ലണ്ടുംകൂടിച്ചേർന്നു നാസിജർമ്മനിയെ ഒതുക്കിയിട്ടു്, ഫാസിസ്റ്റുജപ്പാനെ നേരിടുവാൻ കാലം വളരെ സമീപിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ നിപ്പൺ രാജ്യത്തെപ്പററിയുള്ള ചില സാമാന്യവിവരങ്ങൾ അറിഞ്ഞിരിക്കുന്നതു പ്രയോജനപ്രദമായിരിക്കും.

ബ്രിട്ടീഷുദ്വീപുകൾ എപ്രകാരം യൂറോപ്പിന്റെ പടിവാതലായിരിക്കുന്നുവോ അപ്രകാരം നിപ്പൺദ്വീപുകൾ ഏഷ്യയുടേയും പടിവാതിലാണെന്നു പറയാം. ഇംഗ്ലണ്ടു്, സ്കോട്ടുലൻഡു്, വെയിത്സ്, ഉത്തരഅയർലണ്ടു ഇവ ബ്രിട്ടീഷു സാമ്രാജ്യത്തിന്റെ കേന്ദ്രത്തെ പ്രതിനിധീകരിക്കുന്ന ദ്വീപുകളാണെങ്കിൽ നിപ്പൺ, ഹാൺഷു, ഹൊക്കേയിഡോ, ക്യൂഷൂ, ഷിക്കോക്കു തുടങ്ങിയ ആകെ 148000 ചതുരശ്രമൈൽ വിസ്തൃതിയുള്ള ദ്വീപുകൾ നിപ്പൺ സാമ്രാജ്യത്തിന്റെ കേന്ദ്രസ്ഥാനത്തെ പ്രതിനിധീകരിക്കുന്നു. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന യുദ്ധത്തിൽ നിപ്പൺ ഇടപെടുന്നതിനുമുൻപു നിപ്പൺസാമ്രാജ്യത്തിന്റെ വിസ്തൃതി 260,000 ചതുരശ്രമൈലായിരുന്നു. സാമ്രാജ്യത്തിന്റെ കേന്ദ്രസ്ഥാനങ്ങളായ മേൽ പറഞ്ഞ ദ്വീപുകൾക്കൂടാതെ, സാമ്രാജ്യത്തിന്റെ ആധിപത്യത്തിൻകീഴിലുള്ള മററു സ്ഥലങ്ങളാണു കൊറിയാ, ഫൊർമോസാ, സഖാലിൻ, പെഷ്കഡോർസു് ക്വാൻടങു്, മാരിയാനാസു്, മാർഷൽസു്, പാലൌ, കാരൊലിൻദ്വീപുകൾ, കുറൈൽ, നാൻസി, ബോണിൻദ്വീപുകൾ ഇവ. നിപ്പണിലെ ജനസംഖ്യ 71,252, 00 ആണു്. സാമ്രാജ്യത്തിലെ ആകെ ജനസംഖ്യ 100,000 000 ആണു്. ഇതെല്ലാം രണ്ടാംലോകമഹായുദ്ധംതുടങ്ങുന്നതിനുമുമ്പുള്ള സ്ഥിതിവിവരക്കണക്കുകളാണു്.

അനവധി ഉയന്ന പർവ്വതപംക്തികളും, ഇരുന്നൂറോളം അഗ്നിപർവ്വതശൃംഗങ്ങളും (ഇവയിൽ അൻപതെങ്കിലും ഇന്നു സജീവങ്ങളാണു) നിപ്പണിൽ ഉണ്ടു്. സാമ്രാജ്യത്തിലെ ഏററവും പൊക്കംകൂടിയ പർവ്വതശൃംഗം ഫോർമോസായിലുള്ള 'മോറിസൺ' ആണു്. ഇതിനു 13,020 അടിപൊക്കംഉണ്ടു്. സാമ്രാജ്യത്തിലെ പ്രധാനദ്വീപായ ഹ്യൂജിയാമായിലെ "വിശുദ്ധ" (Sacred) പർവ്വതത്തിനു 12,395 അടിപൊക്കംവരും. ദക്ഷിണഭാഗത്തെ ഉണങ്ങിവരണ്ട കാലാവസ്ഥയ്ക്കും, ഉത്തരദേശത്തിലെ അതിശൈത്യാവസ്ഥയ്ക്കുംമദ്ധ്യേ നിപ്പണിലെ ശീതോഷ്ണസ്ഥിതി പലതരത്തിലാണു്. നെല്ലു്, മററുധാന്യങ്ങൾ, പട്ടുനൂൽ, പുകയില, തേയില, പഞ്ചസാര, മത്സ്യം, കൽക്കരി, ചെമ്പു്, പെട്രോൾ, പഞ്ഞി, കമ്പിളി, രാസദ്രവ്യങ്ങൾ, ഉരുക്കു, കടലാസു്, തീപ്പെട്ടി, കളിപ്പാട്ടങ്ങൾ, കളിമൺസാധനങ്ങൾ, നെയ്തുണ്ടാക്കിയ സാധനങ്ങൾ ഇവയാണു അവിടുത്തെ അസംസ്കൃതവും സംസ്കൃതവുമായ വിഭവങ്ങൾ. ടോക്കിയോആണു നിപ്പന്റെ തലസ്ഥാനനഗരി; അവിടുത്തെ ജനസംഖ്യ 6,000,000 ആണു്. ഒസാക്കാദ്വിതീയനഗരം; ജനസംഖ്യ 3,000,000 നഗോയാ, കിയോട്ടോ, കോബ്, യാക്കോഹാമാ ഇവയാണു മററു പ്രധാനനഗരങ്ങൾ.

പത്തൊൻപതാംനൂററാണ്ടിൽ വിവിധരാഷ്ട്രങ്ങളിൽ ഉണ്ടായ പരിവർത്തനങ്ങളിൽവച്ചു ഏററവും ഭീമവും അത്ഭുതകരവുമായ പരിവർത്തനമാണു നിപ്പണിൽ ഉണ്ടായതു്. രണ്ടു ശതാബ്ദകാലത്തോളം മററു രാഷ്ട്രങ്ങളുടെ സ്പർശനത്തിൽനിന്നു വിട്ടുമാറിനിന്നിരുന്ന നിപ്പൺ 1850-ൽ അഗണ്യസ്ഥിതിയിലുള്ള ഒരു ഏഷ്യാററിക്കുരാജ്യംമാത്രമായിരുന്നു. വിദേശീയരെ അന്നവിടെ പ്രവേശിപ്പിച്ചിരുന്നില്ല; തദ്ദേശീയരെ വെളിയിലേയ്ക്കു പോകുവാൻ അനുവദിച്ചിരുന്നുമില്ല. പെട്ടെന്നു അവിടെ വലിയ മാററമുണ്ടായി. 1853-ൽ കമഡോർമാത്യുപെരിയുടെ നേതൃത്വത്തിൽ ഒരു അമേരിക്കൻകപ്പൽസമൂഹം നിപ്പൺതീരപ്രദേശത്തു നങ്കൂരമിട്ടു. പാശ്ചാത്യരാജ്യങ്ങളുമായി വ്യാപാരബന്ധത്തിൽ ഏർപ്പെടുവാൻ നിപ്പണെ പ്രേരിപ്പിക്കുകഎന്നതായിരുന്നു കമഡോറിന്റെ ഉദ്ദേശം. ഒടുവിൽ 1854-ൽ ചില നിപ്പൺതുറമുഖങ്ങൾ അമേരിക്കൻ വ്യാപാരികൾക്കു തുറന്നുകൊടുത്തുകൊണ്ടുള്ള ഒരു സൌഹാർദ്ദസഖ്യത്തിനു നിപ്പൺ ഒപ്പുവച്ചു. തുടന്നു മററു പല പാശ്ചാത്യരാജ്യക്കാരും നിപ്പണിൽ പ്രവേശിച്ചു. അല്പകാലം സംശയിച്ചിരുന്നതിനുശേഷം വിദേശങ്ങളുമായി ബന്ധംപുലത്തുവാൻതന്നെ നിപ്പൺ തീരുമാനിച്ചു. പാശ്ചാത്യപരിഷ്ക്കാരമുറകൾ അതിവേഗം അംഗീകരിച്ചുതുടങ്ങുകയുംചെയ്തു.

ഒരു രാഷ്ട്രീയവിപ്ലവം 1868-ൽ നിപ്പണിൽ ഉണ്ടായി. രണ്ടര ശതാബ്ദങ്ങളോളം ഭരണാധികാരം വഹിച്ചുകൊണ്ടിരുന്ന ഷോഗൺ (വൈസ്രായിയെപ്പോലുള്ള ആൾ) സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. ചക്രവത്തി (Mikado) വീണ്ടും സ്വാധിപത്യത്തിൽ വന്നു. നാടുവാഴിത്തം (Feudalism) അവസാനിച്ചു. അരനൂററാണ്ടുകൊണ്ടു് നിപ്പൺ നാടുവാഴിത്തത്തിൽനിന്നുയന്നു്, ലോകത്തിലെ മററു പ്രധാന രാഷ്ട്രങ്ങളുമായി പലതരത്തിലുള്ള ബന്ധം പുലത്തുന്ന ഒരു രാഷ്ട്രമായിതീന്നു. നിപ്പണു് പസിഫിക്കിൽ ഒരു നാവികസേനയും, നിരവധി വാണിജ്യനൌകകളും ഉണ്ടായി. പസിഫിക്കുതീരങ്ങളിലുള്ള പ്രധാന തുറമുഖങ്ങളിലെല്ലാം നിപ്പന്റെ വാണിജ്യനൌകകൾ പ്രതിദിനം പ്രത്യക്ഷപ്പെട്ടുതുടങ്ങി. ജപ്പാനിലെ വിദ്യാത്ഥികൾ ശതക്കണക്കിനു അമേരിക്കയിലും, ഇംഗ്ലണ്ടിലും, ജർമ്മനിയിലും, ഫ്രാൻസിലും ഉള്ള സർവ്വകലാശാലകളിൽപോയി പഠിച്ചു് ശാസ്ത്രത്തിലും, എൻജിനീയറിംഗിലും, ഗവേഷണത്തിലും മററും വിദഗ്ദ്ധന്മാരായി നാട്ടിലേക്കു മടങ്ങി. ആധുനികരീതിയിൽ ഒരു കരസൈന്യവും, കടൽസൈന്യവും, വ്യോമസൈന്യവും നിപ്പൺ സംഘടിപ്പിച്ചു. എന്തിനു് വളരെ വേഗം നിപ്പൺ ഒരു ആധുനികസാമ്രാജ്യമായിത്തീന്നു.

പത്തൊൻപതാം ശതകത്തിന്റെ ദ്വിതീയാർദ്ധത്തിൽ നിപ്പണിലുണ്ടായ വ്യവസായവിപ്ലവം യൂറോപ്പിനെ ലജ്ജിപ്പിക്കുന്ന ഒന്നായിരുന്നു. നാടൻരീതിയിൽ മുളകൊണ്ടും കടലാസുകൊണ്ടും ഉണ്ടാക്കിയ ചെറിയ കുടിലുകൾകൊണ്ടു നിറഞ്ഞിരുന്ന പല ഗ്രാമപ്രദേശങ്ങളിലും വൻതരം ഫാക്ടറികൾ ഉയന്നു ഉല്പാദനം നടത്തിത്തുടങ്ങി. സഹസ്രക്കണക്കിനു തൊഴിലാളികൾ അവയ്ക്കു ചുററും ആധുനികരീതിയിൽ നിർമ്മിച്ചിട്ടുള്ള ഭവനങ്ങളിൽ ജീവിതം ആരംഭിച്ചു. പൌരസ്ത്യശില്പകലാനികേതനങ്ങളായ ബുദ്ധവിഹാരങ്ങളുടെ നികടത്തിൽ ആധുനികപാശ്ചാത്യമാതൃകകളിലുള്ള ഉന്നതസൌധങ്ങൾ നിപ്പണിൽ എവിടെയും കണ്ടുതുടങ്ങി. വളരെ വേഗം വദ്ധിച്ചുവന്ന ജനസംഖ്യ വ്യവസായീകരണത്തിനു നിപ്പണെ പ്രേരിപ്പിച്ചു. ജനതയുടെ ജീവിതത്തോതു അമേരിക്ക, ഇംഗ്ലണ്ടു തുടങ്ങിയ രാജ്യങ്ങളിലേതിനേക്കാൾ ഉയത്തുന്നതിനുള്ള സംഘടിതശ്രമങ്ങൾ അവിടെ നടന്നു. അങ്ങനെ എല്ലാവിധത്തിലുംപാശ്ചാത്യരാജ്യങ്ങളെ അധഃകരിക്കുന്ന സാമ്രാജ്യത്വത്തോടുകൂടി നിപ്പൺ 20-ാംശതകത്തിലേക്കു കാലൂന്നി.

നിപ്പണിലെ ആദിമമതം 'ഷിന്റോ' മതമാണു്. പ്രകൃതിയേയും പൂർവ്വപിതാക്കന്മാരെയും ആരാധിക്കുക എന്നുള്ളതാണു് ഈ മതത്തിന്റെ പ്രധാനതത്വം. ഷിന്റോപോലെ അവിടെ തുല്യശക്തിയുള്ള മറെറാരു മതമാണു് ബുദ്ധമതം. കൺഫ്യൂഷ്യൻ വിശ്വാസികളായി പ്രഭുവർഗ്ഗത്തിലുള്ള കുറെ കുടുംബങ്ങളും അവിടെയുണ്ടു്. ക്രിസ്തുമതവിശ്വാസികൾ അവിടെ വളരെ കുറവാണു; വളരെ താമസിച്ചുമാത്രം ഇറക്കുമതി ചെയ്യപ്പെട്ട ഒരു മതമാണല്ലോ നിപ്പണിലെ ക്രിസ്തുമതം. ചക്രവത്തി ഷിന്റോ മതക്കാരനാണു്. നിപ്പൺ രാജകുടുംബം ലോകത്തിലേക്കും പഴക്കവും പാരമ്പര്യവും ഉള്ള ഒന്നാണെന്നു വിശ്വസിക്കപ്പെടുന്നു. 659 ബി. സി. യിലാണു ഈ രാജകുടുംബം വാഴ്ച ആരംഭിച്ചതെന്നു നിപ്പൺചരിത്രം പറയുന്നു. ആദിമകാലത്തെ മറെറാരു ചരിത്രപ്രാധാന്യമുള്ള സംഭവം ബി. സ. ആറാംശതകത്തിൽ കൊറിയായിൽനിന്നുവന്ന ബുദ്ധമതം നിപ്പൺ അംഗീകരിച്ചതാണു്. ഇന്നു ഷിന്റോമതം, രാജകുടുംബം, ബുദ്ധമതം ഇവമൂന്നും മഹാപരിവത്തനങ്ങളുടെ കുതിച്ചുകയററത്തിൽ പതിച്ചുപോകാതെ അവിടെ ഉറച്ചു നിൽക്കുന്നുണ്ടു്.

രാജവാഴ്ച, മതം, വ്യവസായീകരണം, സമരമനോഭാവം, ഇവ നാലുംകൂടിച്ചേന്നു നിപ്പൺ "ഫാസിസററു ഇമ്പീരിയലിസ" ഘട്ടത്തിൽ ഇന്നെത്തിയിരിക്കുന്നതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ലല്ലോ; 1904 1905 ൽ നടന്ന "റഷ്യോ—ജാപ്പനീസു്" യുദ്ധത്തിൽ ലഭിച്ച വിജയം നിപ്പന്റെ പേർ സാമ്രാജ്യങ്ങളുടെ ലിസ്ററിൽ രജിസ്ററർചെയ്യപ്പെടുവാൻ സഹായിച്ചു. തുടന്നു, 1922 ലെ നവശക്തിസഖ്യത്തിൽ തുല്യപങ്കാളി എന്ന നിലയിൽ നിപ്പൺ ഒപ്പുവച്ചു. പക്ഷേ 1933-ൽ നിപ്പൺ സർവ്വരാജ്യസഖ്യത്തിൽനിന്നു പിന്മാറി. പിന്നീടുള്ള നിപ്പന്റെ ചിത്രം ഒരു തനിഫാസിസ്ററുചിത്രമാണു്. സാമ്രാജ്യവിസ്തൃതിയ്ക്കും, വ്യവസായവാണിജ്യാധിപത്യത്തിനും ഉള്ള അതിയായ ആഗ്രഹം കാലാന്തരത്തിൽ നിപ്പനെ അക്ഷപക്ഷത്തേക്കാകർഷിച്ചു. ജർമ്മനി, ഇററലി എന്നീ ഫാസിസ്ററുശക്തികളോടുചേന്നു നിപ്പൺ അക്ഷപക്ഷസഖ്യം ഉണ്ടാക്കി. 1939 ൽ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. പിന്നീടു നിപ്പൺ അവലംബിച്ചനില എല്ലാവക്കും അറിവുള്ളതാണല്ലോ.

—c—

## സ്മരണകൾ

(ഒൻപതാംപേജിൽനിന്നും തുടർച്ച)

പോയി ഒരു വലിയ ജനക്കൂട്ടം, സന്തോഷവും, സന്താപവും, പലതും കണ്ടുകഴിഞ്ഞ ആ വലിയ വീടിന്റെ പരിസരങ്ങളിൽ വീണ്ടും കാണാറായി. വീരസൂവായ ആ മാതാവു്, നിശ്ശബ്ദമായി പരലോകംപ്രാപിച്ച ഒരു സായാഹ്നമായിരുന്നു അതു്. അന്യക്കുവേണ്ടിയാണു് അവർ എന്നും ജീവിച്ചതു്. ആക്കും ഒരുപദ്രവവും ഉണ്ടാക്കാതെയാണു അവർ മരിച്ചതും. പുഷ്പാലംകൃതമായ ശരീരത്തോടും മരണത്തിലും അസാധാരണമായ ഒരു ചൈതന്യത്തോടുകൂടി ഒരു രാജ്ഞിയെപ്പോലെ അവർ തന്റെ ചരമശയ്യയിൽ നിശ്ചലയായി കിടന്നിരുന്നു.

നാശോന്മുഖമായ ഒരു ഉദ്യാനത്തിന്റെ നടുവിൽ, മ്ലാനവും, ഏതാണ്ടു നിർജ്ജനവുമായ ഒരു ഗൃഹം പിന്നെ ഞാൻ കണ്ടു. ഉള്ളിൽ ഒരു മുറിയിൽ അക്ഷീണപരിശ്രമയായ അതിന്റെ പുത്രൻ തന്റെ എഴുത്തുമേശയുടെ മുമ്പിൽ അപ്പോഴും ജോലിചെയ്തുകൊണ്ടിരിക്കുന്നു. സുഖശീതളമായ ഒരു ജീവിതപന്ഥാവല്ല, അദ്ദേഹം പിന്നിട്ടതു്. രൂക്ഷവും, ക്ലേശബന്ധുരവുമായ ജീവിതമാർഗ്ഗത്തെ സ്വയം വരിച്ചിട്ടുള്ള അദ്ദേഹത്തിന്റെ ഭാവിയും അപ്രകാരമായിരിക്കാം. അവാച്യമായ ഒരു മനോവ്യഥ ഏകാകിയായിത്തീന്നിരുന്ന അദ്ദേഹത്തിന്റെ ക്ഷീണിച്ച നയനങ്ങളിൽ നിറഞ്ഞുനിൽക്കുന്നതു മുഖമുയർത്തുമ്പോൾ കാണാം. എന്നാൽ അന്യന്മാർ അടുത്തുള്ളപ്പോൾ തന്റെ തൽക്കാലസ്ഥിതിയെ അദ്ദേഹം മറക്കുകയും, നൈസർഗ്ഗികമായ പുഞ്ചിരിയും, ആകർഷകമായ ഭാവവുംകൊണ്ടു അവരുടെ ഹൃദയപൂജയെ ആർജ്ജിക്കയും ചെയ്യുന്നു.

അചഞ്ചലമായ ഹൃദയഭാരത്താൽ ഞാൻ അന്നു നിദ്രയിൽ കേവലം അസ്വസ്ഥയായിരുന്നു. കാലം ഞാൻ അത്യധികം പ്രിയപ്പെട്ട ആ വീടിനു പല മാററങ്ങളും വരുത്തിയിരുന്നു. ഞാൻ കാണാൻവന്ന സഹോദരന്റെ അഭാവത്തിൽ അതു വീടെന്നുതന്നെ എനിക്കു തോന്നാറില്ല. അതുകൊണ്ടു്, അദ്ദേഹം ജയിലനുവെളിയിലായിരുന്നു എന്നുള്ളതുതന്നെയും അല്പം ആശ്വാസപ്രദമായിരുന്നു. മുകളിൽ അദ്ദേഹത്തിന്റെ മുറിയിലേക്കു ഓടിച്ചെല്ലണമെന്നുള്ള വിചാരത്തോടുകൂടിയാണു് ഞാൻ അന്നു ഉറക്കമുണന്നതു് എന്റെ പുസ്തകവും കൈയിലെടുത്തു ഞാൻ വേഗം അങ്ങോട്ടു് ഓടി. ഞാൻ അവിടെ എത്തി ടെലഫോൺ ശബ്ദിച്ചു ഞാൻ ശ്രദ്ധിച്ചപ്പോൾ "നിന്റെ സഹോദരന്റെ വിചാരണ നാളെയാണു്. വിചാരണനാളെയാണു്. ആരൊ വിളിച്ചുപറയുന്നു. എന്തുവിചാരണ! ഞാൻ അത്ഭുതപ്പെട്ടു നിദ്രാലസമായിരുന്ന എന്റെ തലച്ചോറിനു് കാര്യങ്ങളെക്കുറിച്ചു്, ഒരു എത്തും പിടിയും ഉണ്ടായില്ല: ക്രമേണ സംഗതികൾ ഓരോന്നായി എനിക്കു മനസ്സിലായി. സഹോദരൻ മുകളിലില്ല. രണ്ടുദിവസംമുമ്പേ അദ്ദേഹത്തെ അറസ്റ്റു് ചെയ്തിരുന്നതുകൊണ്ടു്, അദ്ദേഹത്തെ ആ മുറിയിൽ കാണാമെന്നുള്ള വിചാരം എന്റെ ഒരു വ്യർത്ഥസ്വപ്നമായിരുന്നു.

ക്ഷീണയായി ഞാൻ എന്റെ മുറിയിലേക്കു മടങ്ങി. സഹോദരനപകരം കയ്പും, മധുരവും ഇടകലന്ന ആ സ്മരണകളായിരുന്നു എനിക്കുകൂട്ടിനുണ്ടായിരുന്നതു്.

* ടി. പി രാമകൃഷ്ണപിള്ള

# നിത്യനവോഢ

പുറയന്നൂർ ചിത്രഭാനു നമ്പൂതിരിപ്പാട്

(ഒരു വാസ്തവസംഭവത്തെ ആസ്പദമാക്കി എഴുതിയത്)

ഒന്ന്

(കാകളി)

ആത്തകുതൂഹലം വാനിന്റെ മാറിലാ
രാത്രിതൻ നേർത്തകരത്താൽ തലോടവെ,
ഇക്കിളിപൂണ്ടവൻ ഞെട്ടിപ്പിടകയാം-
ഷകളഹാരങ്ങളാകെത്തകർന്നുപോയ്.
ആ മണിമച്ചിലെ കോണിലായ് നില്ക്കുന്ന
കാമിനി താന്തൻ കവിൾത്തടമെന്തിനോ,
ചന്തത്തിൽ മിന്നിത്തിളങ്ങിയതന്നുള്ളു,
സിന്ദൂരശോഭയാമന്തിവന്നെന്നപോൽ.
നാണിച്ചു നാണിച്ചവൾ തന്റെ ജീവനാം
നാഥന്റെ നേർക്കൊന്നു നോക്കാൻ ശ്രമിക്കവെ,
ഉള്ളിൽത്തുളുമ്പുന്നൊരാനന്ദമൂർച്ഛയാ-
ല്പുള്ളിമാൻകണ്ണിയാൾ കണ്ണുപൂട്ടിക്കയായ്.
"കണ്ണടക്കൊല്ലേ മുഷിപ്പിച്ചിടല്ലെ ഹാ!
'കൺമണി'യെന്നു വിളിക്കിൽ... ഞാൻ..." ഇങ്ങനെ
സല്ലാപചിന്തയിലാമ്പവളോടയാം-
"ഓമലേ നീ നില്പതെന്തകലെ"ന്നവൻസ്വയം.
മെല്ലെയണഞ്ഞാല ഉത്ഫുല്ലപേലവ-
ക്കാലടികളും മെല്ലെ മെല്ലെ വച്ചങ്ങനെ,
ചേലുറ്റ ചേല ചുളിയാത്ത മട്ടിലാ
ലോലാംഗി നാഥന്റെ ചാരെയണഞ്ഞുതേ.
നഗ്നമാം മാറത്തു നൃത്തം നടത്തുമാ
സ്വർഗ്ഗഗംഭീരമാം ലാവണ്യലക്ഷ്മിയും,
താളത്തിനൊത്തു പല പല ജാതിയാം
മേളങ്ങൾ കൊട്ടുന്ന ശുദ്ധഹൃദയവും,
"എന്തിനിയാഹ്ലാദമെന്തുമാവോ" എന്ന
ചന്തവിടർത്തുന്ന പുഞ്ചിരിപ്പൂവുമായ്,
തെല്ലിടനേരമങ്ങനെയാഴ്, ചന്ദ്രനെ
വെല്ലുവിളിക്കുന്ന മട്ടിലണഞ്ഞുതേ.
മുഗ്ദ്ധതൻ കാതിലന്നേരമലസ്യയായ്,
വൃദ്ധന്റെയാ മർമ്മരവും ഞരക്കവും.
താനറിയാതെയണഞ്ഞിയാൾ, തന്നുടെ
താതനെക്കാളും വയസ്സുള്ള നാഥനെ,
താരുണ്യമോലും മുഖത്തിലർപ്പിക്കേണ്ട
താമരക്കണ്ണുകൾ കൊണ്ടൊന്നുഴന്നുപോയ്.
വെള്ളിപോലുള്ള തലമുടിയും, മതി-
നാളികേരാളിത്തു കിടക്കും കഷണ്ടിയും
ഒട്ടിപ്പിടിച്ച കവിളുമവളുടെ
ദൃഷ്ടിയിൽപ്പെട്ടു; പകച്ചുപോയ് പെൺകൊടി.
ഞെട്ടിപ്പിടഞ്ഞുപോയാമൃദുമാനസം;
പൊട്ടിപ്പിളർന്നുപോയച്ചാരു ഹൃത്തടം!
കഷ്ടം, ചതച്ചു ചതച്ചു പോയോമലേ,
ദുഷ്ടസമുദായ ചട്ടങ്ങൾ നിന്നെയും,
വൃന്ദാവനത്തിലെ രാധയായ്ത്തീരുവാൻ
സുന്ദരി, നീയും കൊതിച്ചുവെന്നാകിലോ,
കൃഷ്ണനെ കാത്തു, കാത്തങ്ങുനിൻ
ഇഷ്ടഹൃദയം തുടിച്ചുപോയെങ്കിലോ,
എല്ലാം വിഫലമായ്, എല്ലാം വ്യർത്ഥമായ്,
എല്ലാം വിഷമയമായ്യെൻ ശകുന്തളേ.
കാമുകനാണെന്ന പോലെത്തീട്ടു നിൻ മുന്നിൽ
കാണിക്കവെച്ചോരി മാണിക്യകിരീടമോ,
കാലന്റെയാലയം പൂകുവാൻ തന്നുടെ
കാൽകളും നീട്ടിക്കൊണ്ടിരിക്കുന്നൊരുത്തനാം.
ആളുകളിക്രൂരമേളനമവളെ
വേളിയെന്നോതി വിളിപ്പു സന്തുഷ്ടരായ്.
അന്തർജ്ജനങ്ങളേ, നിങ്ങളിച്ചാരിത്ര്യ-
സന്തത മാഴ്കണമന്നേരമല്ലോ.
എന്ത, നമിക്കുന്നതല്ല വ്യഭിചാര-
മെങ്കിലതെന്തെന്നു ചിന്തിച്ചു നോക്കുവിൻ
കന്യക 'കാന്ത'ന്റെ വൃദ്ധമുഖത്തേയ്ക്കു
കണ്ണിമക്കാതെ താൻ നോക്കിയിരിക്കയായ്.
"ഒട്ടുമടക്കമില്ലാത്തൊരു പെണ്ണിവൾ"
പൊട്ടനാം നമ്പൂരി ചിന്തിച്ചിരിക്കണം.

എന്നാലവളുടെ ഹൃത്തടം വന്നിടി-
ഞ്ഞന്നേരമപ്പോഴേ നലച്ചു തന്തുദം
അയ്യോ! തടിയ നേത്രങ്ങളിൽനിന്നവൻ
പെയ്യുകയായി ചുടു ബാഷ്പമാരിയും.

രണ്ട്

(മഞ്ജരി)

കാമുകനിന്നു മയങ്ങുന്ന മണിമച്ചിൽ
കാമാർത്തനായിപ്പതിവുപോലെ.
എത്രയോ പത്നിമാരുണ്ടയാൾക്കെങ്കിലും,
പുത്രനാം പുഷ്പത്തിനല്ലേ മോഹം?
അങ്ങൊരു മൂലയിലിരിക്കുന്നതുണ്ടൊരു
മഞ്ചിമയങ്ങും നിലവിളക്കും,
അമ്മനുഷ്യന്റെയജ്ഞീവിതാന്തത്തിനെ
തന്മയത്വം കാട്ടിക്കൊണ്ടപോലെ
ഏതോ വിഷാദകളുൾക്കൊണ്ടാലയാം
പാരമതിനെയും നീട്ടി മുമ്പിൽ,
ചുക്കിച്ചുളിഞ്ഞ വയറിന്റെ താഴത്തായ്
ചുറ്റിയതിത്തുമുണ്ടൊന്നുകൊണ്ട്,
മാറത്ത, അമ്മണി കെട്ട വരിയുന്ന
മാറ,ത്തനെ നല്ലമട്ടിൽകെട്ടി
മെല്ലയിരുന്നു വൃദ്ധനവൻ തന്നുടെ
നല്ലപൊൻചെല്ലം തുറന്നുവെച്ച്
"പാപ്പിയെന്തിത്രയായിട്ടും വരാത്തതെ"
ന്നാഭ്രമപ്പെട്ടു മന്ത്രിച്ചുപോയി.
പാതിരയായിട്ടും പാപ്പിയെക്കാണാഞ്ഞ, —
പ്പാതിയും പ്രേതമായ്ത്തീർന്നസത്വം,
ആദ്യത്തെവേളിയെ ചോദ്യംചെയ്തഞ്ചിച്ചോ
രുത്തരമിത്തരമായിരുന്നു:
"ഊണു കഴിയെ 'അളത്തിലേക്കെ'ന്ന ഞാൻ
പോണു'വെന്നോതിപ്പുറത്തുപോയോൾ
നേരമിന്ത്രയായിട്ടും വരാത്തതിൻ
കാരണമെന്തെന്നറിഞ്ഞതില്ല."
"പാറ്റിച്ചോ പാപ്പിയു,മിന്നത്തെപ്പെണ്ണുങ്ങളാം
ചെറ്റകളെന്തെല്ലാം ചെയ്യില്ലാവോ."
വാസ്തവം, വാസ്തവം നമ്പൂരി, ലോകത്തിൽ
സത്യമിതൊന്നേ നീ ചൊല്ലിയുള്ളൂ;
തന്തകളാം നിങ്ങൾ തോന്ന്യാസം കാട്ടുകി-
ലെന്തിനും പോന്നവരന്തർജ്ജനം.
മംഗലമാല്യം ധരിക്കുവാൻ മാത്രമാ
യംഗന മേലിലടിമയല്ല.
വൃദ്ധന്റെകോപം സപത്നി തൻ നേർക്കായു
വല്ലാതൊഴുകുകയായിതേവം
"നീയറിയാതെയാണിന്നവൾ പോയെന്നോ
നായയോ ഞാനതു വിശ്വസിക്കാൻ?
മൂധേവി, നേരുപറഞ്ഞോ?, ഇതിന്നുടെ
മാധുര്യമൊട്ടുമറിയേണ്ടെങ്കിൽ."
കയ്യിൽ നിലവിളക്കിൻകാലു കാൺകയാൽ
തയ്യലാളൊന്നു നടുങ്ങിപ്പോയി.
"ഞാനറിയില്ലൊന്നും,മീശ്വരാ"യെന്നോതി
യന്നീലത്തായവൾ വീണരുണ്ടു.
പക്ഷെ,യക്രൂരന്റെ കൈകളവളുടെ
വക്ഷസ്സിൽ വീണുകഴഞ്ഞിരുന്നു.
"ഇത്തറവാടിന്റെ മാനം കളയുവാൻ
മാത്രമായ് വന്നു പിറന്ന കൂട്ടർ"
പാപ്പിയൊന്നല്ലിനി നൂറുവേണെങ്കിലും
മൂപ്പുകൾക്കിട്ടാർ പ്രയാസമെന്തേ
ആണുങ്ങളാം, ഉള്ളി, യുണ്ണി, മൂരിമാർ,
ഊണുമുറക്കവുമായ കഴഞ്ഞാൽ!
ആയതിലല്ലയാൾക്കിത്രയും ഖേദം;
പോയില്ലേ മാനമിപ്പെണ്ണുമൂലം.
'എങ്ങുപോ,യെങ്ങുപോയ്', പെങ്ങന്മാരേനിങ്ങളാം
ഇങ്ങുനടപ്പതു കാണുന്നില്ലേ?
ഇക്കട്ടകയ്യിനെ ചോദ്യം ചെയ്തിടുവാൻ
തക്കകരുത്തില്ലനിങ്ങൾക്കെന്നോ?"
എന്നായിരിക്കുമസ്സല്ലാപ യാമം വല്ലതും
ചൊല്ലുകിൽച്ചെല്ലുകയെന്നതീച്ച്

മൂന്ന്

(പാന)

"പാപ്പിയിന്നൊരു ഫാന്റിമയായെങ്കിൽ,
മാപ്പുനൽകണേയെന്നന്തർജ്ജനിമാർ"
"ക്രൂരമാമീ സമുദായനിർമ്മിത
കാരിരുമ്പഴിക്കുള്ളി,ലിരുളിൽ ഞാൻ,
എത്രയോ കാലം പോക്കിയതിൻഫലം
നീറിടുമെൻഹൃദയം പറയട്ടെ."
"ഉണ്ണിയുണ്ടാവാൻ നേർച്ച നടത്തിയോർ,
പെണ്ണാണെന്നു പ്രസവിച്ചനേരത്തു
ആർത്തരല്ലന്നമാത്രമാം കണ്ണുനീർ
വാർത്തതെത്രയെന്നോതാൻ പ്രയാസമേ."
"ഇത്തരം ഞാനിപ്പുരയിലെ പെൺകുഞ്ഞിക്കായൽ
കണ്ടു വെച്ചതാം കണ്ണുനീർക്കണങ്ങൾത്താൻ.
സതാരമതിൽനിന്നു കരേറുവാൻ
ഒത്തതില്ലെനിക്കിത്രയും കാലമായ്."
"കിട്ടാൻ നല്ല കസവുള്ള വേഷ്ടിയു-
മിട്ടു ചാലെ നടക്കുന്നനേരത്തു
'കട്ടിപ്പാവു'ധരിക്കണം ഞാനോ, പെൺ-
കുട്ടിയായിങ്ങു ജനിച്ചതുകാരണം"
"കുട്ടനൊന്നു കരഞ്ഞാൽമതി,യെന്തും
കിട്ടുവാൻ; ഞാനിരന്നാൽ ലഭിപ്പതോ
ചുട്ടനാലുചിടയായിരിക്കു;മാ-
ക്കിഷ്ടമുണ്ടാകുമപ്പെൺകിടാങ്ങളിൽ!"
"ആ 'മഹൻമൂസ്സി'നെന്തുവേണെങ്കിലു-
മാവാ;മെന്നാലസ്വാദ്ധ്വവം പെണ്ണിനോ,
മണ്ടരു,തൊന്നുമാങ്ങരു,തൊല്ലൊഴു-
മുണ്ടവളെയനാചാരഹസ്തങ്ങൾ."
"നാരിജീവിതം, ഹാ, നരകീയമെ-
ന്നാരറിഞ്ഞതിപ്പാരിൽപ്പുറമേയോ!"
"കുട്ടിക്കാലമൊരുമട്ടിലീവിധം,
തട്ടിനീക്കി കഴിഞ്ഞതപ്പോഴേയ്ക്കുതാ,
താരുണ്യ — മൊമനാരിതൻജീവ ത-
ല്പോരിലേക്കൊപ്പെരുതേണ്ടകാലം—
താരോളിചിന്നയെന്നെ,ക്കളിപ്പിച്ചു,
ചാരുവാവന്നു കെട്ടിപ്പുണർന്നിതേ"
"ആശകൾ പൂത്തു പുഞ്ചിരി തൂകുമെൻ
പേശലഹൃത്തു പൊൻകിനാവുകൾ
രാപ്പകൽ കണ്ടു; പന്നീടവയൊക്കെ,
ബാഷ്പസാഗരത്തിങ്കലലിഞ്ഞുപോയ"
"വല്ലപത്തിനെ വേളികഴിച്ചൊരു
വിശ്വമോഹനനേതോ ചേരുന്നോരു,
മത്സരമാം സാപത്ന്യം ഒടുക്കൊല്ലുവാൻ,
മത്സഹോദരിമാരേ, കൊതിച്ചുഞാൻ.
എങ്കിലെന്റെ കരത്തിൽ കിട്ടുന്നതോ,
തങ്കമല്ലതരീക്കനലാണയ്യോ!"
"അന്നരാത്രി ഹാ! —ചിന്തിക്കുംനേരമേ
ചെന്നിണം ചുരക്കുന്നിതെൻഹൃത്തടം.
വെള്ളിയാൽത്തീർത്ത കോപ്പയമുവ്യിൽ
വെണ്ണിലാവു വഴിഞ്ഞൊഴുകിടവേ,
രാത്രിയോരാം മദാലസയായ്ത്തന്റെ
നേത്രമെല്ലാമടയ്ക്കേച്ചീടവേ,
ചിന്തകൾ ചുരത്തീടുന്ന സന്തോഷ-
മേന്തുമെന്നെയുമേച്ചു ലടച്ചിട്ടു",
ക്രൂരനാകും നരിക്കരനാൽകാംപോൽ,
പാരമെൻ സഖിമാരകന്നുപോയ്......
അയ്യോ! വീണ്ടുമാരംഗം വിവരിക്കാൻ
വയ്യെനിക്കിനി, തീരെയശക്തയാൻ"
"ഒന്നുകിൽ ഞാനഗ്നിലവേദിയുടെ
പിന്നിലൂടെഗ്ഗമിക്കണ,മല്ലെങ്കിൽ,
'കൊച്ചുസീ.'യെപ്പോലെ മരണവും,
സേച്ഛയാലെ വരിക്കണമന്നായി.
രണ്ടുമേ ഞാൻ മുതിർന്നില്ല, കാരണ?
മുണ്ടെനിക്കും സുഖിക്കുവാനാഗ്രഹം."
"സാമുദായികശൃംഖലപൊട്ടിച്ചു
സ്വാതന്ത്ര്യത്തോടെ ജീവിതം പോക്കുവാൻ,
മാറാത്ത മതം കൈക്കൊണ്ടതാണെന്റെ
കുറ്റമെങ്കിൽപ്പൊറുക്ക നീ ലോകമേ"
"ഇക്കെട്ടുനീറ്റക്കൂട്ടിൽ നാമീവിധ-
മക്കൈനെഞ്ഞടിക്കാനൊരുവാഴേണ്ടാ,
ദുരാകതൻ കളിക്കാവും, തെന്നലിൻ
താലോലിക്കലുമല്ലാത്ത മോഹനം,
വേണ്ടയെങ്കിലെൻ സോദരിമാർകളേ,
ഇരുളിൽക്കഴിയുന്ന സഖികളേ,
നാരിമാർ നമ്മളാണുങ്ങളാകുന്നു,
നേരമൊട്ടും വൃഥാ കളഞ്ഞിടാലാ.
നിങ്ങളാംതാൻ കാക്കുന്ന താരംസംഭവ-
മിങ്ങിനീമലിലില്ലാതിക്കുവാൻ."


## പനിനീർപുഖണ്ഡം



പ്രൊപ്രൈറ്റർ,
വി. [illegible]
വൈദ്യർ,
വൈദ്യകലാനിധി

പരിമളം ഉതിരുന്ന പനിനീർപൂവും, പലതരം പഴവർഗ്ഗങ്ങളുടെ രസവും, വീര്യവത്തുക്കളായ നാനാവിധമൂലികകളുടെ ഔഷധവീര്യവും സംഗ്രഹിച്ചു സൃഷ്ടിച്ചിട്ടുള്ളതാണ്, ഞങ്ങളുടെ പനിനീർപുഖണ്ഡം. അസ്ഥിസ്രാവത്തിനും തജ്ജന്യമായ വയറുകടി, തലചുറ്റൽ, തളർച്ച, ശോഷം, വിളർച്ച, അരുചി മുതലായവയെല്ലാം ഒരു റാത്തൽ ലേഹ്യം സേവിച്ചാൽ ആജീവനാന്തം സുഖം അരുളുന്നു. ഒട്ടിയ കവിൾത്തടവും, കുഴിഞ്ഞുതാഴ്ന്ന കണ്ണുകളും, വിളറി വിരൂപമായ മുഖവും ആയി ചാവുകരുന്ന്, സൌന്ദര്യം നശിച്ചു നിരാശപ്പെടുന്ന സഹോദരിമാർ, ഈ ഔഷധസേവയാൽ കൊഴുത്തുരുണ്ട മനോജ്ഞഗാത്രികമാരായി രൂപാന്തരപ്പെടുന്നു. ഈ ഔഷധത്തിന്റെ സമാഹാരബന്ധം സ്ത്രീപുരുഷന്മാർക്ക് ഒരുപോലെ ആശ്വാസപ്രദമാണ്. ഉഷ്ണസംബന്ധമായ എല്ലാ രോഗങ്ങൾക്കും വിശേഷം! റാത്തൽ 1-ന് 5 ക. മാത്രം.

സ്വതന്ത്രഫാർമസി, ചാലക്കുടി (കൊച്ചിൻ സ്റ്റേറ്റ്)

ബ്രാഞ്ചുകൾ:— 1. ആലപ്പുഴ, 2. കൊടകര


### യുദ്ധാനന്തരയൂറോപ്പിലെ കല


(6-ാം പേജിൽനിന്നും തുടർച്ച)

ഇന്നത്തെ ഇരുളിൽ പ്രകാശം ചൊരിയുകയും ദണ്ഡനത്തലും യാതനയിലുംനിന്നു പുനരുദ്ധാരണത്തിലേക്കും നിർവ്വഹണത്തിലേക്കും ഉള്ള മാർഗ്ഗം കാണിക്കയും ചെയ്യേണ്ടിവരും. എന്നാൽ യഥാർത്ഥവിധാനസൂക്ഷ്മതയോടും പറയാവുന്നതായി ഒന്നുമില്ല. ഏതൊന്നിന്റെ അഭാവത്തിൽ സാഹിത്യപരമോ കലാപരമോ ആയ യാതൊരു സൃഷ്ടിയും സാദ്ധ്യമല്ലയോ, ആ ഗുണവിശേഷം മനുഷ്യന്റെ അന്തസ്സിനെക്കുറിച്ചുള്ള ബോധവും ഔചിത്യവും പാശ്ചാത്യലോകത്തു ഇപ്പോഴും അവശേഷിക്കുന്നുണ്ടോ എന്നു ഭാവിതന്നെ വെളിപ്പെടുത്തേണ്ടിയിരിക്കുന്നു.

(കാപ്പിരൈറ്റ്, നാഷണൽപ്രസ്സ്സി



യു. എസ്സ്. ഭടന്മാർ ഇറ്റലിയിൽ മുൻപോട്ടേക്കു കയറുന്നു. ശത്രുവിൻെറ പീരങ്കിപ്രയോഗം ഒഴിവാക്കാൻ ഒരു കരയിൽ ഇഴഞ്ഞുകൊണ്ടു യു എസ. 92-ാംസേനയിലെ ഒരു സംഘം നീഗ്രോ ഭടന്മാർ ഇറ്റലിയിലെ ഗോതിക്ക്നിരയ്ക്കു സമീപമുള്ള ജർമ്മൻ യന്ത്രത്തോക്കുനിരയിലേക്കു റൈഫിൾ ഷെല്ലും വാണക്കല്ലുകളും പ്രയോഗിക്കുന്നതാണു ചിത്രം.



പാരീസ്സിൽ ത്രിവർണ്ണപതാക പറക്കുന്നു കുറിപ്പ്. 1944 ആഗസ്റ്റ് 25-ാം തീയതി തങ്ങളുടെ വിമോചനത്തിനു സഹായിച്ച യോധാക്കൾക്കു കൃതജ്ഞത നൽകുവാൻ പാരിസ്നിവാസികൾ സഖ്യസമരവാഹനങ്ങൾക്കു മിതെ കയറുമ്പോൾ സ്വാതന്ത്ര്യത്തിൻെറ ചിഹ്നമായ ആർക്ക് ഡി ട്രയംഫ് മന്ദിരത്തിൽ വലിയ ഒരു ഫ്രഞ്ചുപതാക പറക്കുന്നതാണു ചിത്രം

## വിഷയവിവരം


പേജ്
1 കമ്പിവാർത്തകൾ.
2 സ്കൂളുകളിൽവരുന്ന സനാതനമാർ (വക്കം ഷാഹുൽഹമീദ്)
3 സോവിയറ്റുസാഹിത്യം (കെ. പി. ജി. നമ്പൂതിരി)
4 അന്തരീക്ഷം ഗ്രന്ഥനിരൂപണം (സ. ജ. മാധവൻപിള്ള)
6 യുദ്ധാനന്തരയൂറോപ്പിലെ കല (ഡ അലക്സ് ആൻഡേഴ്സൻ)
7 പെരുമ്പടപ്പ് ... ഫലം (സി. കെ. മൂസ്സത്)
8 സമരസേവനപ്രദർശനം
9 സ്മരണകൾ (കൃഷ്ണം പതിസിംഹ്)
10 നർത്തകൻ (വേണാട്ടു കെ. കരുണാകരൻ)
11 നിത്യനവോഢ (കവിത)
12 കമ്പിവാർത്തകൾ


## തക്കതായ പ്രതിഫലം

ഈമാസം 19-ാംനു- രാവിലെ പത്തുമണിക്കു സ്കൂളലേയ്ക്കായി പുറപ്പെട്ട മൈററസ് എന്ന 12 വയസ്സു വരുന്ന എൻെറ അനന്തിരവനെ കാണാതായിരിക്കുന്നു. ഏകദേശം 4 അടി പൊക്കം വരുന്നതും, മനിറവും നെററിയിൽ ഇടതുഭാഗത്തായി ഒരു ചുഴിയുള്ളതും ആണു പ്രധാന അടയാളങ്ങൾ. ഒരു നിക്കറും ഷർട്ടും മാത്രമേ ധരിച്ചിട്ടുള്ളു. കണ്ടുകിട്ടുന്നവരോ അറിവിൽപ്പെട്ടന്നവരോ താഴെക്കാണുന്ന മേൽവിലാസത്തിൽ അറിയിച്ചുതന്നാൽ അവർക്ക് തക്കതായ സമ്മാനം കൊടുക്കുന്നതാണ്.

പത്രോസ് അലെക്സ്
കുഴുമണ്ടഴികംവീട്ട്, പുതുപ്പള്ളി
കൊട്ടയം A. O.



യു. എസ്സ് സൈന്യസ്റ്റാഫ് മേധാവിയായ ജനറൽ ജാർജ്ജ് സി. മാർഷൽ (വലതുവശം) ക്യൂബെക്കിൽവെച്ചു ബ്രിട്ടീഷ് രാജകീയവിമാനസേനയുടെ മേധാവിയായ എയർ ചീഫ് മാർഷൽ സർ ചാർലസ് പോർട്ടലുമായി സംഭാഷണം നടത്തുന്ന വേളയിലെടുത്ത ചിത്രം

S. M. P. പാലസ്സിൽ
ജാഗീർദാർ, നവീൻയാഗ്നിക്ക്,
പ്രേംഅദീപ്, നദീം ഷീല
ഇവർ അഭിനയിച്ച
ഡൈവോഴ്സ് Or
വിവാഹമോചനം

## റൂറിൻെറനേക്കു പുതിയ ആക്രമണം

ലണ്ടൻ, ഡി: 10-ജർ: ഹാഡ്ജെസ്സിൻെറ ഒന്നാ സൈന്യം ഇന്നുകാലത്തു റൂറിൻെറനേക്ക് ഒരു സുദീർഘരംഗത്തു പുതിയ ആക്രമണമാരംഭിച്ചിരിക്കുന്നു


### ഹിമവർഷംനിമിത്തം

പാരിസ് ഡസം. 10 ജൂലിക്കിൻെറ സമീപത്തുള്ള തങ്ങളുടെ പാലമുഖത്തു പിടിച്ചുനിൽക്കുവാൻ ജർമ്മൻകാർ കഠിനശ്രമം നടത്തിവന്നു. എന്നാൽ ഈ പ്രദേശത്തെ അവരുടെ ഒടുവലത്തെ രണ്ടു ആക്രമണവും പരാജിതമാക്കപ്പെട്ടു. 9-ാംസേനാരംഗത്തു പ്രവർത്തനങ്ങൾ വമ്പിച്ച ഹിമവർഷത്താൽ ഇപ്പോഴും തടയപ്പെട്ടുകൊണ്ടിരിക്കുന്നു. (റായിട്ടർ)

—o—

## തിരിച്ചുപിടിച്ചു

ചുങ്കിംഗ്, ഡി 10 തെക്കുപടിഞ്ഞാറെചൈനയിൽ ജപ്പാൻകാരെ വീണ്ടു പുറകോട്ടു പായിച്ചു ചൈനീസുസേന ഇന്നലെ തങ്ങളുടെ പ്രത്യാക്രമണം തുടർന്നു കഴിയുച്ചു റെയിൽ വേടവൺ വീണ്ടും പിടിച്ചിരിക്കുന്നു. ഇതു ക്വാങ്സി അതിർത്തിയിലുള്ള പട്ടണത്തിൽനിന്നു 12 മൈൽ ദൂരത്താണ്. (റായിട്ടർ)

അലക്കുവാൻ
അതിവിശേഷം.
വിലവളരെ സഹായം

ഗുസ്തിമാർക്ക്
നീലംസോപ്പ് ഉപയോഗിപ്പിൻ
ദി ഇമ്പീരിയൽ സോപ്പ് ഫാക്ടറി
കൊല്ലം


Printed and published by N. Chandrasekharan Nair at the Sri Rama Vilas Press, Quilon